
19

സീറോമലബാർ സഭയുടെ കുർബാനക്രമം



Free Distribution
DVK Central Library
Bangalore - 560 029

(Rights reserved to the Liturgical Committee)

സീറോമലബാർ ലിറ്റർജിക്കൽ കമ്മിറ്റി

Printed at the
K. C. M. Press
Cochin-682011
1974.

REIMPRIMATUR

† Joseph Cardinal Parecattil
Archbishop of Ernakulam

† Antony Padiyara
Archbishop of Changanachery

† Sebastian Vayalil
Bishop of Palai

† Sebastian Valloppilly
Bishop of Tellicherry

† Mathew Pothanamuzhi
Bishop of Kothamangalam

† Kuriakose Kunnacherry
Bishop of Kottayam

† Joseph Kundukulam
Bishop of Trichur

† James Thoomkuzhy
Bishop of Mananthavady

† Joseph Irimpan
Bishop of Palghat

Aug. 14, 1974.

കുർബാനക്രമം സംബന്ധിച്ച പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. ഞായറാഴ്ചകളിലും മറ്റു് അസാധാരണാവസരങ്ങളിലും ജനങ്ങളം സംബന്ധിക്കുന്ന കുർബാനയിൽ ധൂപകലശം ഉപയോഗിക്കുന്നതു നന്നായിരിക്കും. ഉപയോഗിക്കുന്നെങ്കിൽ 5, 9, 25 എന്നീ പേജുകളിൽ കൊടുത്തിരിക്കുന്ന ധൂപിക്കൽമാത്രം മതി.

2. ഓരോ പ്രാർത്ഥനയുടെ സമയത്തും കൈകളം എങ്ങനെ പിടിക്കണമെന്നു് അതതു സ്ഥാനത്തു നിർദ്ദേശിച്ചിട്ടുണ്ടു്. പ്രത്യേകം നിർദ്ദേശങ്ങളൊന്നുമില്ലാത്തപ്പോളം കൈകളം കൂപ്പിപ്പിടിക്കുകയോ ബലിപീഠത്തിന്മേൽ വയ്ക്കുകയോ ചെയ്യാം.

3. 'കൈകളം വിരിച്ചു പിടിക്കുക' എന്നു കാണുമ്പോഴൊക്കെ കൈകളം ഇരുവശങ്ങളിലേക്കും നീട്ടി ഉള്ളംകൈകളം മുകളിലേക്കു തുറന്നു പിടിക്കേണ്ടതാണു്.

4. കാർമ്മികൻ തന്റെമേൽ കുരിശുവരയ്ക്കുമ്പോളം വലത്തുകൈ ആദ്യം നെറ്റിയിലും അതിനുശേഷം നെഞ്ചിന്മേലും വയ്ക്കുകയും പിന്നീടു് ഇടത്തെ ഉരത്തിലേക്കും അവിടെനിന്നു വലത്തെ ഉരത്തിലേക്കും കൊണ്ടുവരികയും ചെയ്യുന്നു.

5. കുർബാനയുടെ ആദ്യഭാഗം (Liturgy of the word) ജനങ്ങളംക്കഭിമുഖമായിനിന്നു ചൊല്ലുവുന്നതാണു്.

6. സാധാരണാവസരങ്ങളിൽ കുർബാനയുടെ ആദ്യഭാഗം മദ്ബഹായുടെ മദ്ധ്യത്തിലോ മദ്ബഹായിൽത്തന്നെ അഴിക്കാലിന്റെ സമീപത്തോ നിന്നു ചൊല്ലേണ്ടതാണു്. അവിടെ അതിനായി ഒരു മേശ ഉപയോഗിക്കുന്നതു നന്നായിരിക്കും. ഈ മേശമേൽ സുവിശേഷപ്പുസ്തകവും സൗകര്യമെങ്കിൽ കുരിശും രണ്ടു തിരികളും ഉണ്ടായിരിക്കണം.

7. അസാധാരണ സന്ദർഭങ്ങളിൽ കുർബാനയുടെ ആദ്യഭാഗം പള്ളിയകത്തു ജനങ്ങളുടെ മധ്യത്തിൽനിന്നു ചൊല്ലുന്നതു് ഉചിതമായിരിക്കും.

8. സഹായിയോ ജനങ്ങളോ പ്രാർത്ഥനയൊന്നും ചൊല്ലാത്ത സമയത്തു പുരോഹിതൻ പ്രാർത്ഥിക്കുന്നതു് ഉയർന്സ്വരത്തിലായിരിക്കണം.

9. സമൂഹം ചൊല്ലുന്ന പ്രാർത്ഥനകളം അവസാനിച്ചതിനുശേഷംമാത്രം 29-ാം പേജിലെ 'കർത്താവേ എളിയവരും ബലഹീനരും' എന്നാരംഭിക്കുന്ന പ്രാർത്ഥനയും 34-ാം പേജിലെ 'കർത്താവായ ദൈവമേ, നിന്റെ പ്രിയപുത്രൻ' എന്നാരംഭിക്കുന്ന പ്രാർത്ഥനയും പുരോഹിതൻ തുടങ്ങുന്നു.

10. സൗകര്യമുള്ളപ്പോഴും ഇരുസാദൃശ്യങ്ങളിലും ദിവ്യകാരുണ്യം നല്കുന്നതു് അഭിലഷണീയമാണു്. ഇരുസാദൃശ്യങ്ങളിലും നല്കുന്നെങ്കിൽ, തിരുശ്ശരീരം സ്വീകരിക്കുന്നതിനു മുൻപുള്ള പ്രാർത്ഥന കഴിഞ്ഞാലുടനെ 'സ്വർഗ്ഗീയമണവാളാ', എന്നു തുടങ്ങുന്ന പ്രാർത്ഥനയും ചൊല്ലുന്നു. അനന്തരം പുരോഹിതൻ തിരുവോസ്തി ഉപയോഗിക്കുന്നു. ജനങ്ങൾക്കു ദിവ്യകാരുണ്യം നല്കിയതിനുശേഷം ബാക്കി തിരുരക്തം സ്വീകരിക്കുന്നു.

അപ്പത്തിന്റെ സാദൃശ്യത്തിൽമാത്രമേ നല്കുന്നുള്ളുവെങ്കിൽ— 40-ാം പേജിൽ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ചു് തിരുരക്തത്തിൽ മുക്കിയ തിരുവോസ്തിയുടെഭാഗംകൊണ്ടു പീലാസയിലുള്ള ഭാഗത്തിനുമേൽ വരച്ചതിനുശേഷം അതുകൊണ്ടുതന്നെ, അതേ കുർബാനയിൽ കൂദാശചെയ്യപ്പെട്ട ചെറിയ തിരുവോസ്തികളിന്മേലും ഒന്നാകെ വരയ്ക്കുന്നു. സക്രാരിക്കുള്ളിലേ തിരുവോസ്തികളും പുറത്തെടുത്തു് ഇപ്രകാരം വരയ്ക്കേണ്ടതില്ല.

11. ദൈവാലയം പടിഞ്ഞാറോട്ടു ദർശനമായി പണികഴിപ്പിച്ചിട്ടുള്ളതാണു് എന്ന സങ്കല്പത്തിലാണു് മദ്ബഹായുടെ അല്ലെങ്കിൽ ബലിപീഠത്തിന്റെ വടക്കുവശം തെക്കുവശം എന്നാക്കെ പറഞ്ഞിരിക്കുന്നതു്. മറേതെങ്കിലും ദിക്കിലേക്കാണു ദർശനമെങ്കിൽത്തന്നെയും വലത്തുവശം വടക്കുവശമായും ഇടത്തുവശം തെക്കുവശമായും പരിഗണിക്കണം.

12. കൂദാശാവചനങ്ങളും മലയാളത്തിലോ സുറിയാനിയിലോ ചൊല്ലാവുന്നതാണു്.

13. ഈ തക്സായിൽ ചെറിയ അക്ഷരത്തിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനകളും ഉപേക്ഷിക്കാവുന്നതാണു്.

സമൂഹബലി

1. സമൂഹത്തിനേറ്റായി തക്സായിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളും ഉത്തരങ്ങളും ജനങ്ങളുംതന്നെ ചൊല്ലുകയാണു് ഉത്തമം. ജനങ്ങൾക്കു് ചൊല്ലാൻ സാധ്യമല്ലാത്തപ്പോഴും സഹകാർമ്മികന്മാർ ചൊല്ലുന്നു.

2. ജനങ്ങളേയും ബലിവസ്തുക്കളേയും ആശീർവ്വദിക്കുക, കൈകഴുകുയ്പിടിക്കുക, വിരിച്ചുപിടിക്കുക, ജനങ്ങളുടെനേരെ കൈനീട്ടിപ്പിടിക്കുക, ജനങ്ങളോടു പ്രാർത്ഥന യാചിക്കുക, നെറ്റിയിലും ബലിപീഠത്തിലും കുരിശടയാളം വരയ്ക്കുക എന്നിവ പ്രധാനകാർമ്മികൻ മാത്രം ചെയ്യുന്നു. എന്നാൽ, കുനിഞ്ഞുനിൽക്കുക, ആചാരംചെയ്യുക, മുട്ടുകുത്തുക എന്നിവ എല്ലാവരും ചെയ്യേണ്ടതാണു്. 24-ാം പേജിലെ ശ്രാമ്മായ്ക്കും

അവസാനത്തെ ഏത്താമ്മാസ്സും എല്ലാവരും ജനങ്ങളുടെനേരെ തിരിയുന്നു. ക്ഷദാശാവചനങ്ങളും ചൊല്ലുമ്പോളും എല്ലാവരും ബലിവസ്തുക്കളുടെ നേരെ വലതുകരം നീട്ടുന്നു.

3. ലേഖനവായനയുടെ സമയത്തു് സൗകര്യമെങ്കിൽ കാമ്മികന്മാർ എല്ലാവരും ഇരിക്കുന്നു.

4. അപ്പവും വീഞ്ഞും തയ്യാറാക്കുന്ന വൈദികർതന്നെ അവ ബലിപീഠത്തിന്റെ മധ്യത്തിലേക്കു കൊണ്ടുവന്നു പ്രധാനകാമ്മികന്റെ കൈകളിൽ കൊടുക്കുന്നു. അപ്പം കൊണ്ടുവരുന്ന വൈദികൻമാത്രം കൈകളും കഴുകിയാൽ മതി. ഓനീസാദ്റാസെ ആരംഭിക്കേണ്ടതും അദ്ദേഹംതന്നെയാണു്.

5. പ്രധാനകാമ്മികൻ മാത്രം ചൊല്ലേണ്ട പ്രാർത്ഥനകളും:—

1. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും... (തക്സാ പേ. 1)
2. സങ്കീർത്തനത്തിനു മുമ്പുള്ള പ്രാർത്ഥന (പേ. 3)
3. ധൂപം വെഞ്ചരിക്കുമ്പോഴുള്ള പ്രാർത്ഥന (പേ. 5, 9, 25)
4. സുവിശേഷവായനയ്ക്കു മുൻപുള്ള പ്രാർത്ഥനകൾ (പേ. 9, 10)
5. നിങ്ങൾക്കു സമാധാനം (പേ. 10, 24, 46)
6. കാറോസൂസാ കഴിഞ്ഞുള്ള പ്രാർത്ഥന (പേ. 12)
7. കർത്താവേ ശക്തനായ ദൈവമേ... (പേ. 13)
8. വിശ്വാസപ്രമാണത്തിന്റെ മുഖവുര (പേ. 14 or 15)
9. കർത്താവേ ബലവാനായ ദൈവമേ... (പേജ് 25)
10. ഉയർന്ന സ്വരത്തിൽ ഇടവിടാതെ... (,, 27)
11. ദൈവമേ അങ്ങു പരിശുദ്ധനാകുന്നു... (,, 27)
12. കർത്താവേ ശക്തനായ ദൈവമേ... (,, 33)
13. ഞങ്ങളുടെ കർത്താവായ ദൈവമേ... (,, 38)
14. അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു്... (,, 40)
15. ഞങ്ങളുടെ കർത്താവീശോമിശിഹായേ... (,, 42)
16. ഞങ്ങളുടെ കർത്താവായ ദൈവമേ... (,, 45)
17. നമ്മെ ജീവിപ്പിക്കുന്ന... (,, 47)
18. ഏത്താമ്മ (,, 58)

6. താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും സഹകാമ്മികന്മാരിൽ ഓരോരുത്തർ മാറിമാറി ചൊല്ലുന്നു.

1. ഞങ്ങളുടെ കർത്താവായ ദൈവമേ... (പേജ് 6)
2. സകലത്തിന്റേയും നാഥാ... (,, 7)
3. വിശുദ്ധരിൽ സംപ്രീതനായി... (,, 8)

4. ഞങ്ങളുടെ കത്താവായ ദൈവമേ... (പേജ് 8)
5. എന്റെ സ്ഥിതി എത്ര ദുർഭഗം... (,, 28)
6. സ്വർഗ്ഗവാസികളുടെ ആനന്ദവും... (,, 36)
7. മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ... (,, 48)
8. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ... (,, 51)
9. സകലത്തേയും പവിത്രീകരിക്കുന്ന... (,, 52)

7. പുരോഹിതൻ ചൊല്ലേണ്ടതായി തക്സായിൽ കൊടുത്തിട്ടുള്ള മറ്റു പ്രാർത്ഥനകളും എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു.
8. സമൂഹബലിക്കു് അപ്പവും വീഞ്ഞും ബേസ്ഗസാകളിലാണു തയാറാക്കേണ്ടതു്.
9. വിശുദ്ധ കുർബാനസ്വീകരണം കഴിഞ്ഞുള്ള പ്രാർത്ഥനകളും തുടർന്നുള്ള ഗ്രത്താമ്മായും ചൊല്ലുമ്പോൾ കാർമ്മികന്മാർ ബലിപീഠത്തിൽനിന്നിറങ്ങി മദ്ബഹായുടെ മധ്യത്തിൽ നില്ക്കുന്നു.
10. പ്രധാന കാർമ്മികൻ ജനങ്ങളോടു പ്രാർത്ഥന യാചിക്കുമ്പോൾ (പേജ് 24, 28) 'എന്റെ' എന്നതിനുപകരം 'ഞങ്ങളുടെ' എന്നും 'എനിക്കു വേണ്ടി' എന്നതിനുപകരം 'ഞങ്ങൾക്കുവേണ്ടി' എന്നും പറയുന്നു. സമൂഹം പ്രത്യുത്തരിക്കുമ്പോൾ 'നിങ്ങളുടെ' 'നിങ്ങൾക്കുവേണ്ടി' എന്നു പറയേണ്ടതാണു്. 42-ാം പേജിലെ 'ഞങ്ങളുടെ കർത്താവീശോമിശിഹായേ' എന്നാരംഭിക്കുന്ന പ്രാർത്ഥനയിലും 'അയോഗ്യനായ എന്നെ' എന്നതിനുപകരം 'അയോഗ്യരായ ഞങ്ങളെ' എന്നു ചൊല്ലണം.

കാലവ്യത്യാസമനുസരിച്ചു മാറാമുള്ള ഭാഗങ്ങൾ. *(Propria)*

കാലവ്യത്യാസമനുസരിച്ചു കുർബാനയിൽ മാറാമുള്ള ഭാഗങ്ങൾ (Propria) ഈ തക്സായിൽ (പേജ് 66) ചേർത്തിട്ടുണ്ടു്. അവയിൽനിന്നു അവസരോചിതമായവ തിരഞ്ഞെടുത്തു ചൊല്ലുന്നതു് അഭിലഷണീയമായിരിക്കും. പ്രസ്തുത ഭാഗങ്ങൾ താഴെപ്പറയുന്നവയാണു്.

1. സങ്കീർത്തനം (തക്സാ 4—ാം പേജിലെ സങ്കീർത്തനത്തിനു പകരം)
2. കാറോസൂസാ (തക്സാ പേജ് 11 ലെ 'നമുക്കെല്ലാവർക്കും' എന്നതിനു പകരം)
3. കാറോസൂസായുടെ സമാപനപ്രാർത്ഥന. (തക്സാ 12—ാം പേജിലെ 'കർത്താവേ ബലവാനായ ദൈവമേ' എന്നതിനു പകരം)
4. ഓനീസാദ്റാസെ (തക്സാ പേജ് 20ലെ 'വരുവിൻ നമുക്കു കർത്താവിനെ വാഴ്ത്താം' എന്നതിനു പകരം)
5. ഓനീസാദ്വേമ്മാ (തക്സാ 46—ാം പേജിലെ 'സജീവനായ ദൈവത്തെ' എന്നു സഹായി ചൊല്ലിക്കഴിയുമ്പോൾ സമൂഹം ചൊല്ലേണ്ടതു്)
6. ഓനീസാദ്വാത്തേ (തക്സാ 47—ാം പേജിലെ 'സഹോദരരേ വിശ്വാസത്തോടെ' എന്നതിനു പകരം)

തിരുവസ്ത്രങ്ങൾ ധരിക്കുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥനകൾ

കൈകൾ കഴുകുമ്പോൾ:

എന്നിലുള്ള പാപഭാരം മുഴുവൻ എന്നേക്കുമായി മിശിഹാ നീക്കിക്കളയട്ടെ.

കൊത്തീനാ ധരിക്കുമ്പോൾ:

മിശിഹായുടെ കൃപയാൽ സത്യജ്ഞാനം വഴി നവീകരിക്കപ്പെട്ട പുതിയമനുഷ്യനെ നമ്മുടെ ദൈവമായ കർത്താവു് എന്നിൽ നിവേശിപ്പിക്കട്ടെ.

സൂനാറാ ധരിക്കുമ്പോൾ:

കർത്താവേ, നിൻെറ ദാസൻ പൂർണ്ണവിശുദ്ധിയോടുകൂടെ നിൻെറ ശുശ്രൂഷയിൽ എന്നും നിലനില്ക്കുവാൻ ശുദ്ധതയാകുന്ന കെട്ടുകൊണ്ടു് എന്നെ ബന്ധിക്കണമേ.

ഊറാറ ധരിക്കുമ്പോൾ:

ഞങ്ങളുടെ കർത്താവായ ദൈവമേ, നിൻെറ ഈ ദാസനെ പരിശുദ്ധിയുടെ പ്രഭയാൽ പ്രകാശിപ്പിക്കണമേ.

പൈനാ ധരിക്കുമ്പോൾ:

ഭൂമിയിൽ എൻെറ ജീവിതകാലം മുഴുവൻ നിർമ്മലതയോടും തീക്ഷ്ണതയോടും വിശുദ്ധിയോടുംകൂടെ തന്നെ പ്രീതിപ്പെടുത്തുവാൻ നമ്മുടെ കർത്താവായ ദൈവം നീതിയുടെ വസ്ത്രം എന്നേയ്ക്കും എന്നെ ധരിപ്പിക്കട്ടെ.

സീറോമലബാർസഭയുടെ
കുർബാനക്രമം

പുരോഹിതൻ കൈകളും കഴുകി കൊത്തീനാ, സൂനാറാ, ഊറാറ, സന്ദേ, പൈനാ എന്നീ തിരുവസ്ത്രങ്ങളും സഹായികളും കൊത്തീനായും സൂനാറായും ധരിക്കുന്നു.

എല്ലാവരും ക്രമമായി മദ്ബഹായുടെ മദ്ധ്യത്തിൽ വന്ന് ആചാരം ചെയ്യുന്നു. പുരോഹിതൻ തന്നെത്തന്നെ കുരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നു :

പിതാവിന്റേയും പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും നാമത്തിൽ

സമൂഹം : ആമ്മേൻ.

പുരോഹിതൻ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. [1]

സമൂഹം : ആമ്മേൻ.

പുരോ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും. [2]

സമൂഹം: ആമ്മേൻ.

പുരോ : **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ(സമൂഹം കൂടി)**
അങ്ങയുടെ നാമം പൂജിതമാകണമേ. [3]
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ.
അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ
ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ
ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ
എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

(ആഘോഷാവസരങ്ങളിൽ) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം. നിന്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ഉദ്ഘോഷിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം. നിന്റെ രാജ്യം വരണം. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലും ആകണം. ഞങ്ങൾക്കു് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാത്മാവിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമ്മേൻ.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേക്കും ആമ്മേൻ.

പുരോഹിതനും സമൂഹവുംകൂടി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം, നിന്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ഉദ്ഘോഷിക്കുന്നു.

സഹായി : പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോ : (ഞായറാഴ്ചകളിലും തിരുനാളുകളിലും)

ഞങ്ങളുടെ കർത്താവായ ദൈവമേ,
മനുഷ്യവർഗ്ഗത്തിന്റെ നവീകരണത്തിനും
രക്ഷയ്ക്കുംവേണ്ടി
അങ്ങേ പ്രിയപുത്രൻ കാരുണ്യപൂർവ്വം നല്കിയ
ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു
ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ.

(കർത്താവിന്റെ തിരുനാളുകളിൽ)

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ തിരുനാമത്തിൽ
ഞങ്ങൾ ഉറച്ചുവിശ്വസിക്കയും
ആ വിശ്വാസം ആത്മാർത്ഥതയോടെ
ഏറ്റുപറയുകയും ചെയ്യുന്നു.
ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന
ഈ പരിഹാരബലി
വിശ്രദ്ധിയോടെ അർപ്പിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കണമേ.
നിർമ്മലഹൃദയത്തോടും വിശ്രദ്ധവിചാരങ്ങളോടുംകൂടെ
അങ്ങേയ്ക്കു പുരോഹിതശുശ്രൂഷചെയ്യുവാനും
അങ്ങു കാരുണ്യപൂർവ്വം നല്കിയ രക്ഷയെപ്രതി
നിരന്തരം അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ ശക്തരാക്കണമേ.

(സാധാരണ ദിവസങ്ങളിൽ)

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ,
അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിന്റെ
മഹനീയമായ നാമത്തിനു
സ്വർഗ്ഗത്തിലും ഭൂമിയിലും
എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും ഉണ്ടായിരിക്കട്ടെ.

സമൂഹം : ആമ്മേൻ.

പുരോ : കത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും?
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും? 4

സമൂഹം : പരിശുദ്ധമായ ചിന്തകളോടെ
നിന്റെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കത്താവേ, ഞങ്ങളെ സഹായിക്കണമേ.

പുരോ : കത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും?
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

സമൂഹം : കറകൂടാതെ ജീവിക്കുന്നവനും
നീതി പ്രവത്തിക്കുന്നവനും
ഹൃദയത്തിൽ സത്യമുള്ളവനും
നാവുകൊണ്ടു വഞ്ചിക്കാത്തവനും

പുരോ : സഹോദരനോടു തിന്മചെയ്യാത്തവനും
അയല്ക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാത്തവനും

സമൂഹം : ദുഷ്ടനോടു കൂട്ടുചേരാത്തവനും
ദൈവഭക്തനെ മാനിക്കുന്നവനും

പുരോ : സത്യപ്രതിജ്ഞ ലംഘിക്കാത്തവനും
അന്യായപ്പലിശ വാങ്ങാത്തവനും

സമൂഹം : നിർദ്ദോഷിക്കെതിരായി കൈക്കൂലി വാങ്ങാത്തവനും
ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു
അവൻ ഒരിക്കലും ഇളകുകയില്ല.

പുരോ : കത്താവിന്റെ വിശുദ്ധവേനത്തിൽ അവിടുത്തെ സ്തുതിക്കുവിൻ. പ്രതാപം നിറഞ്ഞ ആകാശത്തിൽ അവിടുത്തെ പ്രകീത്തിക്കുവിൻ. 5

സമൂഹം : അവിടുത്തെ ധീരകൃത്യങ്ങളെക്കുറിച്ച് അവിടുത്തെ സ്തുതിക്കുവിൻ. അവിടുത്തെ ഉന്നത മഹിമാവിനെക്കുറിച്ച് അവിടുത്തെ സ്തുതിക്കുവിൻ.

പുരോ : കാഹളമൂതിക്കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ. വീണകളാലും കിന്നരങ്ങളാലും അവിടുത്തെ സ്തുതിക്കുവിൻ.

സമൂഹം : തപ്പുകളാലും മട്ടളങ്ങളാലും അവിടുത്തെ സ്തുതിക്കുവിൻ. ഇമ്പമുള്ള തന്ത്രികളാൽ അവിടുത്തെ സ്തുതിക്കുവിൻ.

പുരോ : കണ്ണാനന്ദകരമായ കൈത്താളങ്ങളാൽ അവിടുത്തെ സ്തുതിക്കുവിൻ. ആരവം കൊണ്ടും ആർപ്പുവിളികൊണ്ടും അവിടുത്തെ സ്തുതിക്കുവിൻ.

സമൂഹം : സർവ്വ ജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ.

പുരോ : ജനപദങ്ങളെ കർത്താവിനെ സ്തുതിക്കുവിൻ. ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ. 6

സമൂഹം : അവിടുത്തെ സ്നേഹം അനന്തമാകുന്നു. തന്റെ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കും.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേക്കും, ആമ്മേൻ.

പുരോ : പരിശുദ്ധമായ ചിന്തകളോടെ
നിന്റെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

സമൂഹം : കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും?
നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും.

പുരോ : എല്ലാറ്റിനേയും വിശുദ്ധീകരിക്കുന്ന ദൈവമേ,
നിന്റെ ബലിപീഠം എത്ര മഹനീയവും
മനോഹരവുമാകുന്നു.

സഹായി ധൂപക്കുറ്റിയും കുന്തുരുക്കവും കൊണ്ടുവരുന്നു. പുരോഹിതൻ ധൂപക്കുറ്റിയിൽ കുന്തുരുക്കമിട്ടുകൊണ്ടു താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.

പുരോ : നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ.

സഹായി ക്രമപ്രകാരം മദ്ബഹാ ധൂപിക്കുന്നു.

സഹായി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോ: (ഞായറാഴ്ചകളിലും തിരുനാളുകളിലും)

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ
സ്വർഗ്ഗത്തിൽനിന്നും എഴുന്നള്ളിവരുമ്പോൾ
അങ്ങയുടെ സ്നേഹത്താൽ സുരഭിലമായ ഹൃദയത്തോടും
അങ്ങയുടെ ജ്ഞാനത്താൽ പ്രകാശിതമായ
ആത്മാവോടുംകൂടെ
ആനന്ദപൂർവ്വം അവിടുത്തെ എതിരേല്ക്കുവാനും
അനുഗ്രഹസമ്പന്നമായ സഭയിൽ നിരന്തരം
അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ.

(സാധാരണ ദിവസങ്ങളിൽ) ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങു ഞങ്ങൾക്കു ചെയ്തിട്ടുള്ള സഹായങ്ങൾക്കും
അനുഗ്രഹങ്ങൾക്കും
പ്രതിനന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ
അശക്തരെങ്കിലും
അനുഗ്രഹസമ്പന്നമായ സഭയിൽ
ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും
നിരന്തരം പുകഴ്ത്തുകയും ചെയ്യുന്നു.

സമൂഹം: ആമ്മേൻ.

പുരോ: സകലത്തിന്റേയും നാഥാ, (സമൂഹവും ചേർന്ന്)
ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ ശരീരങ്ങളെ
ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

സഹായി: പ്രാത്ഥിക്കാം. നമുക്കു സമാധാനം.

പുരോ : സകലത്തിന്റെയും നാഥാ,
അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ
ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനും
ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു.
അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും
ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.

സമൂഹം : ആമ്മേൻ.

സഹായി: നമുക്കു സ്വർഗമയത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

സമൂഹം : പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളെ അനുഗ്രഹിക്കണമേ. [7]

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.

സമൂഹം : ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.
പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.

സഹായി: പ്രാത്ഥിക്കാം. നമുക്കു സമാധാനം

പുരോ : വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന
പരിശുദ്ധനും സ്തുത്യർഹനും ബലവാനും
അമർത്യനുമായ കർത്താവേ,
കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കുകയും
അനുഗ്രഹിക്കുകയും ചെയ്യണമെന്നും
അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : ആമ്മേൻ.

പുരോ : ഞങ്ങളുടെ കർത്താവായ ദൈവമേ,
ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും
ഗ്രഹിക്കുന്നതിനും
ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പി
ക്കണമെ.
അതുവഴി സ്നേഹവും ശരണവും അങ്ങളിൽ
വർദ്ധിക്കുവാനും
ഞങ്ങൾ രക്ഷപ്രാപിച്ചു നിരന്തരം അങ്ങയെ
സ്തുതിക്കുവാനും
ഞങ്ങളെ സഹായിക്കണമേ.

(അല്ലെങ്കിൽ)

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ,
സകലത്തേയും ബുദ്ധിപൂർവ്വം ഭരിക്കുകയും
വിസ്മയാവഹമായി പരിപാലിക്കുകയും ചെയ്യുന്ന
ദൈവമേ,
നന്മകളുടെ വറ്റാത്ത ഉറവിടമേ,
അങ്ങേ കരുണയ്ക്കൊത്തവിധം
എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹി
ക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

സഹായി ലേഖനം വായിക്കുന്നതിനായി പുസ്തകമെടുത്തു പുരോഹിതന്റെ അടുത്തു ചെന്നു താഴ്ന്ന സ്വരത്തിൽ **ഈശോ, ആശീർവ്വദിച്ചാലും** എന്നുപറഞ്ഞു തലകുനിച്ചുനില്ക്കുമ്പോൾ പ്രാത്ഥനയൊന്നുംചൊല്ലാതെ പുരോഹിതൻ അയാളെ ആശീർവ്വദിക്കുന്നു. സഹായി മദ്ബഹായുടെ വടക്കുവശത്തു അഴിക്കാലിനടുത്തു ചെന്നു ജനങ്ങളുടെനേരെ തിരിഞ്ഞു് **എന്റെ സഹോദരരേ, പൗലോസ് ശ്ലീഹാ (പേരു്) എഴുതിയ ലേഖനം** എന്നു് ആമുഖമായിപ്പറഞ്ഞുകൊണ്ടു ലേഖനം വായിക്കുന്നു. രണ്ടാം സഹായി ധൂപക്കുറ്റികൊണ്ടുവരുന്നു. പുരോഹിതൻ അതിൽ കുന്തുരുക്കമിട്ടു താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.

പുരോ : **കർത്താവേ, അങ്ങയുടെ സ്തുതിക്കും ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനുമായി ഈ സുഗന്ധദ്രവ്യം ഞങ്ങൾ സമർപ്പിക്കുന്നു. പാപിനിയായ മറിയം അങ്ങയുടെ ശിരസ്സിൽ പൂശിയ സുഗന്ധതൈലത്തിന്റെ പരിമളം ഇതിൽ കലരട്ടെ.** [8]

വായന അവസാനിക്കുമ്പോൾ **'നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി'** എന്നു സമൂഹം ചൊല്ലുന്നു.

ലേഖനവായന അവസാനിക്കുമ്പോൾ താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് പുരോഹിതൻ സുവിശേഷഗ്രന്ഥമെടുക്കുന്നു

പുരോ : **സകലിത്തന്റേയും നാഥാ, പിതാവിന്റെ സത്തയുടെ പ്രതിരൂപവും മഹത്വത്തിന്റെ പ്രകാശവുമായ മിശിഹായേ,** [9] **മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയുംചെയ്ത അങ്ങേയ്ക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു.**

പുരോഹിതൻ സുവിശേഷഗ്രന്ഥം ഉയർത്തിപ്പിടിച്ചുകൊണ്ട് അഴികൾക്കാലിനടുക്കലേയ്ക്കു പോകുന്നു. അപ്പോൾ താഴെവരുന്ന പ്രാർത്ഥനകളിൽ ഒന്നു ചൊല്ലുന്നു.

ലോകത്തിന്റെ പ്രകാശവും സകലത്തിന്റേയും ജീവനുമായ മിശിഹായേ, [10] അങ്ങയെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിനു് എന്നേക്കും സ്തുതി.

(അല്ലെങ്കിൽ) **സകലത്തിന്റേയും നാഥാ, നിന്റെ പ്രമാണത്താൽ ഞങ്ങളെ വിവേകികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കുകയും നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ പവിത്രീകരിക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനത്തിനു സാക്ഷ്യം വഹിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ.**

സഹായി: (ജനങ്ങളുടെനേരെതിരിഞ്ഞു്) **നമുക്കു ശ്രദ്ധാപൂർവ്വംനിന്നു വിശുദ്ധ സുവിശേഷം ശ്രവിക്കാം.**

പുരോഹിതൻ സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവ്വദിക്കുന്നു. ആശീർവ്വദിക്കുമ്പോൾ പറയുന്നു:

പുരോ : **നിങ്ങൾക്കു ✠ സമാധാനം.**

സമൂഹം : **അങ്ങേയ്ക്കും സമാധാനം.**

പുരോ : **വിശുദ്ധ (പേരു്) എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം.**

സമൂഹം : **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

വായന അവസാനിക്കുമ്പോൾ പുരോഹിതൻ പുസ്തകമടച്ചു് അതിന്മേൽ ചുംബിക്കുന്നു.

സമൂഹം : **നമ്മുടെ കത്താവായ മിശിഹായ്ക്ക സ്തുതി.**

സഹായി ജനങ്ങളുടെനേരെ തിരിഞ്ഞുനിന്ന കാറോസൂസാ ആരംഭിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന കാറോസൂസായ്ക്കു പകരം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നവയിൽനിന്നു കാലത്തിന്റെ വ്യത്യാസമനുസരിച്ചു തിരഞ്ഞെടുക്കാവുന്നതാണ്. ഈ സമയത്തു പുരോഹിതൻ മദ്ബഹായുടെ മധ്യത്തിൽനിന്നുകൊണ്ടു കാറോസൂസായിൽ പങ്കെടുക്കുന്നു.

സഹായി: **നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ നിന്നു്,**
കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : **കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.**

സഹായി: **കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, [11]**
നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : **കത്താവേ,.....**

സഹായി: **ഞങ്ങളുടെ രക്ഷകനും പരിപാലകനും**
സകലത്തിന്റേയും ദാതാവുമായ നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : **കത്താവേ,.....**

സഹായി: **സമസ്ത ലോകത്തിന്റേയും എല്ലാ സഭകളുടേയും**
സമാധാനത്തിനും ഐക്യത്തിനും വേണ്ടി
നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : **കത്താവേ,.....**

സഹായി: ഞങ്ങളുടെ മാതൃരാജ്യത്തിനും മറെറല്ലാ രാജ്യങ്ങൾക്കും
അവയിൽ വസിക്കുന്ന എല്ലാവക്കും വേണ്ടി നിന്നോട്ട
ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : കത്താവേ,.....

സഹായി: നല്ല കാലാവസ്ഥയും സമൃദ്ധമായ വത്സരവും
ഫലപുഷ്ടമായ വിളവുകളും നല്കി
ലോകത്തെ ഐശ്വര്യപൂർണ്ണമാക്കണമെന്നു നിന്നോട്ട
ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : കത്താവേ,.....

സഹായി: മിശിഹായുടെ സഭ മുഴുവൻറേയും തലവനായ
ഞങ്ങളുടെ മാർ (പേരു°) പാപ്പായുടെയും
ഞങ്ങളുടെ പിതാവു° മാർ (പേരു°)
മെത്രാപ്പോലീത്തായുടേയും
(മെത്രാൻറേയും) അവരുടെ സഹപ്രവത്തകരുടേയും
ക്ഷേമത്തിനുവേണ്ടി
നിന്നോട്ട ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : കത്താവേ,.....

കാറോസൂസാ അവസാനിക്കുമ്പോൾ പു
രോഹിതൻ പ്രാത്ഥിക്കുന്നു:

പുരോ : (കൈകൾ വിരിച്ചു പിടിച്ചു°) കത്താവേ, ബലവാനായ
ദൈവമേ,
ഞങ്ങൾ വിനയപൂവ്വം അപേക്ഷിക്കുന്നു.
നിൻെറ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ.
നിൻെറ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി
വർഷിക്കണമേ.
നിൻെറ ജനത്തിൻെറ കടങ്ങൾ പൊറുക്കുകയും പാപ
ങ്ങൾ മോചിക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

സഹായി: നമുക്കു തലകുനിച്ചു് ആശീർവ്വാദം സ്വീകരിക്കാം.

എല്ലാവരും തലകുനിക്കുന്നു.

പുരോ: (കുനിഞ്ഞുനിന്നുകൊണ്ടു്)കർത്താവേ,ശക്തനായ ദൈവമേ,
അങ്ങേ അഭിഷിക്തൻ പീഠകളനുഭവിച്ചു വീണ്ടെടുത്ത
പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു.
പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ
അതിൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ
നല്കപ്പെട്ടുന്നു.
വിശ്വാസികൾക്കു് ആദ്ധ്യാത്മിക സേവനമനുഷ്ഠിക്കു
ന്നതിനു
പരിശുദ്ധമായ സഭാശരീരത്തിൽ
പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാകുവാൻ
ബലഹീനരായ ഞങ്ങളെ അങ്ങു യോഗ്യരാക്കി.
അതിനാൽ, കർത്താവേ, അങ്ങയുടെ ദാനം
ഞങ്ങളിൽ ഫലമണിയുവാൻ വരം തരണമേ.
ഞങ്ങളേയും

(നിവർന്നുനിന്നു ജനങ്ങളുടെനേരെ തിരിഞ്ഞു വലതുകൈ നീട്ടിപ്പിടിക്കുന്നു)

അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും സമൃദ്ധമായി
അനുഗ്രഹിക്കണമേ.

(അല്ലെങ്കിൽ)

കർത്താവായ ദൈവമേ,
സാർവ്വത്രികവും ശ്ലൈഹികവുമായ സഭയിൽ
അങ്ങയുടെ കരുണയേറിയ വലംകൈയ് നീട്ടണമേ
രഹസ്യവും പരസ്യവുമായ എല്ലാ വിപത്തുകളിലും
നിന്നു് അതിനെ സംരക്ഷിക്കണമേ.
ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ
അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യുവാൻ ഞങ്ങളെ
യോഗ്യരാക്കണമേ.

ഞങ്ങളേയും

(നിവന്നുനിന്ന ജനങ്ങളുടെനേരെ തിരിഞ്ഞു കൈ നീട്ടിപ്പിടിക്കുന്നു.)

അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും സമൃദ്ധമായി
അനുഗ്രഹിക്കണമേ.

പുരോ : എന്റെ കർത്താവേ,
കരുണാനിധിയായ നിന്നെ പ്രസാദിപ്പിക്കുന്ന
സൽപ്രവൃത്തികളാൽ
ഞങ്ങളെല്ലാവരും ദൈവമായ നിന്നെ
പ്രീതിപ്പെടുത്തട്ടെ.
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
നിനക്കു സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാകുകയും
ചെയ്യട്ടെ.

സമൂഹം : ആമ്മേൻ.

സഹായി : മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.

പുരോ : ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.

സഹായി : വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കാത്തവർക്കു പോകാം.

പുരോ : ശ്രോതാക്കളായി വന്നവർക്കു പോകാം.

സഹായി : നിങ്ങൾ വാതിലുകൾ സൂക്ഷിക്കുവിൻ.

പുരോ : സർവ്വശക്തനായ പിതാവും (സമൂഹവുംചേർന്ന്) ആകാശ
ത്തിന്റേയും ഭൂമിയുടേയും സൃഷ്ടാവുമായ ദൈവത്തിൽ
ഞാൻ വിശ്വസിക്കുന്നു.

അവിടുത്തെ ഏകപുത്രനും
ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും
വിശ്വസിക്കുന്നു.

ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി
കന്യകാമറിയത്തിൽനിന്നു പിറന്നു;
പന്തിയോസ് പീലാത്തോസിന്റെ കാലത്തു
പീഡകൾ സഹിച്ചു

കുരിശിൽ തറയ്ക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു;
പാതാളങ്ങളിൽ ഇറങ്ങി,
മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാൾ ഉയിർത്തു;
സ്വർഗ്ഗത്തിലേക്കെഴുന്നള്ളി
സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ
വലത്തുഭാഗത്തു ഇരിക്കുന്നു;
അവിടെനിന്നു ജീവിക്കുന്നവരേയും മരിച്ചവരേയും
വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു.
പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു.
വിശുദ്ധ കത്തോലിക്കാസഭയിലും,
പുണ്യവാന്മാരുടെ ഐക്യത്തിലും,
പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ
ഉയിർപ്പിലും,
നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു.
ആമ്മേൻ.

(അല്ലെങ്കിൽ)

പുരോ : (കൈകൾ വിരിച്ചുപിടിച്ചു) സർവ്വശക്തനായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവും ചേർന്നു) ദൃശ്യവും അദൃശ്യവുമായ
സകലത്തിന്റേയും സ്രഷ്ടാവായ പിതാവിൽ ഞങ്ങൾ
വിശ്വസിക്കുന്നു.
ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കും
മുമ്പുള്ള ആദ്യജാതനും [12]
യുഗങ്ങൾക്കെല്ലാംമുൻപു പിതാവിൽനിന്നു
ജനിച്ചവനും
എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും
ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ
വിശ്വസിക്കുന്നു.
അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും
പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു.

അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെട്ടകയും
എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു.
മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി
അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി
പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു
ശരീരം സ്വീകരിച്ചു
മനുഷ്യനായിപ്പിറന്നു;
പന്തിയോസ് പീലാത്തോസിന്റെ കാലത്തു
പീഡകൾ സഹിക്കുകയും
സംസ്കരിക്കപ്പെടുകയും ചെയ്തു.
എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം ദിവസം
ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.
അവിടുന്നു സ്വർഗ്ഗത്തിലേക്കു് എഴുന്നള്ളി
പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു.
മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ
അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു.
പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന
സത്യാത്മാവും ജീവദാതാവുമായ
ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.
പരിശുദ്ധവും സ്ലൈഹികവും സാർവ്വത്രികവുമായ
ഏകസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.
പാപമോചനത്തിനുള്ള ഏകമാമ്മോദീസായിലും
ശരീരത്തിന്റെ ഉയിർപ്പിലും
നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. ആമ്മേൻ.

പുരോ: (കുനിഞ്ഞുനിന്നുകൊണ്ട്) മനസ്സാക്ഷിയെ നിർമ്മലമാക്കി
കൊണ്ടും
ഹൃദയത്തെ വെടിപ്പാക്കിക്കൊണ്ടും [13]
വിശുദ്ധസ്ഥലത്തു പ്രവേശിച്ചു,
ബലിപീഠത്തിൻമുമ്പിൽ ഭക്തിയോടെ
വ്യാപരിക്കുവാൻ
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
ആദ്ധ്യാത്മികവും മനുഷ്യപ്രകൃതിക്കു ചേർന്നതുമായ
ബലികർമ്മം
യഥാർത്ഥ വിശ്വാസത്തോടെ അങ്ങേക്കർപ്പിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

സഹായി ജനങ്ങളുടെനേരെ തിരിഞ്ഞു് താഴെക്കൊടുത്തിരിക്കുന്ന കാരോസൂസാ ചൊല്ലുന്നു:

സഹായി: മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർക്കുവേണ്ടിയും പുരോഹിതന്മാർ, ശമ്മാശ്ശന്മാർ എന്നിവർക്കുവേണ്ടിയും നമ്മുടെ മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ, ബന്ധുക്കൾ, മിത്രങ്ങൾ ആദിയായവർക്കുവേണ്ടിയും നമുക്കിപ്പോൾ ദൈവത്തോടു പ്രാർത്ഥിക്കാം. പ്രവാചകന്മാരേയും ശ്ലീഹന്മാരേയും വന്ദകരേയും രക്തസാക്ഷികളേയും നമുക്കു് അനുസ്മരിക്കാം. ദൈവം അവസാനം അവരെ നിത്യകിരീടമണിയിക്കുമ്പോൾ, അവരോടുകൂടി നമ്മേയും സ്വർഗ്ഗരാജ്യത്തിലേക്കു സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

ഈ സമയത്തു പുരോഹിതൻ മൂന്നു പ്രാവശ്യം നന്നായി കുനിഞ്ഞു് ആചാരം ചെയ്യുന്നു. ഓരോ ആചാരത്തിനുംശേഷം അല്പാല്പം മുമ്പോട്ടുകയറി ബലിപീഠത്തെ സമീപിക്കുന്നു. ആചാരംചെയ്യുമ്പോൾ താഴെവരുന്ന രണ്ടു പ്രാർത്ഥനകളിൽ ഒന്നുചൊല്ലുന്നു:

പുരോ : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും നാഥനായ എന്റെ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു. അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ബലി അർപ്പിക്കുവാൻ പാപിയായ എന്നെ കാരുണ്യപൂർവ്വം അങ്ങു യോഗ്യനാക്കി. ഇതുവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ആത്മാക്കളുടെ രക്ഷയും ലോകം മുഴുവനിലും സമാധാനവും സഭകൾക്കെല്ലാം ശാന്തിയും കൈവരട്ടെ.

(അല്ലെങ്കിൽ)

ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ പാപങ്ങളുടെ ആധിക്യം നീ പരിഗണിക്കരുതേ. ഞങ്ങളുടെ ദുഷ്ടത നിന്നെ വെറുപ്പിക്കാതിരിക്കട്ടെ. പ്രത്യുത, ഞങ്ങളുടെ കർത്താവായ മിശിഹായേ, ഞങ്ങളിൽനിന്നു സ്വീകരിച്ച മനുഷ്യത്വത്തോടുകൂടെ അവസാനദിവസം നീ പ്രത്യക്ഷനാകുമ്പോൾ നിന്റെ സന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുവാനും സ്വർഗ്ഗീയഗണങ്ങളോടുചേർന്നു നിന്നെ സ്തുതിക്കുവാനും ഞങ്ങൾ യോഗ്യരാകുന്നതിനുവേണ്ടി ഈ ബലിയെ നീ പവിത്രീകരിക്കണമേ. ഞങ്ങളുടെ നിരവധിയായ പാപങ്ങൾ മായിച്ചുകളയുവാൻ അതിനു ശക്തിനല്കുകയും ചെയ്യണമേ.

പുരോഹിതൻ ബലിപീഠത്തെ സമീപിച്ച് അതിന്റെ മദ്ധ്യത്തിലും രണ്ടറ്റങ്ങളിലും ചുംബിക്കുന്നു. അതിനുശേഷം വീഞ്ഞും അപ്പവും തയ്യാറാക്കുന്നു. ബലിപീഠത്തിന്മേൽത്തന്നെ രണ്ടറ്റത്തുമായിട്ടാണ് വീഞ്ഞും അപ്പവും തയ്യാറാക്കേണ്ടത്. —വീഞ്ഞു ബലിപീഠത്തിന്റെ ഇടത്തേ അറ്റത്തും അപ്പം വലത്തേ അറ്റത്തും.

കാസ ധൂപിക്കുമ്പോൾ: ഞങ്ങളുടെ കർത്താവായ ദൈവമേ, പരിമളസസ്യങ്ങളുടേയും സുഗന്ധദ്രവ്യങ്ങളുടേയും നാഥാ, വാശാനപേടകത്തിന്റെ കൂടാരത്തിൽ പുരോഹിതശ്രേഷ്ഠനായ അഹറോന്റെ കാസയെ എന്നതുപോലെ ഈ കാസയേയും അങ്ങു സുഗന്ധപൂരിതമാക്കണമേ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

കാസ തുടച്ച് അതിൽ കുരിശാകൃതിയിൽ വീഞ്ഞൊഴിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കാസയിൽ അവിടുത്തെ അമൂല്യമായ തിരുരക്തം ഒഴിക്കപ്പെടുന്നു.

പുരോ: (കുരിശാകൃതിയിൽ വെള്ളം ഒഴിക്കുമ്പോൾ) **പടയാളികളിൽ ഒരുവൻ വന്നു നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.[14] അതുകണ്ട ആൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആ സാക്ഷ്യം സത്യവുമാകുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ.**

വീണ്ടും കുരിശാകൃതിയിൽ വീഞ്ഞൊഴിക്കുന്നു.

വീഞ്ഞു വെള്ളത്തോടും വെള്ളം വീഞ്ഞിനോടും കലർത്തപ്പെടുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ.

പീലാസ ധൂപിക്കുമ്പോൾ: ഞങ്ങളുടെ കർത്താവായ ദൈവമേ, വശാനപേടകത്തിന്റെ കൂടാരത്തിൽ പുരോഹിതശ്രേഷ്ഠനായ അഹറോന്റെ പീലാസയെ എന്നതുപോലെ ഈ പീലാസയേയും സുഗന്ധപൂരിതമാക്കണമേ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ.

പീലാസ തുടച്ചശേഷം അപ്പമെടുത്തു കുരിശാകൃതിയിൽ മുദ്രചെയ്ത് അതിൽവയ്ക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധശരീരത്താൽ ഈ പീലാസ ആശീർവ്വദിക്കപ്പെടുന്നു.

അവിടെത്തന്നെ നിന്നുകൊണ്ടു പുരോഹിതൻ കൈകൾ കഴുകുന്നു. അപ്പോൾ:

പുരോ : (ഉയർന്നസ്വരത്തിൽ)സകലത്തിന്റേയുംനാഥനായ ദൈവം
തന്റെ അനുഗ്രഹമാകുന്ന ജലത്താൽ
നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ.

സമൂഹം : കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും
നമ്മുടെ പാപങ്ങളുടെ മാലിന്യം
തുടച്ചുനീക്കുകയും ചെയ്യട്ടെ.

കൈകൾ തുടച്ചതിനുശേഷം പുരോഹിതൻ പീലാസഎടുത്തു മുഖത്തോളംഉയർത്തി ജനങ്ങളുടെനേരെ തിരിയുന്നു. ബലിപീഠത്തിന്റെ മദ്ധ്യത്തിൽച്ചെന്നു് വലതുകൈ നീട്ടി കാസ എടുക്കുന്നു. പീലാസ എടുക്കുമ്പോൾ പുരോഹിതൻ ചൊല്ലുന്നു.

പുരോ : വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം. [15]

സമൂഹം : അനുതാപത്തിന്റെ കണ്ണീരാൽ
നമ്മുടെ പാപക്കറകൾ കഴുകിക്കളയാം.
അനുതപിക്കുന്ന ഹൃദയത്തേയും
എളിമയുള്ള ആത്മാവിനേയും
ദൈവം നിരസിക്കുകയില്ല.
ആകയാൽ, സ്നേഹാദരങ്ങളോടെ
നമുക്കവിടുത്തെ സമീപിക്കുകയും
നമ്മെത്തന്നെ ബലിവസ്തുവായി സമർപ്പിക്കുകയും
ചെയ്യാം.

സഹായി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോഹിതൻ കൈകൾ ബലിവസ്തുക്കളോടുകൂടെ കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നു.

പുരോ : അങ്ങേ ആരാധ്യമായ ത്രിത്വത്തെ എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിക്കും.

സമൂഹം: ആമ്മേൻ.

പുരോ: നമ്മുടെ രക്ഷക്കുവേണ്ടി (സമൂഹവും ചേർന്ന്)
തന്നെത്തന്നെ ബലിയർപ്പിക്കുകയും
തന്റെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും
സംസ്കാരത്തിന്റേയും ഉത്ഥാനത്തിന്റേയും
ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയുംചെയ്ത
മിശിഹാവഴി
പിതാവായ ദൈവം തന്റെ കൃപയാലും
അനുഗ്രഹത്താലും
ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു
സ്വീകരിക്കുമാറാകട്ടെ.

കാഴ്ചവയ്പിനുശേഷം പുരോഹിതൻ പീലാസകൊണ്ടു കാസയുടെമേൽ മൂന്നുപ്രാവശ്യം മുട്ടുന്നു. തുടർന്നു ചൊല്ലുന്നു:

പുരോ: ഞങ്ങളുടെ ദൈവമായ കർത്താവേ,
മിശിഹായുടെ മഹത്വമേറിയ രണ്ടാമത്തെ
ആഗമനംവരെ,
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ
ഈ ബലി അർപ്പിക്കപ്പെടണം എന്ന
കല്പനയനുസരിച്ചു
വിശുദ്ധ ബലിപീഠത്തിന്മേൽ ഇവ
സമർപ്പിക്കപ്പെടുന്നു.
അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും
എപ്പോഴും ഉണ്ടായിരിക്കട്ടെ.

സമൂഹം: ആമ്മേൻ.

അനന്തരം പുരോഹിതൻ പീലാസ തന്റെ വലത്തുവശത്തുംകാസ ഇടത്തുവശത്തുമായി

ബലിപീഠത്തിന്മേൽവച്ചു ശോശപ്പകൊണ്ടു മൂടുന്നു: തുടർന്നുചൊല്ലുന്നു:

പുരോ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദൈവമാതാവായ കന്യകാമറിയത്തേയും
നീതിമാനായ മാർ യൗസേപ്പിനേയും
ബലിപീഠത്തിങ്കൽ നമുക്കു് അനുസ്മരിക്കാം.

സമൂഹം: ആദിമുതൽ എന്നേക്കും ആമ്മേൻ.
ദൈവപുത്രന്റെ ശ്ലീഹന്മാരേ,
ഏകജാതന്റെ സ്നേഹിതരേ,
സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

പുരോ: ജനങ്ങളെല്ലാം ആമ്മേൻ എന്നുദ്ഘോഷിക്കട്ടെ. 16
നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായേയും
മകുടം ചൂടിയ രക്തസാക്ഷികളേയും
വിജയം വരിച്ച നീതിമാന്മാരേയും
ബലിപീഠത്തിങ്കൽ നമുക്കു് അനുസ്മരിക്കാം.

സമൂഹം: ബലവാനായ കർത്താവു നമ്മോടുകൂടെ
നമ്മുടെ രാജാവു നമ്മോടുകൂടെ
നമ്മുടെ ദൈവം നമ്മോടുകൂടെ
യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

പുരോ: അങ്ങേ മഹനീയമായ ഉത്ഥാനംവഴി
അങ്ങു മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന
പ്രതീക്ഷയിൽ
മരിച്ചവരെല്ലാം നിദ്രചെയ്യുന്നു.

സമൂഹം: ഉപവാസത്താലും പ്രാർത്ഥനയാലും
പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും
മിശിഹായേയും അവിടുത്തെ പിതാവിനേയും
പരിശുദ്ധാത്മാവിനേയും നമുക്കു പ്രസാദിപ്പിക്കാം.

(ശ്ലീഹന്മാരുടെ കുർബാന)

പുരോ : (കൈകൾ കൂപ്പിപ്പിടിച്ചു്)

ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങളെക്കുറിച്ചു്
അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.
അയോഗ്യരും പാപികളും ആയിരുന്നിട്ടും
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ
പരികർമ്മത്തിനു
ഞങ്ങളെ അങ്ങു കാരുണ്യപൂർവ്വം യോഗ്യരാക്കി.
ഞങ്ങൾക്കു നല്കിയ ഈ ദാനങ്ങളെ
തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും
കൂടെ കൈകാര്യം ചെയ്യുവാൻ
ഞങ്ങളെ ശക്തരാക്കണമെന്നു് അങ്ങയോടു ഞങ്ങൾ
അപേക്ഷിക്കുന്നു.

പുരോഹിതൻ കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽചേർത്തു് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

പുരോ : ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

ശിരസ്സിനുമുകളിൽ കാണത്തക്കവിധം വലത്തുകൈ ഉയർത്തി പുരോഹിതൻ തന്റെ മേൽ കുരിശടയാളം വരയ്ക്കുന്നു. ഇപ്പോഴും എന്നു ചൊല്ലുമ്പോൾ കൈ നെഞ്ചിനു താഴെവരെ താഴ്ത്തുകയും, എപ്പോഴും എന്നു ചൊല്ലുമ്പോൾ ഇടത്തേ തോൾവരെയും എന്നേക്കും എന്നു ചൊല്ലുമ്പോൾ വലത്തേ തോൾവരെയും കൊണ്ടുവരുന്നു.

സമൂഹം : ആമ്മേൻ.

പുരോഹിതൻ ജനങ്ങളെ ആശീർവ്വദിച്ചു കൊണ്ടു പറയുന്നു:

പുരോ : നിങ്ങൾക്കു ✝ സമാധാനം.

സമൂഹം : അങ്ങേക്കും സമാധാനം.

സഹായി പുരോഹിതന്റെ വലത്തുവശത്തുവന്നു് അദ്ദേഹത്തിന്റെ കരം തന്റെ കൈകൊണ്ടുപ്പി തൊട്ടു സമാധാനം സ്വീകരിക്കുന്നു. അനന്തരം ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നു പറയുന്നു.

സഹായി: സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ പരസ്പരം സമാധാനം ആശംസിക്കുവിൻ.

സഹായി അഴിക്കാലിനടുത്തുചെന്നു വിശ്വാസികൾക്കു സമാധാനം നല്കുന്നു. തുടർന്നു ജനങ്ങളും പരസ്പരം സമാധാനം നല്കുന്നു. സഹായി ജനങ്ങളുടെ നേരെ തിരിഞ്ഞു്:

സഹായി: നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ
കർത്താവിനെ സ്തുതിച്ചുകൊണ്ടു പ്രാർത്ഥിക്കാം.
ആരാധ്യമായ ദിവ്യരഹസ്യങ്ങളിൽ നമുക്കു
ഭക്തിപൂർവ്വം പങ്കുകൊള്ളാം.
തന്റെ മാധ്യസ്ഥ്യംവഴി സമാധാനം
സമൃദ്ധമാകുന്നതിനുവേണ്ടി [17]
പുരോഹിതൻ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു.
ചിന്തകൾ സ്വർഗ്ഗത്തിലേക്കുയർത്തി
തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടെ
ആദരപൂർവ്വം നമുക്കു പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോ : കർത്താവേ, ബലവാനായ ദൈവമേ, കാരുണ്യപൂർവ്വം എന്നെ സഹായിക്കണമേ.
ആരാധ്യമായ ത്രിത്വത്തിന്റെ സ്തുതിക്കും സഭയുടെ നന്മയ്ക്കുംവേണ്ടി സജീവവും വിശുദ്ധവുമായ ഈ ബലി അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കണമേ.

പുരോഹിതൻ ശോശപ്പ മടക്കി ബലി വസ്തുക്കൾക്കു മുറുമായി വച്ചുകൊണ്ടു ചൊല്ലുന്നു.

പുരോ : കർത്താവേ, അങ്ങയുടെ ശരീരത്തിനും രക്തത്തിനും സ്നേഹപൂർവ്വം അങ്ങ് എന്നെ യോഗ്യനാക്കി.
അപ്രകാരംതന്നെ വിധിദിവസത്തിൽ
അങ്ങയുടെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

സഹായി ധൂപക്കുറ്റി കൊണ്ടുവരുമ്പോൾ പുരോഹിതൻ പതിവുപോലെ ധൂപം വാഴ്ത്തി, അവിടെത്തന്നെ നിന്നുകൊണ്ടു ബലിപീഠവും ബലിവസ്തുക്കളും ധൂപിക്കുന്നു.

പുരോ : നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. [18]
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

(ബലിവസ്തുക്കളെ ആശീർവ്വദിക്കുന്നു.)

സമൂഹം : ആമ്മേൻ.

പുരോ : (കൈകൾ ഉയർത്തിക്കൊണ്ട്)
നിങ്ങളുടെ വിചാരങ്ങൾ
ഉന്നതത്തിലേക്കുയരട്ടെ.

സമൂഹം : അബ്രാഹത്തിന്റേയും ഇസഹാക്കിന്റേയും
ഇസ്രായേലിന്റേയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ പക്കലേക്കു°. [19]

പുരോ : സകലത്തിന്റേയും നാഥനായ ദൈവത്തിനു
കുർബാന അർപ്പിക്കപ്പെടുന്നു.

സമൂഹം : അതു തികച്ചും ഉചിതമാകുന്നു.

പുരോഹിതൻ മുട്ടുകുത്തുന്നു

പുരോ : കർത്താവേ, ഞങ്ങളുടെ മനസ്സിനെ
എല്ലാ അശ്രദ്ധതയിലും ദുഷ്ടതയിലും
അസൂയയിലും വഞ്ചനയിലുംനിന്നു
വിമുക്തമാക്കണമേ.
പരസ്പരസ്നേഹവും ഐക്യവും ഞങ്ങളിൽ
ഉളവാക്കണമേ. [20]
വിശ്രദ്ധവും സജീവവുമായ ഈ തിരുക്കർമ്മം
പ്രത്യാശാപൂർവ്വം അനുഷ്ഠിക്കുവാൻ
ഞങ്ങൾക്കു° ആത്മധൈര്യം നല്കുകയും ചെയ്യണമേ.

പുരോഹിതൻ എഴുന്നേല്ക്കുന്നു. കൈകൾ
കൂപ്പിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു.

പുരോ : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
മഹത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും
മഹനീയവുമായ നാമം
എല്ലാ സൃഷ്ടികളിലുംനിന്നു° ആരാധനയും
കൃതജ്ഞതയും അർഹിക്കുന്നു.
എന്തുകൊണ്ടെന്നാൽ, അവിടുന്നു ലോകത്തെയും
അതിലുള്ള സകലത്തെയും കനിവോടെ സൃഷ്ടിക്കുകയും
മനുഷ്യഗണത്തോടു കരുണകാണിക്കുകയും ചെയ്തു.
സ്വർഗ്ഗവാസികളുടെ ആയിരങ്ങളും

മാലാഖാമാരുടെ പതിനായിരങ്ങളും
മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. [21]
അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയ
സൈന്യങ്ങളും
അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. [22]
പരിശുദ്ധരും അരൂപികളുമായ
ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്നു
നാഥനായ അങ്ങേക്കു് അവർ ആരാധന സമർപ്പിക്കുന്നു.

(കൈകൾ ഉയർത്തിക്കൊണ്ടു്)

ഉയർന്സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ടു്
അവർ ഒന്നുചേർന്നു് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. [23]

സമൂഹം : ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ,
പരിശുദ്ധൻ, പരിശുദ്ധൻ.
അവിടുത്തെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും
നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഓശാന, ദാവീദിന്റെ പുത്രനു്
ഓശാന.
കർത്താവിന്റെ നാമത്തിൽ വന്നവനും
വീണ്ടും വരുവാനിരിക്കുന്നവനുമായവൻ
അനുഗ്രഹീതനാകുന്നു.
ഉന്നതങ്ങളിൽ ഓശാന. [24]

പുരോ : (താഴ്ന്ന സ്വരത്തിൽ) ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങുമാത്രമാകുന്നു യഥാർത്ഥപിതാവു്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും അങ്ങിൽനിന്നാകുന്നു. നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു. കൃപാദ്രകദശായേ, അങ്ങു പരിശുദ്ധനാകുന്നു. സകലവും അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

പുരോഹിതൻ കൈകൾ കോർത്തുപിടിച്ചു ചൊല്ലുന്നു:

പുരോ : എന്റെ സ്ഥിതി എത്ര ദുർഭഗം!
ഞാൻ അസ്വസ്ഥനായിരിക്കുന്നു. [25]
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ ഞാൻ
വസിക്കുകയും ചെയ്യുന്നു.
ബലവാനും കർത്താവുമായ രാജാവിനെ എന്റെ
നയനങ്ങൾ ദർശിച്ചു.
കർത്താവിനെ ഇന്നു ഞാൻ അഭിമുഖമായിക്കണ്ട
ഈ സ്ഥലം എത്ര ഭീതിജനകം! [26]
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറെറാന്നുമല്ല.
കർത്താവേ, ഞങ്ങളുടെമേൽ കനിയണമേ.
അശുദ്ധരായ ഞങ്ങളെ പവിത്രീകരിക്കണമേ.
നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്വാപ്നേന്മാരുടേയും മുഖ്യദൂതന്മാരുടേയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

പുരോ : കർത്താവേ, ആശീർവ്വദിക്കണമേ.

ജനങ്ങളുടെ നേരെ തിരിഞ്ഞു കൈകൾ നീട്ടി; വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

ബലിപീഠത്തിങ്കലേക്കു തിരിയുന്നു.

സമൂഹം : ദൈവം ഈ കുർബാന സ്വീകരിക്കുകയും
അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തുകയും
ചെയ്യട്ടെ.

അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
ലോകം മുഴുവനുവേണ്ടിയും അർപ്പിക്കപ്പെടുന്ന ഈ
ബലിയിൽ
അവിടുന്നു സംപ്രീതനാവുകയും ചെയ്യട്ടെ.

പുരോഹിതൻ കൈകൾ കൂപ്പിപ്പിടിച്ചു
ചൊല്ലുന്നു:

പുരോ : കർത്താവേ, എളിയവരും ബലഹീനരുമായ
ഈ ദാസരും
സ്വർഗ്ഗീയഗണങ്ങളോടുചേർന്ന് അങ്ങയെ സ്തുതിക്കുന്നു.
എന്തുകൊണ്ടെന്നാൽ, നന്ദിപ്രകാശിപ്പിക്കുവാൻ
കഴിയാത്തവിധം
അത്രവലിയ അനുഗ്രഹമാണ് അങ്ങു ഞങ്ങൾക്കു
നല്കിയിരിക്കുന്നത്.
ഞങ്ങളുടെ ദൈവമായ കർത്താവേ,
അങ്ങയുടെ ദൈവീകജീവനിൽ ഞങ്ങളെ പങ്കുകാരാ
ക്കുവാൻ
അങ്ങു ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും
അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും
മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു;
പാപികളായ ഞങ്ങളെ കടങ്ങൾപൊറുത്തു
വിശുദ്ധീകരിച്ചു;
ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി;
ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി;
ദുർബലരായ ഞങ്ങളെ
അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്താൽ
സമ്പന്നരാക്കുകയും ചെയ്തു.

പുരോ : കർത്താവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ
അവിടുത്തെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ
ആചരിക്കുന്നു.

താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ,

(ഓസ്തി കൈകളിലെടുക്കുന്നു.)

അവിടുന്നു നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു്,

(മുകളിലേക്കു് കണ്ണുകളുയർത്തുന്നു.)

സ്വർഗ്ഗത്തിലേക്കു്,
തന്റെ ആരാധ്യനായ പിതാവിന്റെ പക്കലേക്കു്
കണ്ണുകളുയർത്തി,
വാഴ്ത്തി, വിഭജിച്ചു്,
ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭ
ജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും
ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ. [27]

സമൂഹം : ആമ്മേൻ.

തിരുവോസ്തി ശിരസ്സിനുമുകളിൽകാണത്ത
ക്കവിധം ഉയർത്തുന്നു. അനന്തരം ബലിപീ
ഠത്തിന്മേൽ വച്ചിട്ടു് നന്നായി കുനിഞ്ഞു്
ആചാരം ചെയ്യുന്നു. തുടർന്നു ചൊല്ലുന്നു:

അപ്രകാരംതന്നെ കാസയുമെടുത്ത്,

മൂടിമാറ്റിയിട്ട് കാസ കൈകളിലെടുക്കുന്നു.

കൃതജ്ഞതാസ്തോത്രം ചെയ്ത്
അവർക്കു നൽകിക്കൊണ്ട് അരുൾചെയ്യുന്നു:
ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി
ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്ത
മാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നുവാങ്ങി
പാനം ചെയ്യുവിൻ.

സമൂഹം: ആമ്മേൻ.

ഉയിർപ്പിന്റെ മഹത്ത്വം ഞങ്ങൾ പ്രഘോഷിക്കുന്നു:
നീ ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമാണ്.
ഞങ്ങൾ നിന്റെ ഉത്ഥാനത്തിന്റെ ഓർമ്മ ആചരിക്കുന്നു.
നിന്റെ മഹത്ത്വത്തിന്റെ പ്രത്യാശയിൽ ഞങ്ങൾ
ജീവിക്കുന്നു. നിന്റെ രാജ്യത്തിൽ ഞങ്ങൾ
നിന്നോടുകൂടെ വസിക്കുന്നതിനായി
ഞങ്ങൾ കാത്തിരിക്കുന്നു.

സമൂഹം: ആമ്മേൻ.

കർത്താവേ, നിന്റെ മരണത്തിന്റെയും
ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ചുകൊണ്ട്
ഞങ്ങൾ നിന്റെ മുമ്പിൽ നിൽക്കുന്നു.
നിന്റെ ജീവൻ നൽകുന്ന ശരീരത്തിന്റെയും
രക്തത്തിന്റെയും ഈ കാഴ്ചകൾ
നിന്റെ മുമ്പിൽ സമർപ്പിക്കുന്നു.

സമൂഹം: ആമ്മേൻ.

ജനങ്ങൾകാണത്തക്കവിധം കാസ ഉയർത്തുന്നു. നന്നായിക്കുനിഞ്ഞ് ആചാരംചെയ്തതിനുശേഷംകാസമൂടുന്നു. അപ്പോൾ ചൊല്ലുന്നു:

ഞാൻ ഈ ചെയ്തതു്,
നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

പുരോഹിതൻ കൈകൾ കൂപ്പിപ്പിടിച്ചു ചൊല്ലുന്നു:

പുരോ: കർത്താവായ ദൈവമേ,
ഈ മാതൃക പരമ്പരാഗതമായി സ്വീകരിച്ചു്,
നിന്റെ നാമത്തിൽ ഒന്നിച്ചുകൂടി,
ഇപ്പോൾ നിന്റെ സന്നിധിയിൽ നില്ക്കുന്ന
എളിയവരും ബലഹീനരുമായ ഈ ദാസർ,
ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
ആരാധ്യവും പരിശുദ്ധവും ജീവദായകവുമായ ഈ രഹസ്യത്തെ
സന്തോഷത്തോടെ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു.
മഹനീയവും വിസ്മയാവഹവുമായ ഈ ദാനത്തെക്കുറിച്ചു്
മിശിഹായുടെ രക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ
സന്തോഷത്തോടെ പരസ്യമായി നിന്നെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.
സജീവവും പരിശുദ്ധവും ജീവദായകവുമായ നിന്റെ നാമത്തിനു
സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

സഹായി: പ്രാത്ഥിക്കാം. നമുക്കു നമാധാനം.

സഹായി : അത്യുന്നതങ്ങളിലേക്കു നിങ്ങടെ കണ്ണുകളുയർത്തി ഈ സമയത്തു് അനുഷ്ഠിക്കുന്നവയെക്കുറിച്ചു ധ്യാനിക്കുവിൻ. ഇതാ, മിശിഹായുടെ മഹനീയമായ ബലിപീഠത്തിന്റെ മുമ്പിൽ സ്രാപ്പേന്മാർ ഭയത്തോടെ നില്ക്കുന്നു. അതിന്മേൽ സജ്ജമാക്കിയിരിക്കുന്ന ശരീരരക്തങ്ങളെ അവരെല്ലാവരും ഉച്ചസ്വരത്തിൽ പാടിസ്തുതിക്കുന്നു. ലോകം മുഴുവനുംവേണ്ടി അപേക്ഷിക്കുകയും അനുഗ്രഹം യാചിക്കുകയും ചെയ്യുന്ന പുരോഹിതനോടു ചേർന്നു നമുക്കും പ്രാത്ഥിക്കാം.

പുരോഹിതൻ കൈകളും വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്നു.

പുരോ : കർത്താവേ, ശക്തനായ ദൈവമേ,
പ്രധാനാചാര്യനും സാർവ്വത്രികസഭയുടെ തലവനും
ഭരണാധികാരിയുമായ
റോമായിലെ മാർ (പേരു്) പാപ്പായ്ക്കുവേണ്ടിയും
ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ
മാർ (പേരു്) മെത്രാപ്പോലീത്തായ്ക്ക്–മെത്രാനു–
വേണ്ടിയും
വിശുദ്ധ കത്തോലിക്കാസഭ മുഴുവനുവേണ്ടിയും
പുരോഹിതന്മാർ, ഭരണകർത്താക്കൾ,
മേലധികാരികൾഎന്നിവർക്കുവേണ്ടിയും,
എല്ലാ പ്രവാചകന്മാരുടേയും ശ്ലീഹന്മാരുടേയും
രക്തസാക്ഷികളുടേയും വന്ദകരുടേയും ബഹുമാന
ത്തിനുവേണ്ടിയും,
അങ്ങയെ പ്രീതിപ്പെടുത്തിയ നീതിമാന്മാരായ
പിതാക്കന്മാർക്കുവേണ്ടിയും,
ക്ലേശിതരും ദുഃഖിതരും ദരിദ്രരും
പീഡിതരും രോഗികളും ആകുലരുമായ
എല്ലാവർക്കുംവേണ്ടിയും
ഞങ്ങളുടെ ഇടയിൽനിന്നും
അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ
എല്ലാ മരിച്ചവർക്കുവേണ്ടിയും,
അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവ്വം പ്രതീ
ക്ഷിക്കുന്ന ഈ ജനത്തിനുവേണ്ടിയും
എളിയവനായ എനിക്കുവേണ്ടിയും
ഈ കർബാന അങ്ങു സ്വീകരിക്കണമേ.

ഞങ്ങളുടെ ദൈവമായ കർത്താവേ, എന്റെ പാപങ്ങളും തെറ്റുകളും അർഹിക്കുന്നവിധം പ്രവർത്തിക്കരുതേ! പ്രത്യുത, നിന്റെ കൃപാധിക്യത്തിനു യോജിച്ചവിധം നിന്റെ ജനത്തോടും നിർഭാഗ്യനായ എന്നോടും വർത്തിക്കണമേ. **28** യഥാർത്ഥവിശ്വാസത്തോടെ ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ.

പുരോ: കർത്താവേ, ആശീർവ്വദിക്കണമേ.

ജനങ്ങളുടെനേരെ തിരിഞ്ഞ് കൈകൾ നീട്ടി വിടർത്തിക്കൊണ്ട്:

എന്റെ സഹോദരരേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

കൈകൾ കൂപ്പിക്കൊണ്ട് ബലിപീഠത്തിലേയ്ക്കു തിരിയുന്നു:

സമൂഹം: ദൈവം അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും കുർബാന സ്വീകരിക്കുകയും അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും അർപ്പിക്കപ്പെടുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാവുകയും ചെയ്യട്ടെ.

പുരോ: (കൈകൾ കൂപ്പി) കർത്താവായ ദൈവമേ,
നിന്റെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ
ഈ തിരുശ്ശരീരരക്തങ്ങൾ
വിശുദ്ധബലിപീഠത്തിൽ നിനക്കു ഞങ്ങൾ
സമർപ്പിക്കുന്നു.
ദൈവമാതാവായ കന്യകാമറിയത്തിന്റേയും,
ഈ സമർപ്പണംവഴി നിന്നെ പ്രസാദിപ്പിച്ച
നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാരുടേയും
പാവനസ്മരണ
നിന്റെ സന്നിധിയിൽ ഉണ്ടാകട്ടെ.

ജീവിതകാലം മുഴുവൻ നിന്റെ ശാന്തിയും സമാധാ
നവും ഞങ്ങൾക്കു നല്കണമേ.

ഭൂവാസികളെല്ലാവരും നിന്നെ അറിയട്ടെ.

നീ മാത്രം യഥാർത്ഥ പിതാവായ ദൈവമാകുന്നുവെന്നും
നിന്റെ പ്രിയപുത്രനായ ഈശോമിശിഹായെ
നീ അയച്ചുവെന്നും[29]

ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്നു,
ജീവദായകമായ സുവിശേഷംവഴി
പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ,
വന്ദകന്മാർ,
വേദപാരംഗതന്മാർ, പുരോഹിതന്മാർ, ശമ്മാ
ശന്മാർ എന്നിവർക്കും
മാമ്മോദീസാ സ്വീകരിച്ചു കത്തോലിക്കാസഭയുടെ
സന്താനങ്ങളായിത്തീർന്ന എല്ലാവർക്കും
ആവശ്യകമായ വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചു
തന്നുവെന്നും
എല്ലാമനുഷ്യരും അറിയുവാൻ ഇടയാകട്ടെ. ✠

പുരോഹിതൻ ബലിപീഠത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു. അനന്തരം, ദിവ്യരഹസ്യങ്ങളിന്മേൽ കൈകൾ ഉയർത്തി, ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ പിടിച്ചുകൊണ്ടു ചൊല്ലുന്നു:

പുരോ : കർത്താവായ ദൈവമേ,
നിൻെറ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ.

സഹായി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോ : നിൻെറ ദാസന്മാരുടെ ഈ കുർബാനയിൽ
അവിടുന്നു് ആവസിച്ചു്
അതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും
ചെയ്യട്ടെ.

ഇതുവഴി കടങ്ങളുടെ പൊറുതിയും
പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും
പ്രീതിജനകമായവിധം നിൻെറ സന്നിധിയിൽ
വർത്തിച്ച എല്ലാവരോടുമൊന്നിച്ചു
സ്വർഗ്ഗത്തിൽ നവമായ ജീവിതവും ഞങ്ങൾക്കു്
ലഭിക്കുമാറാകട്ടെ.

പുരോ (കൈകൾ കൂപ്പിപ്പിടിച്ചു്) അങ്ങു ഞങ്ങൾക്കു നല്കിയ
എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി
ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ.

പുരോ : സ്വർഗ്ഗവാസികളുടെ ആനന്ദവും
ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ,
ലോകത്തിൻെറ നാനാഭാഗങ്ങളിലും
വിശിഷ്യാ പരിശുദ്ധ കത്തോലിക്കാസഭയിലും
നിൻെറ ശാന്തിയും സമാധാനവും പുലർത്തണമേ.
സഭയേയും രാഷ്ട്രത്തേയും ഐക്യത്തിൽ
സംരക്ഷിക്കണമേ.
കലഹപ്രിയരായ ജനങ്ങളെ ചിതറിക്കണമേ.
വിനയത്തിലും ദൈവഭയത്തിലും
സമാധാനവും സന്തുഷ്ടിയും നിറഞ്ഞ ജീവിതം
നയിക്കുവാൻ
ഞങ്ങൾക്കു് ഇടയാകട്ടെ.

പുരോ : ദൈവമേ, എന്നോട് കരുണതോന്നണമേ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചു
കളയണമേ. [31]

സമൂഹം : എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

പുരോ : എന്തുകൊണ്ടെന്നാൽ, എന്റെ പാപങ്ങൾ
ഞാനറിയുന്നു.
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

സമൂഹം : അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി.
അങ്ങേ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതീകരിക്കപ്പെടും. അങ്ങേ വിധികൾ വിജയിക്കയും ചെയ്യും.

ഞാൻ പാപത്തോടുകൂടി ജനിച്ചിരിക്കുന്നു. എന്റെ ഉത്ഭവം തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ. അങ്ങയുടെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നേയും പഠിപ്പിക്കണമേ. സോപ്പുകൊണ്ടു എന്നെ തുടിക്കണമേ. ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

(അല്ലെങ്കിൽ)

പുരോ : സ്വർഗ്ഗത്തിൽ വസിക്കുന്നവനേ,
അങ്ങേ പക്കലേക്കു ഞാൻ കണ്ണുകളുയർത്തുന്നു. [32]

സമൂഹം : ദാസന്മാരുടെ കണ്ണുകൾ
നാഥന്റെ പക്കലേക്കു് എന്നതുപോലെ.

പുരോ : ദാസിയുടെ കണ്ണുകൾ
നാഥയുടെ പക്കലേക്കു് എന്നതുപോലെയും.

സമൂഹം : ഞങ്ങളുടെ ദൈവമായ കർത്താവേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.

പുരോ : അത്രവരെ ഞങ്ങളുടെ ദൃഷ്ടികൾ
അങ്ങയെത്തന്നെ നോക്കിയിരിക്കും.

സമൂഹം : കർത്താവേ, ഞങ്ങളോടു കരുണതോന്നണമേ.

സഹായി ധൂപം സമർപ്പിക്കുന്നു. ധൂപം വാഴ്ത്തുമ്പോൾ പുരോഹിതൻ ചൊല്ലുന്നു:

പുരോ : ഞങ്ങളുടെ കർത്താവായ ദൈവമേ, പരിമളസസ്യങ്ങളുടേയും സുഗന്ധദ്രവ്യങ്ങളുടേയും നാഥാ, വാഗ്ദാനപേടകത്തിന്റെ കൂടാരത്തിൽ, ശ്രേഷ്ഠപുരോഹിതനായ അഹറോൻ അർപ്പിച്ച ധൂപംപോലെ ഞങ്ങളുടെ പ്രാർത്ഥനയും ധൂപവും നിന്നെ പ്രസാദിപ്പിക്കട്ടെ.

പുരോഹിതൻ കരങ്ങൾ ധൂപിക്കുമ്പോൾ: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ എന്നെ സുഗന്ധപൂരിതനാക്കണമേ. വഴിതെറ്റിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെത്തിയ നല്ല ഇടയാ, അറിഞ്ഞും അറിയാതെയും ചെയ്ത തെറ്റുകൾ എന്നോടു ക്ഷമിക്കണമേ.

സഹായിയുടേയും ജനങ്ങളുടേയുംമേൽ വലത്തുകൈ ഉയർത്തിക്കൊണ്ട്:

പുരോ : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ വിശുദ്ധ ബലിപീഠത്തിങ്കൽ നില്ക്കുന്ന ഈ ശുശ്രൂഷകനേയും അങ്ങയുടെ കാരുണ്യം കാത്തുനില്ക്കുന്ന ഈ ജനത്തേയും സുഗന്ധപൂരിതമാക്കണമേ.

ബലിപീഠത്തിന്റെ പക്കലേക്കു കൈനീട്ടുമ്പോൾ: ഞങ്ങളുടെ ദൈവമായ കർത്താവേ, മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യമായ ഈ ബലിപീഠത്തേയും ഞങ്ങളെ വിശുദ്ധീകരിക്കുന്ന ഈ തിരുശ്ശരീരരക്തങ്ങളേയും സുഗന്ധപൂരിതമാക്കണമേ.

പുരോ : (കൈകൾ ഉയർത്തി) ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങൾ അയോഗ്യരാകുന്നു;
ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു.
എങ്കിലും സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേക്ക്
അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

സമൂഹം : ഞങ്ങളെ അനുഗ്രഹിക്കണമേ.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

പുരോഹിതൻ കുനിഞ്ഞ് ആചാരം ചെയ്യുന്നു. കാസയുടെ മൂടി മാറ്റിയതിനുശേഷം, തിരുവോസ്തി കുരങ്ങളിലെടുത്ത് അൽപം ഉയർത്തുന്നു. അതിന്മേൽ നോക്കിക്കൊണ്ട് ചൊല്ലുന്നു:

പുരോ : ഞങ്ങളുടെ കർത്താവീശോമിശിഹായേ,
അങ്ങയുടെ നാമത്തിനും എപ്പോഴും ആരാധനയും
സ്തുതിയും ഉണ്ടായിരിക്കട്ടെ.
സജീവവും ജീവദായകവുമായ ഈ അപ്പം
സ്വർഗ്ഗത്തിൽനിന്നിറങ്ങിയതും
ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു.
ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല;
പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും
നിത്യം ജീവിക്കുകയും ചെയ്യും.

സമൂഹം : "ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള
അപ്പമാകുന്നു.
ഉന്നതങ്ങളിൽനിന്നിറങ്ങിയ അപ്പം ഞാനാകുന്നു.
സ്നേഹപൂർവ്വം സമീപിച്ചു എന്നെ സ്വീകരിക്കുന്ന
എല്ലാവരും
നിത്യം ജീവിക്കുകയും
സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും" [33]
എന്നു
നമ്മുടെ രക്ഷകൻ ശിഷ്യരെ അറിയിച്ചു.
അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്നവരായ
ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും
ബലിപീഠത്തിനു മുമ്പിൽ ഭക്ത്യാദരപൂർവ്വം
നിന്നുകൊണ്ട്,
കടങ്ങളുടെ പൊറുതിക്കായി
മിശിഹായുടെ ശരീരത്തെ വിഭജിക്കുന്ന വൈദികനെ
സൂക്ഷിച്ചു വീക്ഷിക്കുന്നു.

പാപികളെ അങ്ങയുടെ പക്കലേക്കു വിളിക്കുകയും
അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുകയും
ചെയ്യുന്ന
കാരുണ്യവാനായ കർത്താവേ,
ഞങ്ങൾ അങ്ങേ സന്നിധിയിൽ പ്രവേശിച്ചു
രാപകൽ അങ്ങേയ്ക്കു സ്തുതിപാടട്ടെ.

തിരുവോസ്തി കരങ്ങളിൽ പിടിച്ചുകൊണ്ട്
പുരോഹിതൻ ചൊല്ലുന്നു:

പുരോ: അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു
കർത്താവേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ശരീരരക്തങ്ങളെ യഥാർത്ഥവിശ്വാസത്തോടെ ഞങ്ങൾ സമീപിക്കുകയും വിഭജിച്ചു മുദ്രിതമാക്കുകയും ചെയ്യുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കും.

തിരുവോസ്തി രണ്ടായി മുറിക്കുന്നു. മുറിച്ച വശം കാസയുടെനേരെ വരത്തക്കവിധം ഇടത്തുകൈയിലുള്ളഭാഗം പീലാസായിൽ വയ്ക്കുന്നു.

അനന്തരം, വലത്തുകൈയിലുള്ള ഭാഗം കൊണ്ടു തിരുരക്തത്തെ കുരിശാകൃതിയിൽ അടയാളപ്പെടുത്തുന്നു.

പുരോ: നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടുത്തെ ജീവദായകമായ ശരീരംകൊണ്ടു മുദ്രിതമാക്കപ്പെടുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കും.

പീലാസയിലിരിക്കുന്ന ഭാഗത്തെ കൈയിലിരിക്കുന്ന ഭാഗംകൊണ്ട് കുരിശാകൃതിയിൽ അടയാളപ്പെടുത്തുന്നു. അപ്പോൾ ചൊല്ലുന്നു:

പുരോ: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം അവിടുത്തെ തിരുരക്തംകൊണ്ട് മുദ്രിതമാക്കപ്പെടുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കും.

രണ്ടുഭാഗങ്ങളും കൂട്ടിച്ചേർത്ത് കാസയുടെ മുകളിൽ പിടിച്ചുകൊണ്ട് ചൊല്ലുന്നു:

പുരോ: സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ "രഹസ്യങ്ങൾ" പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും പരസ്പരം യോജിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കർത്താവേ, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധസഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾ വഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവനും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

തിരുവോസ്തിയുടെ രണ്ടുഭാഗങ്ങളും ഒന്നിനുമീതെ ഒന്നായി പീലാസയിൽ വയ്ക്കുന്നു. അടിയിലത്തെഭാഗം കാസയുടേയും മുകളിലത്തേത് പുരോഹിതന്റേയും നേരെ തിരിച്ചുവയ്ക്കണം. ആചാരംചെയ്തതിനുശേഷം പുരോഹിതൻ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു. ദിവ്യരഹസ്യങ്ങൾക്കു ചുറ്റും വച്ചിരിക്കുന്ന ശോശപ്പവിടത്തിവച്ചതിനുശേഷം ചൊല്ലുന്നു:

പുരോ : ഞങ്ങളുടെ കർത്താവീശോമിശിഹായേ, അങ്ങേക്കു സ്തുതി. എന്തുകൊണ്ടെന്നാൽ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ ശുശ്രൂഷകനും മധ്യസ്ഥനുമായി അയോഗ്യനായ എന്നെ അങ്ങു നിയോഗിച്ചിരിക്കുന്നു. അങ്ങയുടെ കാരുണ്യത്താൽ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും എന്നെ യോഗ്യനാക്കണമേ.

പുരോഹിതൻ ആചാരംചെയ്തിട്ട്, താഴെ വരുന്നപ്രാർത്ഥനചൊല്ലുകയും തലയുമീതെ കൈകളും ഉയർത്തി തന്റെമേൽ കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു.

പുരോ : നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ.

സഹായി ജനങ്ങളുടെനേരെ തിരിഞ്ഞുനിന്നുകൊണ്ട് ചൊല്ലുന്നു.

സഹായി : നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ
നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം.
പശ്ചാത്താപത്തോടെ
തെറ്റുകളിലും കുറ്റങ്ങളിലുംനിന്നു നമുക്കു പിന്തിരിയാം.
സകലത്തിന്റേയും നാഥനായ ദൈവത്തോട്
പാപമോചനവും അനുഗ്രഹവും യാചിക്കുകയും
നമ്മുടെ സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുകയും ചെയ്യാം.

ഈസമയത്തു്, ആവശ്യമെങ്കിൽ, കുർബാന സ്വീകരിക്കുവാനുള്ളവർക്കായി പുരോഹിതൻ തിരുവോസ്തികയും ഒരുക്കിവയ്ക്കുന്നു.

പുരോഹിതൻ കൈകയും ഉയർത്തിപ്പിടിച്ചു പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു. അങ്ങേനാമം എന്നും സ്തുത്യർഹമാകുന്നു. **34** എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ പാപങ്ങയ്ക്കനുസൃതമായിട്ടല്ല അങ്ങു പ്രവർത്തിച്ചതു്. പ്രത്യുത, അങ്ങേ ദയാധിക്യത്താൽ ഞങ്ങളെ അന്ധകാരത്തിന്റെ ശക്തികളിൽനിന്നു രക്ഷിക്കുകയും, അങ്ങേ വത്സലപുത്രന്റെ രാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. ഞങ്ങളുടെ കർത്താവീശോമിശിഹാ മരണത്തിന്റെ വാഴ്ചയെ അവസാനിപ്പിക്കുകയും അക്ഷയമായ ജീവൻ ഞങ്ങയ്ക്കു നല്കുകയും ചെയ്തിരിക്കുന്നു. കർത്താവേ, അങ്ങേ പരിശുദ്ധബലിപീഠത്തിങ്കൽ ഈ ദിവ്യബലി അങ്ങേക്കു സമർപ്പിക്കുവാൻ ഞങ്ങയ്ക്കനുഗ്രഹം നല്കിയതുപോലെ, പരിപൂർണ്ണമായ പരിശുദ്ധിയോടെ ഈ ദിവ്യദാനം സ്വീകരിക്കുവാനും കാരുണ്യപൂർവ്വം ഞങ്ങളെ യോഗ്യരാക്കണമേ. ഈ ക്ഷുദ്രാശ ഞങ്ങയ്ക്കു ശിക്ഷാവിധിക്കു കാരണമാകാതെ, കാരുണ്യാനുഗ്രഹങ്ങയ്ക്കും പാപമോചനത്തിനും ശരീരത്തിന്റെ ഉത്ഥാനത്തിനും നിത്യജീവനും നിദാനമാകട്ടെ. ഞങ്ങളെല്ലാവരും അങ്ങേക്കു സാക്ഷ്യം വഹിക്കുന്നവരും അങ്ങേ വാസത്തിനു യോജിച്ച ആലയങ്ങളുമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങളോടു് ഒന്നിപ്പിക്കപ്പെടുന്ന ഞങ്ങയ്ക അവിടുന്നു മഹിമയോടെ ആഗതനാകുമ്പോയ സകലവിശുദ്ധരുടേയും മഹത്വത്തിൽ പങ്കുകാരാകട്ടെ. അങ്ങേക്കും അങ്ങേ തിരുക്കുമാരനും പരിശുദ്ധാത്മാവിനും ഞങ്ങയ ആരാധനയും സ്തുതിയും പുകഴ്ത്തയും ബഹുമാനവും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂഹം : കർത്താവേ,
അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും
ക്ഷമിക്കണമേ.

സഹായി: നമുക്കു മനസ്സാക്ഷിയെ ശുദ്ധീകരിച്ചുകൊണ്ടു്
കലഹങ്ങളിലും ഭിന്നതകളിലുംനിന്നു പിന്മാറാം.

സമൂഹം : കർത്താവേ,
അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും
ക്ഷമിക്കണമേ.

സഹായി: ശത്രുതയിലും വിദ്വേഷത്തിലുംനിന്നു
നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

സമൂഹം : കത്താവേ,
അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും
ക്ഷമിക്കണമേ.

സഹായി: ഒരുക്കത്തോടെ ദിവ്യകാരുണ്യം സ്വീകരിച്ചു°
പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാം.

സമൂഹം : കത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും
അപരാധങ്ങളും ക്ഷമിക്കണമേ.

സഹായി: യോജിപ്പോടും ഐകമത്യത്തോടുംകൂടെ
ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

സമൂഹം : കത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും
അപരാധങ്ങളും ക്ഷമിക്കണമേ.

സഹായി: കത്താവേ, ഇതു ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും
ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

സമൂഹം : നിത്യജീവനും കാരണമാകട്ടെ.

സഹായി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോ : (കുനിഞ്ഞുനിന്നു°) കത്താവേ, നിന്റെദാസരുടെപാപങ്ങളും
കുറവുകളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ. നിന്റെ രാജ്യ
ത്തിൽ സകല വിശുദ്ധരോടുമൊത്തു° നിന്നെ സ്തുതിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

പുരോഹിതൻ കൈകൾ ഉയർത്തിപ്പിടിച്ച് പ്രാർത്ഥിക്കുന്നു.

(കർത്താവിന്റെ തിരുനാളുകളിൽ)

പുരോ : കർത്താവേ, ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ നിന്റെ ശാന്തിയും പുലർത്തണമേ.[35] നിന്റെ കുരിശു ഞങ്ങൾക്കു രക്ഷാകേന്ദ്രമായിരിക്കട്ടെ. ഞങ്ങളുടെ നാവു നിന്റെ സത്യം പ്രകീർത്തിക്കട്ടെ. ഞങ്ങളുടെ അധരങ്ങൾ നിനക്കു കീർത്തനമാലപിക്കുന്ന പുതിയ വീണകളാകട്ടെ. "നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ" എന്നുപദേശിച്ചുകൊണ്ട് ശിഷ്യന്മാരെ നീ പഠിപ്പിച്ച വിശിഷ്ടമായ പ്രാർത്ഥന[36] ഞങ്ങൾ എല്ലാവരുംകൂടെ ഇപ്പോൾ ആവർത്തിക്കുന്നു:

(മറ്റുദിവസങ്ങളിൽ)

പുരോ : ഞങ്ങളുടെ കർത്താവായ ദൈവമേ, നിർമ്മലഹൃദയത്തോടും പ്രസന്നവദനത്തോടും മനോവിശ്വാസത്തോടുംകൂടെ എപ്പോഴും അങ്ങയുടെസന്നിധിയിൽ വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഏകസ്വരത്തിൽ അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു:

പുരോ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.[37]

പുരോ : കത്താവേ, ബലവാനായ സർവ്വേശ്വരാ, നല്ലവനായ ദൈവമേ, കൃപാപൂർണ്ണനായ പിതാവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽഉൾപ്പെടുത്തരുതേ. ദുഷ്ടാത്മാവിയിൽനിന്നും അവന്റെസൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു.

പുരോ : (ജനങ്ങളുടെനേരെതിരിഞ്ഞു്) നിങ്ങൾക്കു✠ സമാധാനം.

സമൂഹം : അങ്ങേക്കും സമാധാനം.

വലതുകരം വിശുദ്ധ കുർബാനയുടെ നേരെ നീട്ടിക്കൊണ്ടു് ബലിപീഠത്തിലേക്കു തിരിയുന്നു. അപ്പോൾ ചൊല്ലുന്നു:

പുരോ : വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു.

സമൂഹം : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക ദൈവം മാത്രമാകുന്നു പരിശുദ്ധൻ.

സഹായി: സജീവനായ ദൈവത്തെ നമുക്കു പ്രകീർത്തിക്കാം.

സമൂഹം ദിവസത്തിന്റെ ഓനീസാദ്യവേമ്മാ ചൊല്ലുന്നു. പുരോഹിതൻ ആചാരം ചെയ്യുതിരുശ്ശരീരംകൈകളിലെടുത്തുതാഴെ വരുന്ന പ്രാർത്ഥനകളിൽ ഒന്നു ചൊല്ലുന്നു.

പുരോ : കത്താവേ, അങ്ങയുടെ തിരുശ്ശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

(അല്ലെങ്കിൽ)

മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും സകലത്തിന്റേയും നാഥനുമായ മിശിഹായേ, അങ്ങയുടെ ദിവ്യശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ. അങ്ങയുടെ അമൂല്യരക്തത്താൽ ഞങ്ങളുടെ കടങ്ങൾ മായിക്കണമേ. അങ്ങയുടെ അനുഗ്രഹത്താൽ ഞങ്ങളുടെ മനസ്സാക്ഷിയെ നിർമ്മലമാക്കുകയും ചെയ്യണമേ.

(അല്ലെങ്കിൽ)

കർത്താവായ മിശിഹായേ, ഞാൻ അയോഗ്യനെങ്കിലും അങ്ങേ അനുഗ്രഹങ്ങളുടെ നിക്ഷേപം ഇതാ എന്റെ കരങ്ങളിൽ. അങ്ങയുടെ കാരുണ്യത്താൽ ഞാൻ സ്വീകരിക്കുന്ന ഈ ദിവ്യകൂദാശയുടെ ശക്തിവിശേഷം എന്നിൽ പ്രകടമാക്കണമേ.

പുരോഹിതൻ തിരുശ്ശരീരം ഉയർത്തിക്കൊള്ളുന്നു. ആചാരംചെയ്യുകാസ കൈയിലെടുത്തുകൊണ്ട് ചൊല്ലുന്നു:

പുരോ: സ്വർഗ്ഗീയമണവാളാ,
അങ്ങയുടെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്കു,
അങ്ങയുടെ അമൂല്യരക്തത്തിന്റെ കാസ
അങ്ങു സജ്ജമാക്കി.

തിരുരക്തം ഉയർത്തിക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു:

അതിൽനിന്നു പാനംചെയ്യുവാൻ
പാപിയായ എന്നെയും അനുവദിച്ചു.
അങ്ങയുടെ അവർണ്ണനീയമായ സ്നേഹത്തിനു
എന്നേയ്ക്കും സ്തുതി.

പുരോ: (ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ട്) നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ പ്രസാദവരം നാമെല്ലാവരിലും ✠ സമൃദ്ധമാകട്ടെ.

സമൂഹം: എപ്പോഴും എന്നേയ്ക്കും. ആമ്മേൻ.

സഹായി: (ജനങ്ങളുടെനേരെ തിരിഞ്ഞു)
സഹോദരരേ, വിശ്വാസത്തോടെ ദൈവപുത്രന്റെ
ശരീരം സ്വീകരിക്കുവാനും
അവിടുത്തെ കാസ പാനം ചെയ്യുവാനും
തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു.

ജനങ്ങൾക്കു് ദിവ്യകാരുണ്യം നല്കുമ്പോൾ പുരോഹിതൻ ചൊല്ലുന്നു:

പുരോ: മിശിഹായുടെ ശരീരവും രക്തവും നിത്യജീവൻ നല്കട്ടെ.

ജനങ്ങൾക്കു വിശുദ്ധ കുർബാന നല്കിക്കഴിഞ്ഞു് പുരോഹിതൻ താഴെവരുന്ന പ്രാർത്ഥനകളിൽ ഒന്നു ചൊല്ലുന്നു:

പുരോ: മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, സകലത്തിന്റെയും നാഥാ, ഞങ്ങൾ സ്വീകരിച്ച ശരീരവും രക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും അങ്ങയുടെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ.

(അല്ലെങ്കിൽ)

മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, അങ്ങയുടെ ശരീരം സ്വീകരിച്ച ഞങ്ങളിൽ അങ്ങയുടെ ശക്തി ആന്തരികമായി വസിക്കട്ടെ. ഞങ്ങൾ ആനന്ദപൂർവ്വം അങ്ങയെ എതിരേല്ക്കുകയും, അങ്ങയുടെ അഭീഷ്ടം നിറവേറുന്ന വിശുദ്ധരോടൊന്നിച്ചു് അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ.

(അല്ലെങ്കിൽ)

മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, പീലാസയിൽനിന്നു് അങ്ങേ ശരീരം ഭക്ഷിക്കയും കാസയിൽനിന്നു് അങ്ങേരക്തം പാനംചെയ്കയുംചെയ്ത ഞങ്ങൾ നല്ലകള്ളനോടും അങ്ങേ അഭീഷ്ടം നിറവേറുന്ന നീതിമാന്മാരോടുംകൂടെ പറുദീസായിൽ അങ്ങയെ സ്തുതിക്കുവാൻ യോഗ്യരാകട്ടെ.

ഈസമയത്തു സഹായികാസയിൽവെള്ളം ഒഴിച്ചുകൊടുക്കുന്നു. പുരോഹിതൻകാസയും പീലാസയും തുടച്ചു് അവയുടെ സ്ഥാനത്തു വയ്ക്കുന്നു. ഈസമയത്തു സമൂഹം ചൊല്ലുന്നു:

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

സമൂഹം : ഞങ്ങളുടെ കർത്താവേ,
വിശുദ്ധകുർബാന സ്വീകരിച്ച ഞങ്ങളുടെ കൈകളെ
സൽപ്രവൃത്തികൾ ചെയ്യുവാൻ ശക്തമാക്കണമേ.
വിശുദ്ധസ്ഥലത്തു കീർത്തനം പാടിയ ഞങ്ങളുടെ
അധരങ്ങളെ
സ്വർഗ്ഗത്തിൽ അങ്ങയെ സ്തുതിക്കുവാൻ
അർഹമാക്കണമേ.

അങ്ങയുടെ സ്തുതികൾ കേട്ട കാതുകൾ
ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ.
അങ്ങയുടെ കാരുണ്യം കണ്ട കണ്ണുകൾക്കു
അങ്ങയുടെ പ്രത്യാഗമനം കാണുവാൻ ഇടയാകട്ടെ.
പരിശുദ്ധൻ എന്നു പാടിയ ഞങ്ങളുടെ നാവുകളെ
സത്യം പറയുവാൻ സന്നദ്ധമാക്കണമേ.
അങ്ങയുടെ ആലയത്തിൽ സഞ്ചരിച്ച പാദങ്ങൾ
പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കുവാൻ
യോഗ്യമാകട്ടെ.

അങ്ങയുടെ ശരീരം ഭക്ഷിച്ച ഞങ്ങൾക്കു
നവമായ ജീവൻ നൽകണമേ.
അങ്ങയെ ആരാധിച്ച ഞങ്ങളുടെ സമൂഹത്തെ
അനുഗ്രഹങ്ങൾകൊണ്ടു സമൃദ്ധമാക്കണമേ.
അങ്ങയുടെ അനന്തമായ സ്നേഹം
ഞങ്ങളോടുകൂടെ എന്നും വസിക്കട്ടെ.
ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും
അങ്ങേയ്ക്കു നന്ദിപ്രകാശിപ്പിക്കുകയും ചെയ്യട്ടെ.
ഞങ്ങളുടെ പ്രാർത്ഥനകൾക്കു വാതിൽ തുറക്കണമേ.
ഞങ്ങളുടെ ഈ ശുശ്രൂഷ
അങ്ങയുടെ സന്നിധിയിൽ സ്വീകാര്യമാകുകയും
ചെയ്യട്ടെ.

(അല്ലെങ്കിൽ)

സമൂഹം : ഞങ്ങളുടെ കത്താവായ ഈശോയേ,
പീഡാസഹനംവഴി
മരണത്തെ ജയിച്ച ആരാധ്യനായ രാജാവേ,
സ്വർഗ്ഗരാജ്യത്തിൽ നിത്യജീവൻ ഞങ്ങൾക്കു വാഗ്ദാനം
ചെയ്ത അങ്ങയുടെ പ്രത്യാഗമനത്തിൽ
ജീവൻ പ്രാപിച്ചവരായി അങ്ങയെ എതിരേല്ക്കുവാൻ
ഞങ്ങൾ പുറപ്പെടട്ടെ.
എല്ലാ ഉപദ്രവങ്ങളും അകറ്റി
ഞങ്ങളിൽ സമാധാനവും അനുഗ്രഹവും
വർദ്ധിപ്പിക്കണമേ.
ഞങ്ങളുടെ വംശത്തിനു നല്കിയ കൃപയെക്കുറിച്ച്
ഓശാനപാടി അങ്ങയെ ഞങ്ങൾ സ്തുതിക്കും.
എന്തുകൊണ്ടെന്നാൽ മർത്ത്യരായ ഞങ്ങളോട്
അങ്ങു കാണിച്ച കാരുണ്യം വലുതാകുന്നു.
ഞങ്ങളിൽ അങ്ങയുടെ സ്നേഹം ഉദയംചെയ്തു.
അങ്ങയുടെ പരിഹാരബലിവഴി
ഞങ്ങളുടെ പാപങ്ങൾ അങ്ങ് ഉന്മൂലനം ചെയ്തു.
അങ്ങയുടെ ദാനത്തെക്കുറിച്ച് അങ്ങേക്കു സ്തുതി.
കനിവോടെ കടങ്ങൾ പൊറുക്കുന്നവനേ,
അങ്ങയുടെ സ്വർഗ്ഗീയദാനം വാഴ്ത്തപ്പെട്ടതാകട്ടെ.
ദൈവമായ അങ്ങയെ സ്തുതിച്ചാരാധിക്കുന്നതിനും
സ്തോത്രങ്ങൾ ആലപിക്കുന്നതിനും
ഞങ്ങളെല്ലാവരേയും അനുഗ്രഹിക്കണമേ.

(സാധാരണ ദിവസങ്ങളിൽ)

സമൂഹം : ഞങ്ങളുടെ കത്താവേ,
വിശ്വാസത്തോടെ ഞങ്ങൾ സ്വീകരിച്ച ഈ
ദിവ്യകുർബാന
ഞങ്ങൾക്കു പാപമോചനത്തിനു കാരണമാകട്ടെ.
യുഗങ്ങളുടെ രാജാവായ മിശിഹായേ,
അങ്ങുദാസന്റേയും സൃഷ്ടാവിന്റേയും സാദൃശ്യമാകുന്നു.

അങ്ങിൽ വിശ്വസിച്ച സകലരുടേയും കുറകളും
കുടങ്ങളും
അങ്ങയുടെ ശരീരരക്തങ്ങളാൽ നിർമ്മാജ്ജനം
ചെയ്യുകയും ക്ഷമിക്കുകയുംചെയ്തു.
അങ്ങയുടെ പ്രത്യാഗമനത്തിൽ അങ്ങയെ
എതിരേല്ക്കുവാനും
അങ്ങയുടെ സന്നിധിയിൽ നില്ക്കുവാനും
സ്വർഗ്ഗവാസികളോടുകൂടെ അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ.

സഹായി: പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവുമായ ഈ കുർബാനയിൽ
പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കൊരുമിച്ച്
അതിന്റെ ദാതാവായ ദൈവത്തിനു്
സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂഹം: അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ,
അങ്ങേക്കു സ്തുതി. [38]

സഹായി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോഹിതൻ ബലിപീഠത്തിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ടു ചൊല്ലുന്നു:

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

പുരോ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ,
ആരാധ്യവും മഹനീയവുമായ അങ്ങയുടെ നാമത്തിനു്
നിരന്തരം കൃതജ്ഞത സമർപ്പിക്കുക ഏറ്റവും
ഉചിതമാകുന്നു.
എന്തുകൊണ്ടെന്നാൽ, അങ്ങയുടെ വചനങ്ങളുടെ
മാധുര്യം ആസ്വദിക്കുവാനും,
മാലാഖമാരോടുകൂടെ അങ്ങയെ സ്തുതിക്കുവാനും
ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാനും
ബലഹീനരായ ഞങ്ങളെ അങ്ങു യോഗ്യരാക്കി.

സമൂഹം : ആമ്മേൻ. കത്താവേ, ആശീർവ്വദിക്കണമേ.

പുരോ : സകലത്തെയും പവിത്രീകരിക്കുന്ന
തന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ
നമ്മുടെ കത്താവും ദൈവവും രാജാവും രക്ഷകനുമായ
മിശിഹാ
നമുക്കു് അനുഗ്രഹം നൽകി.
വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുംവഴി
തന്നെ പ്രസാദിപ്പിക്കുവാൻ അവിടുന്നു നമ്മെ
സഹായിക്കട്ടെ.
നമ്മൾ സ്വീകരിച്ച ഈ ദിവ്യദാനം
കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും
ഉയിർപ്പിന്റെ പ്രത്യാശയ്ക്കും
വിശ്വസ്തരോടൊന്നിച്ചുള്ള സ്വർഗ്ഗീയജീവിതത്തിനും
കാരണമാകട്ടെ.

സഹായി: ഉവ്വോ, ആശീർവ്വദിച്ചാലും.

(സാധാരണ ദിവസങ്ങളിൽ)

പുരോ : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ,
കടങ്ങളുടെ മോചനത്തിനായി കാരുണ്യപൂർവ്വം അങ്ങു
ഞങ്ങൾക്കു നൽകിയ
പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ
ദിവ്യദാനത്തെക്കുറിച്ചു്
അങ്ങയുടെ മഹനീയമായ ത്രിത്വത്തിനു്
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു.

സമൂഹം : ആമ്മേൻ. കത്താവേ, ആശീർവ്വദിക്കണമേ.

പുരോ: മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ,
പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ
കുർബാനവഴി
ഞങ്ങളുടെ കടങ്ങൾ മോചിക്കുന്ന കർത്താവേ,
അങ്ങയുടെ ആരാധ്യമായ ഈ ദാനം
എന്നും വാഴ്ത്തപ്പെട്ടതാകുന്നു.

സഹായി: ഹ്രോ, ആശീർവ്വദിച്ചാലും.

പുരോഹിതനും ജനങ്ങളും: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഞങ്ങൾക്ഷമിക്കുന്നതു പോലെ ഞങ്ങളുടെതെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

പുരോഹിതൻ വടക്കുവശത്തേക്ക് അല്പം മാറി ജനങ്ങളുടെനേരെ തിരിഞ്ഞുനിന്നുകൊണ്ട് താഴെക്കൊടുത്തിരിക്കുന്ന പ്രത്താമ്മകളിൽ ഒന്നുചൊല്ലുന്നു. പ്രത്താമ്മായുടെ അവസാനത്തിൽ ജനങ്ങളെ ആശീർവ്വദിക്കുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

പുരോ: നമ്മുടെ കർത്താവീശോമിശിഹാവഴി
എല്ലാ ആധ്യാത്മികദാനങ്ങളുംകൊണ്ട്
ദൈവം നമ്മെ അനുഗ്രഹിച്ചു. [39]
നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ
ക്ഷണിക്കയും
നിത്യസൗഭാഗ്യം നമുക്കു വാഗ്ദാനംചെയ്കയുംചെയ്തു.
അവിടുന്നു തന്റെ ശിഷ്യന്മാരോട് ഇപ്രകാരം
അരുൾചെയ്തു:

"സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു;
എന്റെ ശരീരം ഭക്ഷിക്കയും
രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ
എന്നിലും ഞാൻ അവനിലും വസിക്കും.
അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും.
അവൻ ശിക്ഷാവിധിക്കു വിധേയനാവുകയില്ല.
പ്രത്യുത, മരണത്തിൽനിന്നു നിത്യായുസ്സിലേക്കു
പ്രവേശിക്കും." 40

ഈ വാഗ്ദാനമനുസരിച്ച്,
ഈ കുർബാനയിൽ പങ്കുകൊണ്ട നമ്മെ എല്ലാവരേയും
ദൈവം അനുഗ്രഹിക്കട്ടെ.
കർത്താവിന്റെ കുരിശിന്റെ സജീവമായ
അടയാളത്താൽ

നാമെല്ലാവരും മുദ്രിതരാകട്ടെ;
എല്ലാ അപകടങ്ങളിലുംനിന്നു സംരക്ഷിതരുമാകട്ടെ.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും

സമൂഹം: ആമ്മേൻ.

(സാധാരണ ദിവസങ്ങളിൽ)

പുരോ: തന്റെ ശരീരരക്തങ്ങളാൽ
നമ്മെ ധന്യരാക്കിയ മിശിഹായെ നമുക്കു സ്തുതിക്കാം.
ദൈവത്തിന്റെ ജനമേ,
നിങ്ങളുടെമേൽ അവിടുന്നു കൃപയും അനുഗ്രഹവും
ധാരാളമായി വർഷിക്കട്ടെ.
അവിടുത്തെ പരിപാലനം നിങ്ങളെ സംരക്ഷിക്കുകയും
ചെയ്യട്ടെ.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും

സമൂഹം: ആമ്മേൻ.

(വേറൊന്ന്)

പുരോ: സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ
ഈ കുർബാനവഴി
നമ്മുടെ കർത്താവിനെ നാം സ്തുതിക്കുകയും
ബഹുമാനിക്കുകയും ചെയ്യട്ടെ.
തന്റെ രാജ്യത്തിന്റെ മഹത്വവും ആനന്ദവും
ദൈവം നമുക്കു നല്കുമാറാകട്ടെ.
നമ്മുടേയും ലോകം മുഴുവന്റേയും
തിരുസ്സഭയുടേയും അവളുടെ സന്താനങ്ങളുടേയും മേൽ
അവിടുന്നു കൃപയും അനുഗ്രഹവും വർഷിക്കട്ടെ.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

(മരിച്ചവർക്കുവേണ്ടി)

പുരോ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
നിഷ്കളങ്കനായ ആബേലിന്റേയും
പരമാർത്ഥിയായ നോഹിന്റേയും
വിശ്വാസവാനായ അബ്രാഹത്തിന്റേയും
ക്ഷമാപൂർണ്ണനായ യോബിന്റേയും
പ്രവാചകനായ ഏലിയായുടേയും
അനുഗൃഹീതരായ ശ്ലീഹന്മാരുടേയും
ബലികൾ പോലെയും
വിധവയുടെ കൊച്ചുകാശുപോലെയും
ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ച്
മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കണമേ.
കർത്താവേ, അങ്ങയുടെ ദാസനു (ദാസിക്കു) വേണ്ടിയുള്ള
ഈ ബലി
കനിവോടെ കൈക്കൊള്ളുകയും
ഈയാളുടേയും ഈയാളോടുകൂടെ വേദനയനുഭവിക്കുന്ന
വരുടേയും
അപരാധങ്ങൾ ക്ഷമിക്കുകയുംചെയ്യണമേ.

കാരുണ്യവാനായ കത്താവേ,
അങ്ങയുടെ വിശുദ്ധരോടൊന്നിച്ച്
സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കുവാൻ
ഈ സഹോദരനെ (സഹോദരിയെ) അനുഗ്രഹിക്ക
ണമേ.

അവിടെ, ഇയാൾ ത്രിയേകദൈവത്തിനു്
ആരാധനയും സ്തുതിയും സമർപ്പിക്കട്ടെ.
ഇന്നത്തെ ദിവ്യകർമ്മങ്ങളിൽ സംബന്ധിച്ച
എല്ലാവരേയും
ദയാപൂർവ്വം അനുഗ്രഹിക്കണമേ.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

പുരോഹിതൻ മദ്ബഹായുടെ മധ്യത്തിൽ വന്നു് ആചാരം ചെയ്തശേഷം സഹായികളോടുകൂടെ സങ്കീർത്തിയിലേക്കു മടങ്ങുന്നു.

വിടവാങ്ങൽ പ്രാർത്ഥന

പുരോ: വിശുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമേ, സ്വസ്തി. നിന്നിൽ നിന്നു ഞാൻ സ്വീകരിച്ച കുർബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനിയൊരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

കുർബാനക്രമം സമാപ്തം

അനുബന്ധം

1. നമ്മുടെ കർത്താവു്

ലേഖനം (റോമാ. 10, 9—17)

ഈശോയാണു് കർത്താവെന്നും അധരങ്ങൊകൊണ്ടു് ഏറ്റു പറയുകയും, ദൈവം അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർപ്പിച്ചെന്ന ഹൃദയത്തിൽ വിശ്വസിക്കയും ചെയ്താൽ നീ രക്ഷപ്പെടും. ഹൃദയംകൊണ്ടു വിശ്വസിക്കുന്നവൻ നീതീകരിക്കപ്പെടുന്നു; അധരങ്ങൊകൊണ്ടു ഏറ്റുപറയുന്നവൻ രക്ഷപ്രാപിക്കുന്നു. "അവിടുത്തെ വിശ്വസിക്കുന്നവൻ ഭഗ്നാശനാകയില്ല" എന്നാണല്ലോ വിശുദ്ധഗ്രന്ഥം പറയുന്നതു്. അവിടുത്തെ സംബന്ധിച്ചിടത്തോളം യഹൂദരും യവനരും തമ്മിൽ വ്യത്യാസമില്ല; എല്ലാവരുടേയും കർത്താവു് ഒരാൾതന്നെ. അവിടുത്തെ വിളിച്ചപേക്ഷിക്കുന്നവരുടെ അഭീഷ്ടം സാധിച്ചുകൊടുക്കത്തക്കവിധം അവിടുന്നു സർവ്വസമ്പന്നനാണു്. "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷപ്പെടും." എന്നാൽ, അവർ വിശ്വസിക്കാത്ത ആളിനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗകനുണ്ടാകും? "സമാധാനത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നവരുടെ, നന്മയുടെ സന്ദേശം നല്കുന്നവരുടെ, കാലടികൾ എത്ര മനോഹരങ്ങളാണു്" എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നതു്. എന്നാൽ, എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല. "കർത്താവേ, ഞങ്ങൾ പറഞ്ഞതു് ആരു വിശ്വസിച്ചു" എന്നു് ഇസയാസു ചോദിക്കുന്നു. ആകയാൽ, വിശ്വാസം കേൾവിയേയും, കേൾവി മിശിഹായുടെ വചനത്തേയും ആശ്രയിച്ചിരിക്കുന്നു.

സുവിശേഷം

വിശുദ്ധ മത്തായി എഴുതിയ സുവിശേഷം (11, 25 - 30)

അനന്തരം ഈശോ തുടർന്നു: "സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും നാഥനായ പിതാവേ, ഇക്കാര്യങ്ങൾ വിജ്ഞാനികളിലും വിവേകമതികളിലുംനിന്നു മറച്ചുവച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിക്കൊടുത്തതിനു്, ഞാൻ അങ്ങയെ സ്തുതിക്കുന്നു. അതേ; പിതാവേ, അതുതന്നെയായിരുന്നു അങ്ങയുടെ തിരുവിഷ്ടം. സമസ്തവും എന്റെ പിതാവു് എന്നെ ഏല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്താൻ മനസ്സാകുന്നോ അവനുമല്ലാതെ മറ്റാരും പിതാവിനേയും അറിയുന്നില്ല. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമത്രേ. ആകയാൽ, എന്റെ നുകം വഹിക്കയും എന്നിൽനിന്നു പഠിക്കയും ചെയ്യുവിൻ; നിങ്ങൾക്കപ്പോൾ ആശ്വാസം ലഭിക്കും. എന്റെ നുകം മാധുര്യമുള്ളതും, എന്റെ ഭാരം ലഘുവുമാകുന്നു."

3. വിശുദ്ധകുർബാനയുടെ തിരുനാൾ

ലേഖനം (1 കൊറി. 11, 23 - 30)

കർത്താവിൽനിന്നു് എനിക്കു ലഭിച്ചതു് അതേപടി ഞാൻ നിങ്ങളെ ഏല്പിച്ചു. അതായതു്, നമ്മുടെ കർത്താവായ ഈശോ താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്തു്, ആശീർവ്വദിച്ചു മുറിച്ചശേഷം അരുൾചെയ്തു: "വാങ്ങി ഭക്ഷിക്കുവിൻ; ഇതു നിങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന എന്റെ ശരീരമാണു്. എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ". അതുപോലെ, അത്താഴംകഴിഞ്ഞു പാനപാത്രമെടുത്തുകൊണ്ടു് അവിടുന്നു് അരുൾചെയ്തു: "ഈപാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു. നിങ്ങൾ പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ." നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ പാത്രത്തിൽനിന്നു പാനംചെയ്കയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ ആഗമനംവരെ അവിടുത്തെ മരണത്തെ

അനുസ്മരിക്കയത്രേ ചെയ്യുന്നതു്. ആകയാൽ, അയോഗ്യമായി ഈ അപ്പം ഭക്ഷിക്കയും ഈ പാത്രത്തിൽനിന്നു പാനംചെയ്കയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരായി തെറ്റുചെയ്യുന്നു. തന്നെത്തന്നെ പരിശോധിച്ചശേഷമേ ഈ അപ്പത്തിൽനിന്നു ഭക്ഷിക്കയും ഈ പാത്രത്തിൽനിന്നു പാനംചെയ്കയും ചെയ്യാവൂ. വിവേചനകൂടാതെ, അയോഗ്യതയോടെ, കർത്താവിന്റെ ശരീരം ഭക്ഷിക്കയും കർത്താവിന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവൻ ശിക്ഷാവിധി ഭക്ഷിക്കയും പാനംചെയ്കയുമത്രേ ചെയ്യുന്നതു്. ഇതുനിമിത്തം നിങ്ങളിൽ പലരും രോഗികളും ബലഹീനരും ആയിത്തീർന്നിരിക്കുന്നു; വളരെപ്പേർ ഉറങ്ങുകയും ചെയ്യുന്നു.

സുവിശേഷം (യോഹ. 6, 51—64)

"സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാൻതന്നെയാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരംതന്നെയാണു്." തത്സമയം യഹൂദന്മാർ പരസ്പരം ചോദിച്ചു: "തന്റെ ശരീരം നമുക്കു ഭക്ഷിക്കാൻതരാൻ ഇയ്യാൾക്കു് എങ്ങനെ കഴിയും?" ഈശോ അരുൾചെയ്തു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും അയാളുടെ രക്തം പാനംചെയ്കയും ചെയ്യാതെ നിങ്ങളിൽ ജീവനുണ്ടായിരിക്കയില്ല. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനംചെയ്കയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്റെ ശരീരം യഥാർത്ഥഭക്ഷണവും എന്റെ രക്തം യഥാർത്ഥപാനീയവുമാണു്. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനംചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. സജീവനായ പിതാവാണു് എന്നെ അയച്ചതു്. പിതാവുമൂലം ഞാൻ ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പം ഇതാകുന്നു. പിതാക്കന്മാർ ഭക്ഷിച്ച മന്നപോലെയല്ല ഇതു്. അവർ മരണമടഞ്ഞല്ലോ. എന്നാൽ, ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും." ഈശോ കഫർണാമിലെ ജപാലയ

ത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ° ഇവയെല്ലാം അരുൾ ചെയ്തത°. ഇതുകേട്ടപ്പോൾ അവിടത്തെ ശിഷ്യന്മാരിൽ പലരും പറഞ്ഞു: "ഈ വാക്കുകൾ ദുർഗ്രഹങ്ങളാണ°; ആർക്കിതു ശ്രദ്ധിച്ചുകൊണ്ടിരിക്കാൻ കഴിയും?" ഇതേപ്പറ്റി തന്റെ ശിഷ്യന്മാരും പിറുപിറുക്കയാണെന്നു സ്വയം മനസ്സിലാക്കിയ ഈശോ അവരോടരുൾചെയ്തു. "ഇതു നിങ്ങൾക്കും ഇടർച്ചയ്ക്കു കാരണമാകുന്നുവോ— അങ്ങനെയെങ്കിൽ, മനുഷ്യപുത്രൻ മുമ്പേ ഇരുന്നിരുന്ന സ്ഥലത്തേക്കു കരേറുന്നതു നിങ്ങൾ കണ്ടാലോ! ആത്മാവാണു ജീവൻ നല്കുന്നതു°; ജഡം ഫലശൂന്യമത്രേ. ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ°."

3. പരിശുദ്ധ കന്യകാമറിയം

ലേഖനം (എബ്രാ. 1, 9—14)

അങ്ങു നീതിയെ സ്നേഹിക്കയും ദുഷ്ടതയെവെറുക്കയുംചെയ്തു. ആകയാൽ, ദൈവമേ, അങ്ങയുടെ ദൈവം അങ്ങയുടെ കൂട്ടുകാരെക്കാൾ കൂടുതലായി അങ്ങയെ ആനന്ദതൈലംകൊണ്ടു° അഭിഷേകം ചെയ്തിരിക്കുന്നു. "കർത്താവേ, അങ്ങു° ആദിയിൽ ഭൂമിക്കു° അടിസ്ഥാനമിട്ടു. ആകാശം അങ്ങയുടെ കൈവേലയാകുന്നു. അവയെല്ലാം നശിക്കും; എന്നാൽ, അങ്ങു നിലനില്ക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും. ഉടുപ്പെന്നപോലെ അങ്ങു° അവയെ മടക്കും; അപ്പോൾ അവയ്ക്കു മാറ്റം സംഭവിക്കും. എന്നാൽ, അങ്ങു° അന്നുമെന്നും ഒന്നുപോലെതന്നെ. അങ്ങയുടെ സംവത്സരങ്ങൾ അവസാനിക്കയില്ല." "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലത്തുഭാഗത്തിരിക്കുക" എന്നു° ഏതു മാലാഖയോടാണു° ദൈവം അരുൾചെയ്തിട്ടുള്ളതു°? രക്ഷപ്രാപിക്കാനുള്ളവരുടെ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലേ അവരെല്ലാം?

സുവിശേഷം (മത്താ. 12, 46—50)

അവിടുന്നു ജനക്കൂട്ടത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവിടത്തെ അമ്മയും സഹോദരന്മാരും അവിടത്തോടു സംസാരിക്കാൻ ആഗ്രഹിച്ചുകൊണ്ടു പുറത്തുനില്ക്കുന്നുണ്ടായിരുന്നു. "ഇതാ

അങ്ങയെ കാത്തു് അങ്ങയുടെ മാതാവും സഹോദരന്മാരും പുറത്തു നില്ക്കുന്നു'' എന്നു് ഒരാൾ ഈശോയോടു പറഞ്ഞു. അവിടുന്നു് അയാളോടു ചോദിച്ചു: ''ആരാണു് എന്റെ അമ്മയും സഹോദരന്മാരും?'' അനന്തരം, തന്റെ ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവിടുന്നു് അരുൾചെയ്തു: ''ഇതാ, എന്റെ അമ്മയും സഹോദരന്മാരും! എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവിഷ്ടം നിറവേറ്റുന്നവരത്രേ എന്റെ സഹോദരനും സഹോദരിയും അമ്മയും.''

4. വി. യൗസേപ്പു്

ലേഖനം (2 കൊറി. 10, 4—18)

ഞങ്ങളുടെ സമരായുധങ്ങൾ ശാരീരികങ്ങളല്ല; ദൈവികങ്ങളാണു്. ഏതു കോട്ടയേയും ഗ്രഥാലോചനകളേയും തകർക്കാൻ അതിനു ശക്തിയുണ്ടു്. ദൈവജ്ഞാനത്തിനെതിരായി അഹങ്കരിച്ചുയരുന്ന എന്തിനേയും ഏതു കുയുക്തിയേയും അതു നശിപ്പിക്കും; മിശിഹായെ അനുസരിക്കാൻതക്കവിധം ഏതു മനസ്സിനേയും കീഴടക്കും. നിങ്ങളുടെ അനുസരണം പൂർത്തിയായിക്കഴിയുമ്പോൾ, പിന്നീടുണ്ടാകുന്ന എല്ലാ അനുസരണക്കേടിനേയും ശിക്ഷിക്കാൻ ഞങ്ങൾ ഒരുങ്ങിയിരിക്കയാണു്. കൺമുമ്പിലുള്ള കാര്യങ്ങൾ നിങ്ങൾ വ്യക്തമായി കാണണം. താൻ മിശിഹായുള്ളവനാണെന്നു് അവകാശപ്പെടുന്നവൻ, ഞങ്ങളും അയാളെപ്പോലെതന്നെ മിശിഹായുള്ളവരാണെന്നു മനസ്സിലാക്കിക്കൊള്ളട്ടെ. കർത്താവു ഞങ്ങൾക്കു തന്നിട്ടുള്ള അധികാരത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു; ഞാൻ ലജ്ജിക്കയില്ല; എന്തെന്നാൽ, നിങ്ങളുടെ നാശത്തിനുവേണ്ടിയല്ല, ഉന്നതിക്കുവേണ്ടിയാണു് ഞങ്ങൾക്കു് അതു നല്കപ്പെട്ടിരിക്കുന്നതു്. ഞാൻ ലേഖനങ്ങൾകൊണ്ടു നിങ്ങളെ ഭീഷണിപ്പെടുത്തുകയാണെന്നു വിചാരിക്കരുതു്. ''അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഘനമേറിയവയും ഈടുറ്റവയുംതന്നെ; എന്നാൽ, നേരിട്ടുവന്നുകഴിയുമ്പോൾ അദ്ദേഹം ബലഹീനനും പ്രസംഗചാതുരി ഇല്ലാത്തവനുമാണു്'' എന്നു ചിലർ പറയുന്നുണ്ടല്ലോ. ''വിദൂരത്തിരുന്നു ഞങ്ങളെഴുതുന്ന

ലേഖനത്തിൽ എങ്ങനെ ഞങ്ങൾ കാണപ്പെട്ടുന്നുവോ, അങ്ങനെതന്നെയായിരിക്കും സമീപത്തുവന്നു പ്രവർത്തിക്കുമ്പോഴും" എന്നും അവർ മനസ്സിലാക്കിക്കൊള്ളട്ടെ. ആത്മപ്രശംസചെയ്യുന്നവരോടു ഞങ്ങൾ തുലനംചെയ്യപ്പെടാനോ അവരുടെ ഗണത്തിൽ ഉൾപ്പെടാനോ ആഗ്രഹിക്കുന്നില്ല. തങ്ങളെത്തന്നെ വിലമതിക്കയും തങ്ങളോടുതന്നെ തങ്ങളെ തുലനപ്പെടുത്തുകയും ചെയ്യുന്നതിനാൽ, അവർ വിവേകികളല്ല. എന്നാൽ ഞങ്ങൾ പരിധിവിട്ടും ആത്മപ്രശംസ ചെയ്യുന്നില്ല; ഞങ്ങൾക്കു ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ പരിധിയിൽ ഒതുങ്ങിനിന്നും, നിങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടു മാത്രമാണു പ്രശംസിക്കുന്നതും. നിങ്ങളുടെ അടുക്കൽവരാതെ ഞങ്ങൾ അതിരുകടന്നുപോകയല്ല ചെയ്തതും. മിശിഹായുടെ സുവിശേഷം പ്രസംഗിച്ചുകൊണ്ടു ഞങ്ങൾ നിങ്ങളുടെ അടുക്കലെത്തിയതാണല്ലോ. ഞങ്ങൾ മറ്റുള്ളവരുടെ പ്രയത്നഫലം സ്വായത്തമാക്കി പരിധിവിട്ടും ആത്മപ്രശംസ ചെയ്യുന്നില്ല. നിങ്ങളുടെ വിശ്വാസം വർദ്ധിക്കുമ്പോൾ ഞങ്ങളുടെ പരിധിക്കകത്തുതന്നെ നിന്നുകൊണ്ടു നിങ്ങൾവഴി കൂടുതൽ ഫലം പുറപ്പെടുത്താമെന്നും, മറ്റുള്ളവരുടെ അതിർത്തിക്കുള്ളിൽക്കടന്നും അവർ ചെയ്തതീർത്ഥോലിയിൽ സ്വയം പ്രശംസിക്കാതെ നിങ്ങൾക്കപ്പുറത്തുള്ള ദിക്കുകളിൽ സുവിശേഷം പ്രസംഗിക്കാമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. അഭിമാനംകൊള്ളുന്നവൻ കർത്താവിൽ അഭിമാനംകൊള്ളട്ടെ. സ്വയം പ്രശംസിക്കുന്നവനല്ല, കർത്താവു പ്രശംസിക്കുന്നവനത്രേ അംഗീകൃതൻ.

സുവിശേഷം (മത്താ. 1, 18—25)

ഈശോമിശിഹായുടെ ജനനം ഇപ്രകാരമായിരുന്നു: അവിടുത്തെ മാതാവായ മറിയം യൗസേപ്പിനു വിവാഹസമ്മതം നല്കിയിരുന്നു. എന്നാൽ, അവർ ഒരുമിച്ചിട്ടില്ലാതിരിക്കെ, മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യൗസേപ്പു നീതിമാനായിരുന്നു; അവളെ അപമാനവിധേയയാക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. തന്നിമിത്തം രഹസ്യമായി അവളെ പരിത്യജിക്കണമെന്നും അദ്ദേഹം ഉദ്ദേശിച്ചു. യൗസേപ്പും ഇതേപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു.

സ്വപ്നത്തിൽ പ്രത്യക്ഷനായി ഒരു ദൈവദൂതൽ അദ്ദേഹത്തോട് പറഞ്ഞു: "ദാവീദിന്റെ പുത്രനായ യൗസേപ്പേ, നിന്റെ ഭാര്യ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. എന്തെന്നാൽ, അവൾ ഈ ശിശുവിനെ ഗർഭംധരിച്ചിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലത്രേ. അവൾ ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിനു് ഈശോ എന്നു പേരിടണം. അവിടുന്നു തന്റെ ജനങ്ങളെ അവരുടെ പാപങ്ങളിൽനിന്നു മോചിക്കും." "ഇതാ, ഒരു കന്യക ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; ആ ശിശു, 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'എമ്മാനുവൽ' എന്നു വിളിക്കപ്പെടും" എന്നു പ്രവാചകൻവഴി കർത്താവു് അരുൾചെയ്തിരുന്നതു നിറവേറാനാണു് ഇവയെല്ലാം സംഭവിച്ചതു്. യൗസേപ്പു നിദ്രയിൽനിന്നുണർന്നശേഷം, ദൈവദൂതൻ ആജ്ഞാപിച്ചിരുന്നതുപോലെ പ്രവർത്തിച്ചു; തന്റെ ഭാര്യയെ അദ്ദേഹം സ്വീകരിച്ചു. അവൾ തന്റെ കടിഞ്ഞൂൽപ്പുത്രനെ പ്രസവിച്ചതിനുശേഷവും അദ്ദേഹം അവളെ സമീപിച്ചില്ല. ആ ശിശുവിനു് അദ്ദേഹം ഈശോ എന്നു പേരിട്ടു.

5. മരിച്ചവരുടെ ഓർമ്മ

ലേഖനം (1 കൊറി. 15, 34 - 43)

നീതിയോടെ വ്യാപരിക്കുവിൻ; പാപം വർജ്ജിക്കുവിൻ. ചിലർക്കു ദൈവത്തെപ്പറ്റി ഒന്നുമറിഞ്ഞുകൂടാ. നിങ്ങളെ ലജ്ജിപ്പിക്കാനാണു ഞാൻ ഇതു പറയുന്നതു്. "മരിച്ചവർ എങ്ങനെയാണു് ഉയിർക്കുക; അഥവാ ഏതു തരത്തിലുള്ള ശരീരത്തോടുകൂടെയായിരിക്കും അവർ ഉയിർക്കുന്നതു്?" എന്നു ചിലർ ചോദിച്ചേക്കും. വിഡ്ഢി, നീ വിതയ്ക്കുന്ന വിത്തു് അഴിയാതെ മുളയ്ക്കുമോ? നീ വിതയ്ക്കുന്നതു കോതമ്പിന്റെയോ മറ്റു ധാന്യങ്ങളുടെയോ വിത്തുമാത്രമാണു്; വളരാനുള്ള മുളയല്ല. ദൈവം തന്റെ ഇഷ്ടംപോലെ അവയ്ക്കോരോന്നിനും അതതിന്റെ തണ്ടു നല്കുന്നു. എന്നാൽ, എല്ലാ ശരീരവും ഒരുപോലെയല്ല; മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും മത്സ്യങ്ങൾക്കും അതു പ്രത്യേകം പ്രത്യേകമത്രേ. സ്വർഗ്ഗീയശരീരങ്ങളും ഭൗമികശരീരങ്ങളുമുണ്ടു്. സ്വർഗ്ഗീ

യശരീരങ്ങളുടേയും ഭൗമികശരീരങ്ങളുടേയും തേജസ്സു പ്രത്യേകം പ്രത്യേകമാണു്. സൂര്യനു തേജസ്സുണ്ടു്; ചന്ദ്രന്റെ തേജസ്സു മറ്റൊന്നാണു്; നക്ഷത്രങ്ങളുടെ തേജസ്സു വേറൊന്നു്; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സിൽ അന്തരമുണ്ടു്. പുനരുത്ഥാനത്തിന്റെയും സ്ഥിതി ഇതുതന്നെ. നശ്വരതയിൽ വിതച്ചതു് അനശ്വരതയിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതച്ചതു് മഹത്വത്തിൽ ഉയിക്കുന്നു; ബലഹീനതയിൽ വിതച്ചതു ശക്തിയിൽ ഉയിക്കുന്നു.

സുവിശേഷം (മത്താ. 25, 31—46)

മനുഷ്യപുത്രൻ പ്രതാപപൂർവ്വം, സകല മാലാഖമാരോടുംകൂടെ എഴുന്നള്ളി തന്റെ മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അപ്പോൾ സകല ജനങ്ങളും അവിടുത്തെ സന്നിധിയിൽ ഹാജരാക്കപ്പെടും. ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവിടുന്നു് അവരെ വേർതിരിക്കും. ചെമ്മരിയാടുകളെ അവിടുന്നു തന്റെ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും നിറുത്തും. അനന്തരം, രാജാവു തന്റെ വലത്തുവശത്തുള്ളവരോടു് ഇങ്ങനെ അരുൾചെയ്യും: 'എന്റെ പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം കൈവശമാക്കിക്കൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങളെനിക്കു അഭയമരുളി. ഞാൻ നഗ്നനായിരുന്നു; നിങ്ങളെനിക്കു വസ്ത്രം നൽകി. ഞാൻ രോഗിയായിരുന്നു; നിങ്ങളെന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങളെന്റെ അടുക്കൽ വന്നു.' തൽസമയം നീതിമാന്മാർ അവിടുത്തോടു് ഇങ്ങനെ ചോദിക്കും: 'കർത്താവേ, എപ്പോഴാണു് അങ്ങേക്കു വിശക്കുന്നതായികണ്ടു്, ഞങ്ങൾ ഭക്ഷണം തന്നതു്? എപ്പോഴാണു് അങ്ങേക്കു ദാഹിക്കുന്നതായികണ്ടു്, ഞങ്ങൾ അങ്ങേക്കു കുടിക്കാൻ തന്നതു്? എപ്പോഴാണു് ഞങ്ങൾ അങ്ങയെ പരദേശിയായി കാണുകയും അഭയമരുളുകയും, നഗ്നനായി കാ

ണുകയും വസ്ത്രം നൽകുകയും ചെയ്തതു?' എപ്പോഴാണു ഞങ്ങൾ അങ്ങയെ രോഗിയായോ കാരാഗൃഹവാസിയായോ കാണുകയും അങ്ങയെ സന്ദർശിക്കയും ചെയ്തതു?'' രാജാവു് അവർക്കു് ഇങ്ങനെ ഉത്തരമരുളും: 'എന്റെ ഈ ഏറ്റവും എളിയ സഹോദരരിൽ ഒരുവനു് ഇതു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയത്രേ ചെയ്തതെന്നതു് എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.' അനന്തരം, അവിടുന്നു തന്റെ ഇടത്തുഭാഗത്തു നില്ക്കുന്നവരോടു് ഇങ്ങനെ അരുൾചെയ്യും: 'ശപിക്കപ്പെട്ടവരേ, എന്നിൽ നിന്നകന്നു്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നു; നിങ്ങളെനിക്കു ഭക്ഷണം തന്നില്ല. എനിക്കു ദാഹിച്ചു; നിങ്ങളെനിക്കു കുടിക്കാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു; നിങ്ങളെനിക്കു് അഭയമരുളിയില്ല. ഞാൻ നഗ്നനായിരുന്നു; നിങ്ങളെനിക്കു വസ്ത്രം നല്കിയില്ല. ഞാൻ രോഗിയായിരുന്നു; കാരാഗൃഹവാസിയായിരുന്നു; നിങ്ങളെന്നെ സന്ദർശിച്ചില്ല. അപ്പോൾ അവരും അവിടുത്തോടു് ഇങ്ങനെ ചോദിക്കും: ''കർത്താവേ, വിശക്കുന്നവനോ ദാഹിക്കുന്നവനോ പരദേശിയോ നഗ്നനോ രോഗിയോ കാരാഗൃഹവാസിയോ ആയി അങ്ങയെ കണ്ടിട്ടു് എപ്പോഴാണു ഞങ്ങൾ അങ്ങയെ ശുശ്രൂഷിക്കാതിരുന്നിട്ടുള്ളതു?'' തൽസമയം അവിടുന്നു് ഇങ്ങനെ ഉത്തരമരുളും 'ഈ എളിയവരിൽ ഒരുവനു് ഇതു നിങ്ങൾ ചെയ്തുകൊടുക്കാതിരുന്നപ്പോൾ, എനിക്കുതന്നെയത്രേ ചെയ്യുതരാതെയിരുന്നതെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇവർ നിത്യശിക്ഷയ്ക്കു വിധേയരാകും; നീതിമാന്മാർ നിത്യജീവൻ പ്രാപിക്കും.'

കാലവ്യത്യാസമനുസരിച്ചു മാറാമുള്ള ഭാഗങ്ങൾ

(PROPRIA)

1. മംഗലവാർത്തക്കാലം

(രക്ഷകന്റെ ആഗമനം)

സങ്കീർത്തനം: (98)

പുരോ: കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
എന്തെന്നാൽ, അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തു.

സമൂഹം: ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖാമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

പുരോ: അവിടുത്തെ വലംകൈ വിജയംനേടി
കർത്താവു തന്റെ ശക്തി പ്രദർശിപ്പിച്ചു.

സമൂഹം: അവിടുന്നു വിജാതീയരുടെയിടയിൽ
തന്റെ നീതി വെളിപ്പെടുത്തി.

പുരോ: ഇസ്രായേൽ ഗോത്രത്തോടുള്ള തന്റെ വിശ്വസ്തതയും
കാരുണ്യവും അവിടുന്ന് അനുസ്മരിച്ചു.

സമൂഹം: ദൈവത്തിന്റെ രക്ഷാകർമ്മത്തിനു
ലോകമെല്ലാം സാക്ഷിയായി.
അഖിലലോകമേ, കർത്താവിനെ സ്തുതിക്കുവിൻ.

പുരോ: ആനന്ദപൂർവ്വം അവിടുത്തെ പുകഴ്ത്തുവിൻ.
വീണമീട്ടിയും പാട്ടുപാടിയും കർത്താവിനെ
സ്തുതിക്കുവിൻ.

സമൂഹം: കാഹളമൂതി കർത്താവിനെ പുകഴ്ത്തുവിൻ.
കർത്താവിന്റെ മുമ്പിൽ വിജയാരവം മുഴക്കുവിൻ.

പുരോ : ഭൂമിയും അതിലെ നിവാസികളും
ആഴിയും അതിലെ ജീവികളും
സ്തുതിപാടട്ടെ.

സമൂഹം : കാട്ടാറുകൾ കൈയടിക്കുകയും
പർവ്വതങ്ങൾ പാട്ടുപാടുകയും ചെയ്യട്ടെ.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പുരോ: ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ ആഗമനം അനുഗ്രഹീതമാകുന്നു.
മാലാഖാമാരോടുകൂടി അങ്ങയെ സ്തുതിക്കുവാൻ
അവിടുന്നു ഞങ്ങളെ യോഗ്യരാക്കി.

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെനിന്നു് 'കർത്താവായ മിശിഹായേ എഴുന്നള്ളി വരണമേ' എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവായ മിശിഹായേ എഴുന്നള്ളി വരണമേ.

സഹായി: ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യർക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കുവാൻ എഴുന്നള്ളി വരണമേ.

സമൂഹം: കർത്താവായ മിശിഹായേ.....

സഹായി: പൂർവ്വപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നൽകി തിരുസഭയെ ധന്യമാക്കുവാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ മിശിഹായേ.....

സഹായി: മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിത നായ മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ (പേരു°) പാപ്പായേയും മാർ (പേരു°) മെത്രാ പ്പോലീത്തായേയും (മെത്രാനേയും) മറെറല്ലാ മെത്രാ ന്മാരേയും ആത്മീയനന്മകാം നൽകി അനുഗ്രഹിക്കു വാൻ എഴുന്നള്ളി വരണമേ.

സമൂഹം : കത്താവായ മിശിഹായേ.....

സഹായി: ജനപദങ്ങളുടെ കർത്താവും സമാധാനത്തിൻെറ രാജാ വുമായ മിശിഹായേ, സമസ്തലോകത്തിനും വിശി ഷ്യാ, ഞങ്ങളുടെ മാതൃരാജ്യത്തിനും അങ്ങയുടെ ശാ ന്തിയും സമാധാനവും നൽകുവാൻ എഴുന്നള്ളി വര ണമേ.

സമൂഹം : കത്താവായ മിശിഹായേ.....

സഹായി: ലോകത്തിൻെറ പ്രകാശവും മനുഷ്യവർഗ്ഗത്തിൻെറ ഗുരുനാഥനുമായ മിശിഹായേ, സകലജനങ്ങളേയും പ്രത്യേകിച്ച°, ഭാരതത്തിലെ ഞങ്ങളുടെ സഹോദരങ്ങ ളേയും സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കുവാൻ എഴുന്നള്ളി വരണമേ.

സമൂഹം : കത്താവായ മിശിഹായേ.....

സഹായി: മനുഷ്യാവതാരംവഴി മനുഷ്യവർഗ്ഗത്തിനു മഹത്പമണി യിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യ സ്നേഹചൈതന്യത്താൽ ധന്യമാക്കുവാൻ എഴുന്നള്ളി വരണമേ.

സമൂഹം : കത്താവായ മിശിഹായേ.....

പ്രാത്ഥന

പുരോ : കത്താവായ ദൈവമേ, അങ്ങയുടെ ഏകജാതനെ ഞങ്ങൾക്കു നൽകുവാൻ അങ്ങയെ പ്രേരിപ്പിച്ച സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദിപറയുന്നു. മിശിഹായുടെ ആഗമനത്തിൻെറ ഫലമായി ലോകം മുഴുവനും ആദ്ധ്യാത്മികജീവൻ പ്രാപിക്കട്ടെ. മാനവസമൂഹമാകെ അങ്ങേ തിരുക്കുമാരനിൽനിന്നു കൃപയും സത്യവും സ്വീകരിച്ച് ജീവൻേറയും രക്ഷയുടേയും കൂദാശയായ സഭയിൽ അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : കർത്താവിൻെറ വരവിനെ ദീർഘനാൾ ഞാൻ കാത്തിരുന്നു (സങ്കീ: 40-1).

സമൂഹം : അബ്രാഹത്തോടും സന്തതികളോടും ചെയ്ത വാഗ്ദാനം അവിടുന്ന് അനുസ്മരിച്ചു (ലൂ. 1-53). പരിശുദ്ധാത്മാവു കന്യകയുടെമേൽ എഴുന്നള്ളിവരികയും അത്യുന്നതൻെറ ശക്തി അവളിൽ നിഴലിക്കുകയും ചെയ്തു (ലൂ. 1-35). കന്യാത്വത്തിനു ഭംഗംവരാതെ മറിയം ദൈവത്തിൻെറ അമ്മയായി. നമ്മുടെ വംശത്തോടു കരുണ കാണിച്ച ദൈവത്തെ സ്തുതിക്കുകയും അവിടുത്തേയ്ക്കു നന്ദിപൂർവ്വം ബലിസമർപ്പിക്കുകയും ചെയ്യാം.

ദ്വേമ്മ

സമൂഹം : കർത്താവായ ദൈവം മനുഷ്യസ്വഭാവം സ്വീകരിച്ചു നമ്മിലൊരുവനായി. തൻെറ ശരീരവും, രക്തവും ദാനംചെയ്തുകൊണ്ട് അവിടുന്ന് നമ്മെ തൻെറ മഹത്വത്തിൽ പങ്കുകാരാക്കി. ഈ മഹാദാനം സ്നേഹപൂർവ്വം സ്വീകരിച്ചുകൊണ്ട് നല്ലവനായ കത്താവിനെ നമുക്കു സ്തുതിക്കാം.

ദ്വാത്തേ

സഹായി: കർത്താവേ, അങ്ങയുടെ ശരീരവും രക്തവും അവിടുന്നു ഞങ്ങൾക്കു ഭക്ഷണമായി നൽകി. അങ്ങയുടെ രാജ്യത്തിലേക്കു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു.

2. പിറവിത്തിരുനാൾ

സങ്കീർത്തനം: (മംഗലവാർത്തക്കാലത്തിന്റേതു്. പേജ് 66)

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്നു് 'ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്നു് ഏറ്റുപറയാം.

സമൂഹം: ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

സഹായി: തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ഈ ലോകത്തെ അത്രയധികമായി സ്നേഹിച്ച ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

സഹായി: വിനീതരായ ആട്ടിടയരേയും വിജ്ഞാനികളായ ശാസ്ത്രജ്ഞരേയും ദിവ്യശിശുവിന്റെ സവിധത്തിലേക്കു് ആനയിച്ച ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

സഹായി: തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി എളിമയുടേയും ദാരിദ്ര്യത്തിന്റേയും മാതൃകകാട്ടുകയും സമാധാനവും പ്രത്യാശയും നൽകി ലോകത്തെ അനുഗ്രഹിക്കയും ചെയ്ത ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

സഹായി: അവതരിച്ച മിശിഹാവഴി ഞങ്ങളെ അങ്ങയുടെ മക്കളും സ്വർഗ്ഗത്തിനും അവകാശികളുമാക്കിയ ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

സഹായി: മനുഷ്യാവതാരത്തിന്റെ മഹനീയഫലങ്ങൾ തിരുസഭയിലൂടെ ഞങ്ങൾക്കു നൽകുന്ന ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

സഹായി: മിശിഹായുടെ മൗതികശരീരമായ തിരുസഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും അജപാലകന്മാരായി മാർപ്പാപ്പാമാരേയും മെത്രാന്മാരേയും നൽകിയ ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

സഹായി: ദാസന്റെ വേഷംധരിച്ചു കാലിത്തൊഴുത്തിൽപ്പിറന്ന ദിവ്യസുതൻവഴി പതിതരേയും പാവപ്പെട്ടവരേയും തന്നിലേക്കടുപ്പിച്ച ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ.....

പ്രാർത്ഥന

പുരോ: കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ അങ്ങേ തിരുക്കുമാരനെ ഞങ്ങൾക്കു നൽകിയതിനും അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും വിനീതരായ ആട്ടിടയരോടുംകൂടെ ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ചും ആരാധിക്കുന്നു. ദൈവമക്കൾക്കും ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും മിശിഹാ അവതീർണ്ണനാകുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ.

ഓനീസാദ്ഃറാസേ

പുരോ : കത്താവിനു പുതിയ കീർത്തനം പാടുവിൻ (സങ്കീ:149)ലോകംമുഴുവൻസന്തോഷിക്കട്ടെ. (സങ്കീ:48)

സമൂഹം : പിതാവിന്റെ ഏകജാതൻ മനുഷ്യനായിപ്പിറന്നിരിക്കുന്നു. അവിടുത്തെ നന്മയും മഹത്വവും ജനപദങ്ങൾക്കു പ്രത്യക്ഷമായി. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും' എന്നും സ്വർഗ്ഗീയഗണങ്ങളോടുകൂടി നമുക്കും ആലപിക്കുകയും അവിടുത്തേക്കു കൃതജ്ഞതാപൂർവ്വം ബലി സമർപ്പിക്കുകയും ചെയ്യാം.

ദ്ഃവേമ്മ

സമൂഹം : തന്റെ ജനനംവഴി ലോകത്തെ പ്രകാശിപ്പിക്കുകയും സ്വർഗ്ഗത്തെ ഭൂമിയുമായി രമ്യപ്പെടുത്തുകയും ചെയ്ത മിശിഹായേ, അങ്ങു് അനുഗ്രഹീതനാകുന്നു. അങ്ങയെ അയച്ച പിതാവിനെ ഞങ്ങൾ പാടിസ്തുതിക്കുന്നു. കർത്താവേ, അങ്ങേ തിരുശരീരരക്തങ്ങൾ ഞങ്ങൾക്കു ഭക്ഷണപാനീയങ്ങളായിത്തന്ന അങ്ങയുടെ കാരുണ്യത്തിനു നന്ദിപറയുവാൻ ഞങ്ങൾ അശക്തരാകുന്നു.

ദ്ഃവാത്തേ

സഹായി: ആത്മശരീരനൈർമ്മല്യത്തോടെ ഈ മഹാരഹസ്യങ്ങളെ നമുക്കു സമീപിക്കുകയും സ്നേഹാദരങ്ങളോടെ അവയെ സ്വീകരിക്കുകയും ചെയ്യാം.

3. ദനഹാക്കാലം

(മിശിഹായുടെ മാമ്മോദീസായും പ്രത്യക്ഷീകരണവും)

സങ്കീർത്തനം: (98)

പുരോ : കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
എന്തെന്നാൽ, അവിടുന്നു് അത്ഭുതകൃത്യങ്ങൾ ചെയ്തു.

സമൂഹം : യോർദ്ദാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും അതുവഴി ലോകത്തെ ആനന്ദിപ്പിക്കുകയും ചെയ്ത മിശിഹായേ,
അങ്ങു് അനുഗ്രഹീതനാകുന്നു.

(ശേഷം മംഗലവാർത്തക്കാലത്തിന്റേതു് പേജു് 66)

കാനോസൂസ :

സഹായി : നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്നു് 'കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു' എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സഹായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി അങ്ങയെ ഏറ്റുപറയുവാൻ അങ്ങയുടെ സഭയെ അനുഗ്രഹിക്കണമെന്നു്

സമൂഹം : കർത്താവേ, അങ്ങയോടു്.....

സഹായി: ദാസന്റേയും പാപിയുടേയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പിതാവായ മാർ (പേരു്) പാപ്പായേയും ഞങ്ങളുടെ മേലദ്ധ്യക്ഷനായ

മാർ (പേരു°) മെത്രാപ്പോലീത്തയേയും (മെത്രാനേയും) മറ്റു മെത്രാന്മാരേയും അനുഗ്രഹിക്കണമെന്നു°

സമൂഹം : കർത്താവേ, അങ്ങയോടു°.....

സഹായി: യോർദ്ദാനിൽവച്ചു° പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തിയ ദൈവമേ, സച്ചിദാനന്ദ സ്വരൂപനായ അങ്ങയിൽ വിശ്വസിക്കുവാൻ എല്ലാവരേയും അനുഗ്രഹിക്കണമെന്നു°

സമൂഹം : കർത്താവേ, അങ്ങയോടു°.....

സഹായി: യോഹന്നാനിൽനിന്നു മാമ്മോദീസാ സ്വീകരിച്ചുകൊണ്ടു° സകല നീതിയും പൂർത്തിയാക്കിയ മിശിഹായേ, ഞങ്ങൾക്കു നൽകപ്പെട്ട പുത്രസ്വീകരണത്തിന്റെ അരൂപിയിൽ അയല്ക്കാരെ സ്നേഹിക്കുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു°

സമൂഹം : കർത്താവേ, അങ്ങയോടു°.....

സഹായി: ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏറ്റുപറഞ്ഞുകൊണ്ടു° എല്ലാ ക്രിസ്തീയസഭാവിഭാഗങ്ങളും ഒന്നായിത്തീരുവാൻ ഇടയാക്കണമെന്നു°

സമൂഹം : കർത്താവേ, അങ്ങയോടു°.....

സഹായി: അങ്ങയുടെ മുന്നോടിയായ യോഹന്നാനെപ്പോലെ ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും പരിത്യാഗത്തിന്റെ മാതൃകകളുമായിത്തീരുവാൻ അനുഗ്രഹിക്കണമെന്നു°

സമൂഹം : കർത്താവേ, അങ്ങയോടു°.....

പുരോ : കർത്താവായ ദൈവമേ, ലോകത്തിന്റെ പ്രകാശമായി അങ്ങേ തിരുക്കുമാരനെ യാത്രയാക്കിയതിനു് ഞങ്ങൾ നന്ദിപറയുന്നു. വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങയുടെ വത്സലസുതനും ഞങ്ങളുടെ രക്ഷകനുമായ മിശിഹായുടെ സജീവസാക്ഷ്യം വഹിച്ചുകൊണ്ടു് അവിടുത്തെ ആത്മീയപ്രകാശം എങ്ങും പ്രസരിപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : അങ്ങേ മധുരമായ നീർച്ചാലുകളിൽനിന്നു് അവർ പാനംചെയ്യും. (സങ്കീ: 136)

സമൂഹം : ജലത്താലും അരൂപിയാലും വീണ്ടും ജനിച്ചു് നമുക്കു് അമർത്യത ധരിക്കാം. പാപം മോചിക്കുന്നവൻ യോർദ്ദാനിൽ പ്രത്യക്ഷനായി മാമ്മോദീസ സ്ഥാപിച്ചു. ആരുമിനി പാപംനിമിത്തം നിരാശരാകേണ്ടതില്ല. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടിന്റെ ഈ ബലിയിൽ പിതാവായ ദൈവം സംപ്രീതനാകട്ടെ.

ദ്വേമ്മ

സമൂഹം : സ്വർഗ്ഗത്തിൽനിന്നൊരു സ്വരം മാറ്റൊലികൊണ്ടു: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു." ലോകരക്ഷകനെ നമുക്കു് ഒന്നുചേർന്നു സ്തുതിച്ചാരാധിക്കാം.

ദ്വാത്തേ

സഹായി: ജലത്താലും അരൂപിയാലും നാം മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളായിരിക്കുന്നു. അവിടുത്തെ ശരീരവും രക്തവും നമ്മെ പരിപോഷിപ്പിക്കട്ടെ.

4. നോമ്പുകാലം

സങ്കീർത്തനം: (103)

പുരോ: എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക.
അവിടുത്തെ തിരുനാമം പ്രകീർത്തിക്കുക.

സമൂഹം: ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ.
അങ്ങേ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.
(സങ്കീ: 29)

പുരോ: എന്റെ ആത്മാവേ, കാർത്താവിനെ വാഴ്ത്തുക;
അവിടുത്തെ അനുഗ്രഹങ്ങൾ മറക്കരുതു്.

സമൂഹം: നിന്റെ പാപങ്ങൾ അവിടുന്നു പൊറുക്കുന്നു.
നിന്റെ രോഗങ്ങൾ സുഖമാക്കുന്നു.

പുരോ: നാശത്തിൽനിന്നു് അവിടുന്നു നിന്നെ രക്ഷിക്കും.
കാരുണ്യപൂർവ്വം നിന്നെ പരിപാലിക്കും.

സമൂഹം: കർത്താവു് ഏറ്റം ദയാലുവാകുന്നു;
ഉദാരശീലനും ദാക്ഷിണ്യവാനുമാകുന്നു.

പുരോ: നിത്യമായി അവിടുന്നു കോപിക്കുകയില്ല.
അവിടുത്തെ കോപം നീണ്ടുനില്ക്കുകയുമില്ല.

സമൂഹം : അവിടുന്നു പാപത്തിന്റെ ഗൗരവം നോക്കുന്നില്ല;
അതിന്റെ വലിപ്പമനുസരിച്ചു ശിക്ഷിക്കുന്നുമില്ല.

പുരോ : ആകാശത്തോളം ഉയരുന്ന കാരുണ്യം
അവിടുന്നു തന്റെ ഭക്തരോടു പ്രദർശിപ്പിച്ചു.

സമൂഹം : ഉദയത്തെ അസ്തമയത്തിൽനിന്നെന്നപോലെ
പാപത്തെ നമ്മിൽനിന്നകറ്റി.

പുരോ : പിതാവു മക്കളോടെന്നപോലെ
കർത്താവു തന്റെ ഭക്തരോടു കാരുണ്യംകാണിക്കുന്നു.

സമൂഹം : നമ്മൾ കേവലം പൊടിയാണെന്നും
അവിടുന്നറിയുന്നുണ്ടല്ലോ:
മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു.

പുരോ : വയലിലെ പുഷ്പംപോലെ അതു വിരിയുന്നു;
ചൂടുകാറ്റടിക്കുമ്പോൾ അതു വാടിപ്പോകയും
ചെയ്യുന്നു.
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരും.

സമൂഹം : കർത്താവിനെ സ്നേഹിക്കുന്നവരുടെമേൽ
അവിടുത്തെ അനുഗ്രഹമുണ്ടായിരിക്കും.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പുരോ : ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ
അങ്ങേ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

കാറോസൂസ :

സഹായി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെനിന്നു് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: പരിശുദ്ധാത്മാവിനാൽ വനത്തിലേക്കു നയിക്കപ്പെടുകയും നാല്പതു രാവും നാല്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിന്റേയും പ്രായശ്ചിത്തത്തിന്റേയും അരൂപിയാൽ ഞങ്ങളെ നിറയ്ക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടേയും മറ്റുള്ളവരുടേയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തേയും അതിന്റെ ഉർവ്വാസനകളേയും അങ്ങയോടുകൂടി ക്രൂശിക്കുന്നതിനു ഞങ്ങളെ അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും മാർഗ്ഗത്തിലൂടെ ഞങ്ങളെ നയിക്കുവാൻ പരിശുദ്ധപിതാവു മാർ

(പേരു°) പാപ്പായേയും ഞങ്ങളുടെ മേലധ്യക്ഷനായ മാർ (പേരു°) മെത്രാപ്പോലീത്തായേയും (മെത്രാനേയും) മറ്റു° അജപാലകരേയും സമൃദ്ധമായി അനുഗ്രഹിക്കണമെന്നു° അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.....

പുരോ : കർത്താവായ ദൈവമേ, ലോകത്തിന്റെ പാപപരിഹാരമായ മിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ടു° ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന അങ്ങേ സഭയെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ടു° അങ്ങേ തിരുക്കുമാരന്റെ ബലിജീവിതം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർത്ഥമായ പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ടു° ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ°റാസേ

പുരോ : കർത്താവു° എത്രയോ നല്ലവനാണെന്നു° നിങ്ങൾതന്നെ അനുഭവിച്ചറിയുവിൻ. (സങ്കീ: 34—8)

അനുതപിക്കുന്ന ഹൃദയത്തേയും എളിമയുള്ള ആത്മാവിനേയും ദൈവം നിരസിക്കുകയില്ല. ദാനധർമ്മങ്ങൾവഴി നമുക്കു പാപപരിഹാരമനുഷ്ഠിക്കാം. അനുതാപകീർത്തനങ്ങളോടെ നമുക്കു° അവിടുത്തെ സമീപിക്കുകയും നമ്മെത്തന്നെ ബലിവസ്തുവായി സമർപ്പിക്കുകയും ചെയ്യാം.

ദ്വേമ്മ

സമൂഹം : നമുക്കുവേണ്ടി കീറിമുറിക്കപ്പെട്ട ശരീരമിതാകുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട രക്തമിതാകുന്നു. അമർത്യതയുടെ ഔഷധം ഇതാ നമുക്കായി നൽകപ്പെട്ടുന്നു. ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്ന് ഇതിന്റെ ദാതാവായ മിശിഹായെ നമുക്കു സ്തുതിക്കാം.

ദ്വാത്തേ

സഹായി: പ്രായശ്ചിത്ത പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്ന സഹോദരരേ, ജീവദായകമായ ഈ വിരുന്നു് നമുക്കു് ആസന്നമാകുന്നു.

5. ഉയിർപ്പുകാലം

സങ്കീർത്തനം (47)

പുരോ : ജനങ്ങളേ, കരഘോഷം മുഴക്കുവിൻ;
കീർത്തനംപാടി ദൈവത്തെ സ്തുതിക്കുവിൻ.

സമൂഹം : കർത്താവു ഭരണം നടത്തുന്നു;
ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

പുരോ : കർത്താവു് അത്യുന്നതനും ആരാധ്യനുമാകുന്നു.
അവിടുന്നു പ്രപഞ്ചത്തിന്റെ രാജാവാകുന്നു.

സമൂഹം : വിജാതീയരേയും ജനതകളേയും
അവിടുന്നു നമ്മുടെ കീഴിലാക്കി;
യാക്കോബിന്റെ അവകാശവും അഭിമാനവുമായി
സ്നേഹപൂർവ്വം നമ്മെ തിരഞ്ഞെടുത്തു.

പുരോ : വിജയാരവത്തോടും കാഹളശബ്ദത്തോടുംകൂടെ
ദൈവമായ കർത്താവും ആരോഹണം ചെയ്യുന്നു.

സമൂഹം : ദൈവത്തെ പാടിപ്പുകഴ്ത്തുവിൻ
രാജാവിനു ജയ്വിളികളും മുഴക്കുവിൻ.

പുരോ : അവിടുന്നു പ്രപഞ്ചത്തിന്റെ രാജാവാകുന്നു
നിങ്ങളും അവിടുത്തെ സ്തുതിക്കുവിൻ.

സമൂഹം : അവിടുന്നു വിജാതീയരുടെ രാജാവാകുന്നു
തന്റെ സിംഹാസനത്തിലിരുന്നുകൊണ്ടു
അവിടുന്നു ഭരണം നടത്തുന്നു.

പുരോ : വിജാതീയരുടെ ഭരണകർത്താക്കളും
അബ്രാഹത്തിന്റെ ദൈവത്തെ അംഗീകരിച്ചു.

സമൂഹം : എന്തെന്നാൽ രാജ്യമെല്ലാം ദൈവത്തിന്റേതാകുന്നു
അവിടുന്നു അത്യുന്നതനാകുന്നു.

പുരോ : പിതാവിനും പുത്രനും.....

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പുരോ : കർത്താവു ഭരണം നടത്തുന്നു.
ഭൂമിയെല്ലാം ആനന്ദിക്കട്ടെ.

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെനിന്നു "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നു അപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: വഴിയും സത്യവും ജീവനുമായ മിശിഹായേ, അങ്ങയുടെ പുനരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: പുനരുത്ഥാനംവഴി പരിഹാസത്തിന്റെ അടയാളമായ കുരിശിനെ മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടി കുരിശിൽ തറയ്ക്കുവാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: പുനരുത്ഥാനത്തിന്റെ മഹത്വത്തിലേയ്ക്കു് ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നു് കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും അങ്ങയുടെ മഹത്വപൂർണ്ണമായ ഉത്ഥാനത്തേയും അവർണ്ണനീയമായ സൗഭാഗ്യത്തേയും ഓർത്തുകൊണ്ടു് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരം തരണമെന്നു് കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

സഹായി : ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവന്റേയും ഉയിർപ്പിന്റേയും കാരണമായ തിരുശ്ശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു് കത്താവേ, അങ്ങയോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

പുരോ : മരണത്തെ ജയിച്ചടക്കിയ മിശിഹായേ, അങ്ങേ സഭയിൽ സദാ സന്നിഹിതനായി, നവജീവൻകൊണ്ടു് അതിനെ നിറയ്ക്കണമേ. അങ്ങയുടെ പുനരുത്ഥാനത്തിൽ പങ്കാളികളാകുവാൻവേണ്ടി അങ്ങയുടെ ബലിജീവിതത്തിൽ ഞങ്ങളെ സഹകാരികളാക്കണമേ. അങ്ങേ സമാധാനവും ശാന്തിയും ഞങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും മനുഷ്യവർഗ്ഗം മുഴുവനിലും നിരന്തരം വസിക്കുവാൻ ഇടയാക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : എന്റെ രാജാവായ കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. (സങ്കീ: 144—1)

സമൂഹം : "മരിച്ചവരുടെ ഇടയിൽനിന്നു് ആദ്യജാതനായി" ഉയിർത്തെഴുന്നേറ്റ കർത്താവേ, അങ്ങേ ഉത്ഥാനം ഞങ്ങൾക്കു ജീവനും മഹത്വവും പ്രദാനം ചെയ്യുന്നു. അങ്ങയുടെ സ്നേഹഭാജനമായ സഭ അണിഞ്ഞൊരു

ങ്ങിയ വധുവിനെപ്പോലെയും മക്കളോടൊരുമിച്ചു് ഉല്ലസിക്കുന്ന അമ്മയെപ്പോലെയും അങ്ങയുടെ ഉയിർപ്പിൽ ആനന്ദിക്കുന്നു. അങ്ങയുടെ മരണത്തിന്റേയും ഉയിർപ്പിന്റേയും സ്മാരകമായ ഈ ദിവ്യരഹസ്യങ്ങളിൽ സജീവമായി പങ്കുകൊള്ളുവാൻ കർത്താവേ ഞങ്ങളെ യോഗ്യരാക്കണമേ.

ദ്വേമ്മ

സമൂഹം: കർത്താവേ, പുനരുത്ഥാനംവഴി അങ്ങു മരണത്തെ കീഴടക്കുകയും സാത്താനെ പരാജയപ്പെടുത്തുകയും സൃഷ്ടികൾക്കു നവജീവൻ നല്കുകയും ചെയ്തു. ഞങ്ങളെ പരിപോഷിപ്പിക്കുവാൻ അങ്ങയുടെ ശരീരവും രക്തവും ഞങ്ങൾക്കു ഭക്ഷണമായി നൽകി. അങ്ങയുടെ കാരുണ്യത്തിനു് യഥായോഗ്യം നന്ദിപറയുവാൻ ഞങ്ങളുടെ നാവുകൾ അശക്തങ്ങളാകുന്നു.

ദ്വാത്തേ

സഹായി: ജനങ്ങളേ, വരുവിൻ. കർത്താവിന്റെ മരണത്തിന്റേയും ഉയിർപ്പിന്റേയും നിത്യസ്മാരകമായ ഈ മഹാരഹസ്യങ്ങളെ പ്രത്യാശാപൂർവ്വം നമുക്കു സമീപിക്കാം.

6. ശ്ലീഹാക്കാലം

(സഭയുടെ ആരംഭം)

സങ്കീർത്തനം: (51)

പുരോ: ദൈവമേ, അങ്ങു സത്യവാനാണല്ലോ
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെയും
പഠിപ്പിക്കണമേ.

സമൂഹം : അങ്ങേ അരൂപിയെ അയയ്ക്കുക
അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും;
ഭൂമുഖം പുതുതാക്കുകയും ചെയ്യും.

പുരോ : സോപ്പുകൊണ്ട് എന്നെ തളിക്കണമേ.
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

സമൂഹം : അങ്ങ് എന്നെ കഴുകണമേ.
ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

പുരോ : അങ്ങേ സന്തോഷം എനിക്കു നൽകണമേ.
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

സമൂഹം : എന്റെ പാപങ്ങളിൽനിന്നു മുഖം തിരിക്കണമേ.
എന്റെ അപരാധങ്ങളാകെ മായിച്ചു കളയണമേ.

പുരോ : നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയുംചെയ്യണമേ.

സമൂഹം : അങ്ങേ തിരുസ്സന്നിധിയിൽനിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

പുരോ : അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്ന് എടുത്തുകളയരുതേ.

സമൂഹം : അങ്ങേ സഹായത്തിനു വീണ്ടും ഞാൻ
അർഹനാകട്ടെ.
അങ്ങേ ചൈതന്യം എന്നെ താങ്ങി നിറുത്തട്ടെ.

പുരോ : വഴിതെറ്റിയവരെ ഞാൻ അങ്ങയുടെ
വഴിപഠിപ്പിക്കും.
പാപികളാകെ അങ്ങേ പക്കലേയ്ക്കു പിന്തിരിയും.

സമൂഹം : നീതിമാനായ ദൈവമേ, എന്നെ രക്ഷിക്കണമേ.
ഞാൻ അങ്ങയുടെ നന്മയെ പ്രകീർത്തിക്കട്ടെ.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പുരോ : അങ്ങേ അത്ഭുപിയെ അയക്കുക.
അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും;
ഭൂമുഖം പുതുതാക്കുകയും ചെയ്യും.

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്നു് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നു് അപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാനായി ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ഞങ്ങളുടെ പിതാവായ മാർ (പേരു്) മെത്രാപ്പോലീത്തായേയും (മെത്രാനേയും) പ്രേഷിതരംഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവരേയും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ധാരാളമായി നൽകി അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുൾചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾ ക്കൊത്തവിധം ജീവിച്ചുകൊണ്ടു് അങ്ങയുടെ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

സഹായി: ഞങ്ങളുടെ പിതാവായ മാത്തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച് അങ്ങയോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്നും കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

സഹായി: ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ജോലിചെയ്യുന്നവർ സ്നേഹത്തിന്റേയും സേവനത്തിന്റേയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നൽകണമെന്നും കർത്താവേ, അങ്ങയോടും ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

സഹായി: അനേകരുടെ മാനസാന്തരത്തിനുവേണ്ടി അങ്ങയുടെ ബലിയോടുചേർത്തു തങ്ങളുടെ ജീവിതബലിയർപ്പിക്കുവാൻ ക്ലേശമനുഭവിക്കുന്നവർ ശക്തരാകേണ്ടതിനും അങ്ങയുടെ അത്ഭുപിയെ അവർക്കു നൽകണമെന്നും കത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാത്ഥന കേൾക്കണമേ.

പുരോ : പരിശുദ്ധാത്മാവിനെ നൽകി സുവിശേഷചൈതന്യംകൊണ്ടു ശ്ലീഹന്മാരെ നിറച്ച കർത്താവേ, ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ ഞങ്ങളുടെ സമൂഹത്തിലും വർഷിക്കണമേ. അങ്ങനെ ഞങ്ങളെല്ലാവരും

അങ്ങേക്കു സാക്ഷ്യംവഹിക്കുന്ന പ്രേഷിതരാകട്ടെ. പരസ്പരസ്നേഹത്തിലും ഐക്യത്തിലും ഞങ്ങൾ വളരുകയും അങ്ങേ അനുയായികൾക്കു യോഗ്യമായവിധം വ്യാപരിക്കുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

ഓനീസാദ്ഃറാസേ

പുരോ: അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളിൽ. (സങ്കീ: 19—4)

സമൂഹം: സുവിശേഷവെളിച്ചം സ്വീകരിച്ചവർ, മിശിഹായുടെ മരണത്തിന്റേയും ഉയിർപ്പിന്റേയും സാക്ഷികളാകത്തക്കവിധം വിശ്വാസത്തിൽ ഉറച്ചുനിന്നു. സകലജാതികളോടും സുവിശേഷം പ്രസംഗിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ജനപദങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് ആനയിക്കണമേ. അവരെല്ലാവരും രക്ഷാകരമായ ഈ ബലിയിൽ പങ്കുചേരുന്ന ദിവസം വേഗം വരട്ടെ.

ദ്ഃവേമ്മ

സമൂഹം: കർത്താവേ, നിന്റെ സഹായത്താൽ, വിശ്വാസികൾ വിശ്വാസത്തിനുവേണ്ടി സമരംചെയ്ത വിജയം വരിച്ചു. അങ്ങേ ആത്മസമർപ്പണം അവരെ ധൈര്യപ്പെടുത്തുകയും അങ്ങേ സ്നേഹം അവർക്കു പ്രചോദനമരുളുകയും ചെയ്തു. അവരോടുകൂടി ഭാവിജീവിതത്തിന്റെ പ്രത്യാശയിൽ ഞങ്ങളും പങ്കുചേരുകയും ഭക്ത്യാദരപൂർവ്വം ഈ ദിവ്യരഹസ്യങ്ങളെ സമീപിക്കുകയും ചെയ്യുന്നു.

ദ്വാത്തേ

സഹായി: സുവിശേഷത്തിന്റെ ചൂടും വെളിച്ചവും നമ്മിലൂടെ പ്രസരിക്കുവാൻ ദിവ്യപ്രേഷിതന്റെ ശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം.

7. കൈത്താക്കാലം

(സഭയുടെ വളർച്ച)

സങ്കീർത്തനം (23)

പുരോ: കർത്താവ് എന്റെ ഇടയനാകുന്നു:
എനിക്ക് ഒന്നിനും മുട്ടുണ്ടാകുകയില്ല.

സമൂഹം: സമൃദ്ധിയിൽ അങ്ങേ സഭയെ വളർത്തണമേ;
വിശ്വാസത്തിന്റെ കോട്ടയാൽ
അവളെ പരിരക്ഷിക്കണമേ.

പുരോ: സമൃദ്ധമായ പുൽത്തകിടികളിൽ
അവിടുന്ന് എന്നെ മേയിക്കും;
പ്രശാന്തമായ ജലാശയത്തിലേയ്ക്ക്
അവിടുന്ന് എന്നെ നയിക്കും.

സമൂഹം: അവിടുന്ന് എന്നെ ബലപ്പെടുത്തുകയും
തന്റെ നാമത്തിനുചേർന്നവിധം
നേർവഴിക്ക് എന്നെ നയിക്കുകയും ചെയ്യും.

പുരോ: അങ്ങുന്ന് എന്റെ കൂടെയുള്ളതിനാൽ
മരണത്തിന്റെ താഴ്വരയിൽക്കൂടി നടക്കുവാനും
ഞാൻ ഭയപ്പെടുകയില്ല.

സമൂഹം: അങ്ങേ ചെങ്കോലും വടിയും
എനിക്ക് ആശ്വാസം നല്കുന്നു.

പുരോ : എന്റെ ശത്രുക്കളുടെ മുമ്പിൽ
അങ്ങെന്നെനിക്കു വിരുന്നൊരുക്കി.

സമൂഹം : എന്റെ ശിരസ്സ് തൈലം കൊണ്ടു പൂശി:
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

പുരോ : എന്റെ ജീവിതകാലം മുഴുവൻ
അങ്ങേ അനുഗ്രഹം എന്നെ പിന്തുടരും.

സമൂഹം : കർത്താവിന്റെ ഭവനത്തിൽ
ചിരകാലം ഞാൻ വസിക്കുകയും ചെയ്യും.

പുരോ : പിതാവിനും പുത്രനും.....

സമൂഹം : ആദിമുതൽ.....

പുരോ : സമൃദ്ധിയിൽ അങ്ങേ സഭയെ വളർത്തണമേ.
വിശ്വാസത്തിന്റെ കോട്ടയാൽ
അവളെ പരിരക്ഷിക്കണമേ.

കാരോസൂസ:

സഹായി: നമുക്കെല്ലാവർക്കും വിശ്വാസത്തോടും സ്നേഹത്തോടും കൂടെനിന്നു് "കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു" എന്നു് ഏറ്റുപറയാം.

സമൂഹം: കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സഹായി അങ്ങേ ദിവ്യരക്തത്താൽ അങ്ങു വീണ്ടെടുക്കുകയും രക്ത സാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്കു പ്രയാസങ്ങളേയും എതിർപ്പുകളേയും നേരിടുന്നതിനും അങ്ങേ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തിനൽകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സഹായി: സഭയോടൊത്തു ചിന്തിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സു് അങ്ങേ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സഹായി: വിവിധ സഭകൾ തമ്മിൽ പരസ്പരധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സഹായി: അങ്ങയുടെ ആദർശങ്ങൾക്കൊത്തു സത്യസഭയെ ധീരമായി നയിക്കുന്നതിനുവേണ്ട അനുഗ്രഹം സഭാതലവനായ മാർ (പേരു്) പാപ്പായ്ക്കും ഞങ്ങളുടെ പിതാവായ മാർ (പേരു്) മെത്രാപ്പോലീത്തായ്ക്കും (മെത്രാനും) മറെറല്ലാ മേലധ്യക്ഷന്മാർക്കും നൽകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പുരോ: ഞങ്ങളുടെ കത്താവായദൈവമേ, അങ്ങേയ്ക്കു പ്രിയംകരങ്ങളായ സുകൃതങ്ങൾ ഞങ്ങളിലും, ഞങ്ങളുടെ കുടുംബങ്ങളിലും പരിമളം പരത്തുവാൻ കൃപ ചെയ്യണമേ. അങ്ങേയ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ടു് ഞങ്ങൾ ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പും ആകു

വാൻ അങ്ങുതന്നെ ഞങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

ഓനീസാദ്ഃറാസേ

പുരോ: കർത്താവിന്റെ ബലിവേദിയിലേയ്ക്കു ഞാനണയും. രക്ഷയുടെ കാസാ എടുത്തുകൊണ്ട് ഞാൻ കർത്താവിന്റെ നാമം വിളിക്കും. (സങ്കീ: 115)

സമൂഹം: കർത്താവായ ദൈവമേ, അങ്ങയുടെ സഭയെ സമാധാനത്തിൽ പരിപാലിക്കണമേ. ലോകത്തിന്റെ നവീകരണത്തിനും ജനതകളുടെ വിശുദ്ധീകരണത്തിനുമായി അർപ്പിക്കപ്പെടുന്ന ഈ ബലിവസ്തുക്കളോടൊപ്പം ഞങ്ങളേയും ഞങ്ങളുടെ ജീവിതക്ലേശങ്ങളേയും അങ്ങു സ്വീകരിക്കണമേ.

ഓനീസാദ്ഃവേമ്മ

സമൂഹം: കർത്താവിന്റെ മേശയിൽനിന്നു ഭക്ഷിക്കുന്ന നമ്മെ സ്നേഹത്തിലും ഐക്യത്തിലും അവിടുന്നു സംരക്ഷിക്കട്ടെ. സഭയുടെ ബലിവേദിയിൽ തന്റെ ശരീര രക്തങ്ങൾ തരുന്ന മിശിഹായെ നമുക്കു വാഴ്ത്താം.

ദ്ഃവാത്തേ

സഹായി: കർത്താവിന്റെ ബലിപീഠത്തിൽനിന്നു ഭക്ഷിച്ചു നമുക്കു തൃപ്തരാകാം. സഭയുടെ വിശ്വസ്തസന്താനങ്ങളായി വർത്തിക്കുവാൻ ഈ ദിവ്യകൂദാശ നമ്മെ ശക്തരാക്കട്ടെ.

8. ഏലിയാ, ശ്ലീവാ, മൂശക്കാലങ്ങൾ

(കർത്താവിന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനം)

സങ്കീർത്തനം: (50)

പുരോ : കർത്താവായ ദൈവം സംസാരിച്ചു.
സൂര്യോദയംമുതൽ അസ്തമയംവരെ
അവിടുന്നു ഭൂമിയെ വിളിച്ചു.

സമൂഹം : കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
ലോകമെല്ലാം കർത്താവിനെ സ്തുതിക്കട്ടെ.
എന്തുകൊണ്ടെന്നാൽ, അവിടുന്നു
ഭൂമിയെ വിധിക്കാൻ വരുന്നു. (സങ്കീ: 96)

പുരോ : സൗന്ദര്യപൂർണ്ണമായ സീയോനിൽനിന്നു
ദൈവം പ്രകാശം വീശുന്നു.
നമ്മുടെ ദൈവം വരുന്നു.
അവിടുന്നു മൗനമായിരിക്കുകയില്ല.

സമൂഹം : എരിയുന്ന തീ അങ്ങേയ്ക്കു മുൻപേ നീങ്ങുന്നു.
അങ്ങയുടെ ചുറ്റും കൊടുങ്കാറ്റ് ഇരമ്പുന്നു.

പുരോ : തന്റെ ജനത്തെ വിധിക്കാൻ
അവിടുന്നു മുകളിൽനിന്ന് ആകാശത്തെയും
ഭൂമിയേയും വിളിക്കുന്നു.

സമൂഹം : ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന
നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ.
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു.
എന്തെന്നാൽ വിധിക്കുന്നവൻ ദൈവമാകുന്നു.

പുരോ : പിതാവിനും പുത്രനും.....

സമൂഹം : ആദിമുതൽ.....

പുരോ : കത്താവിനു പുതിയ കീർത്തനം പാടുവിൻ.
ലോകമെല്ലാം കത്താവിനെ സ്തുതിക്കട്ടെ.
എന്തുകൊണ്ടെന്നാൽ, അവിടുന്നു
ഭൂമിയെ വിധിക്കാൻ വരുന്നു.

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെനിന്നു കത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സഹായി: പ്രമാണങ്ങളേയും പ്രവാചകന്മാരേയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ മേലധികാരികളിൽ അങ്ങയെ ദർശിക്കുവാനും അവരുടെ ആജ്ഞകളനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്നു് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം : കത്താവേ,.....

സഹായി : ഏലിയായുടെ തീക്ഷ്ണതയോടും മൂശയുടെ ധൈര്യത്തോടുംകൂടെ ജീവിതകാലം മുഴുവൻ അങ്ങേയ്ക്കു ശുശ്രൂഷചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്നു് അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം : കത്താവേ,.....

സഹായി : താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും അങ്ങേ മഹത്വം കണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവേ, വിധിദിവസത്തിൽ മഹത്വപൂർണ്ണനായി അങ്ങു പ്രത്യക്ഷപ്പെട

മ്പോൾ ആനന്ദത്തോടെ അങ്ങയെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്നു അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: അക്രമം കൈവെടിഞ്ഞു സ്നേഹത്തിലും സഹിഷ്ണുതയിലും സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ ലോകജനതയെ നയിക്കുവാൻ രാഷ്ട്രതലവന്മാരെ പഠിപ്പിക്കണമെന്നും അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: തിരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു മൂശ നയിച്ചതുപോലെ സ്വർഗ്ഗീയഭവനത്തിലേക്കു ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധപിതാവു മാർ (പേരു) പാപ്പായേയും ഞങ്ങളുടെ മേലധ്യക്ഷനായ മാർ (പേരു) മെത്രാപ്പോലീത്തായേയും (മെത്രാനേയും) സഹാധ്യക്ഷന്മാരേയും അനുഗ്രഹിക്കണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ,.....

സഹായി: ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, അങ്ങു കുരിശുടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ അങ്ങയുടെ വലത്തുഭാഗത്തു അണിനിരക്കുവാൻ ഞങ്ങളെ അർഹരാക്കണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ,.....

പുരോ: പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശുടയാളത്തോടുകൂടി വാന

മേഘങ്ങളിൽ അങ്ങു പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ച് അങ്ങയെ എതിരേല്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ പെസഹാരഹസ്യത്തിൽ സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ സ്വർഗ്ഗരാജ്യത്തിനു് അവകാശികളാക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : കർത്താവിന്റെ വിശുദ്ധസ്ഥലത്തു നിങ്ങൾ അവിടത്തെ സ്തുതിക്കുവിൻ. (സങ്കീ: 150, 1)

സമൂഹം : പാപികളായ നമുക്കുവേണ്ടി ദൈവകുമാരൻ കുരിശിൽ മരിച്ചു. തന്റെ മഹത്വമേറിയ രണ്ടാമത്തെ ആഗമനംവരെ നമ്മുടെ യാഗവേദിയിൽ നമുക്കായി അവിടുന്നു തന്നെത്തന്നെ അർപ്പിക്കുന്നു. ആകയാൽ, സ്നേഹാദരങ്ങളോടെ നമുക്കവിടുത്തെ സമീപിക്കുകയും നിത്യഭാഗ്യത്തിന്റെ പ്രതീക്ഷയോടെ ഈ ബലി അർപ്പിക്കുകയും ചെയ്യാം.

ദ്വേമ്മ

സമൂഹം : ദൈവപുത്രന്റെ മരണംവഴി കുരിശു വിജയംവരിച്ചു. കുരിശാകുന്നു ഭാവിമഹത്വത്തിന്റെ അച്ചാരം. കുരിശിന്റെ തണലിൽ നമുക്കഭയം തേടാം. ക്രൈസ്തവന്റെ പടവാളും സ്നേഹത്തിന്റെ പതാകയുമായ കുരിശിൽ നമുക്കഭിമാനിക്കാം. കുരിശിലെ ബലിവഴി അങ്ങയുടെ ശരീരരക്തങ്ങൾ ഞങ്ങൾക്കു നല്കിയ കർത്താവേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ദ്വാത്തേ

സഹായി: സഹോദരരേ, ഇതാ നമുക്കായി സ്വർഗ്ഗീയവിരുന്നൊരുക്കപ്പെട്ടിരിക്കുന്നു. ഇതിൽ പങ്കുകൊള്ളുന്ന നമ്മെ ദൈവം എന്നേക്കുമായി തന്റെ രാജ്യത്തിനവകാശികളാക്കട്ടെ.

9. പള്ളിക്കുദാശക്കാലം

സങ്കീർത്തനം: (64)

പുരോ: ആകാശമണ്ഡലത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.
അത്യുന്നതങ്ങളിൽ അവിടുത്തെ പുകഴ്ത്തുവിൻ.

സമൂഹം: കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
നീതിമാന്മാരുടെ സമൂഹത്തിൽ അവിടുത്തെ
പുകഴ്ത്തുവിൻ.

പുരോ: അത്യുന്നതങ്ങളിൽ അവിടുത്തെ പുകഴ്ത്തുവിൻ.
കർത്താവിന്റെ മാലാഖാമാരേ അവിടുത്തെ
സ്തുതിക്കുവിൻ.

സമൂഹം: കർത്താവിന്റെ സൈന്യങ്ങളെ അവിടുത്തെ
പുകഴ്ത്തുവിൻ.
സൂര്യനും ചന്ദ്രനും കർത്താവിനെ സ്തുതിക്കുവിൻ.
മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ, കർത്താവിനെ
പുകഴ്ത്തുവിൻ.

പുരോ: അവിടുന്ന് അരുളിച്ചെയ്തപ്പോൾ അവയെല്ലാം
ഉണ്ടായി.
അവിടുന്നു ആജ്ഞാപിച്ചപ്പോൾ അവയെല്ലാം.
സൃഷ്ടിക്കപ്പെട്ടു.

സമൂഹം : അവിടുന്നു് അവയെല്ലാം നിത്യകാലത്തേക്കു്
സുസ്ഥിരമാക്കി.
അലംഘ്യമായ നിയമവും അവിടുന്നു അവയ്ക്കു നല്കി.
ഭൂലോകത്തിലെങ്ങും കർത്താവിനെ സ്തുതിക്കുവിൻ.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

പുരോ : കർത്താവിനു പുതിയ കീർത്തനം പാടുവിൻ.
നീതിമാന്മാരുടെ സമൂഹത്തിൽ
അവിടുത്തെ പുകഴ്ത്തുവിൻ.

കാറോസൂസ:

സഹായി: നമുക്കെല്ലാവർക്കും സന്തോഷത്തോടെ തിരുസ്സഭയുടെ ഭാവിമഹത്വത്തെ സ്മരിച്ചുകൊണ്ടു് "കർത്താവേ, അങ്ങയുടെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരക്കണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവേ, അങ്ങയുടെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

സഹായി: ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനമനുസരിച്ചു് സഭയിൽ നിരന്തരം വസിച്ചുകൊണ്ടു് അവളെ നിത്യഭാഗ്യത്തിലേയ്ക്കു് നയിക്കുന്ന കർത്താവേ,

സമൂഹം : അങ്ങയുടെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

സഹായി: ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി സഭയെ സ്വർഗ്ഗീയ ജറുസലത്തേയ്ക്കു് സുരക്ഷിതമായി നയിച്ചുകൊണ്ടിരിക്കുന്ന കർത്താവേ,

സമൂഹം : അങ്ങയുടെ മഹത്വത്തിൽ

ഞങ്ങളെ പങ്കുകാരാക്കണമേ.

സഹായി: സഭയെ സ്നേഹിക്കുകയും നിർമ്മലവധുവായിരിക്കുവാൻ അവിടുക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത കർത്താവേ,

സമൂഹം : അങ്ങയുടെ മഹത്വത്തിൽ

ഞങ്ങളെ പങ്കുകാരാക്കണമേ.

സഹായി: ലോകസൃഷ്ടിക്കുമുമ്പുതന്നെ അങ്ങേയ്ക്കുണ്ടായിരുന്ന മഹത്വത്തിൽ ഞങ്ങളും പങ്കുകാരാകുവാൻ വേണ്ടി അനുദിനം ഞങ്ങളുടെ കുരിശുമെടുത്തു് അങ്ങയെ അനുഗമിക്കുവാൻ ആഹ്വാനംചെയ്ത കർത്താവേ,

സമൂഹം : അങ്ങയുടെ മഹത്വത്തിൽ

ഞങ്ങളെ പങ്കുകാരാക്കണമേ.

പുരോ: തിരുസ്സഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ, അങ്ങേ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന ഈ സമൂഹത്തിൽ അങ്ങു പ്രസാദിക്കണമേ. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ അങ്ങു പിതാവിനോടു് ഒന്നായിരിക്കുന്നതുപോലെ ഞങ്ങളും അങ്ങിൽ ഒന്നായിരിക്കുവാൻ സഹായിക്കണമേ. നിത്യസൗഭാഗ്യത്തെ നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളേവരേയും നിലനിലപിന്റെ വരം നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : അത്യുന്നതന്റെ വാസസ്ഥലം പരിശുദ്ധമാകുന്നു. (സങ്കീ: 46)

സമൂഹം : മഹത്വത്തിന്റെ രാജാവേ, നിന്റെ സഭയെ നീ ലാവണ്യമണിയിച്ചു. മാലാഖാമാരും മനുഷ്യരും സഭയുടെ പ്രതിഷ്ഠയിൽ കീർത്തനങ്ങളാലപിക്കുന്നു. വിശുദ്ധസ്ഥയായ സഭയേ, നിന്റെ വരനിൽ നീ അഭിമാനം കൊള്ളുക. സ്രീധനമായി തന്റെ വിലതീരാത്ത ശരീരരക്തങ്ങൾ അവൻ നിനക്കു നൽകി. നിന്റെ സുതരായ ഞങ്ങളേവരും ഒരുമിച്ചു് 'യുഗങ്ങളുടെ രാജാവേ, നിനക്കു സ്തുതി' എന്നു് ദൈവത്തെ പ്രകീർത്തിക്കുകയും കൃതജ്ഞതാപൂർവ്വം ബലിയർപ്പിക്കുകയും ചെയ്യുന്നു.

ദ്വേമ്മ

സമൂഹം : സഭാമാതാവേ, നിന്റെ സന്താനങ്ങളുടെ അധരങ്ങൾ വഴി നീ മിശിഹായ്ക്കു് കൃതജ്ഞതയർപ്പിക്കുക. എന്തുകൊണ്ടെന്നാൽ അവൻ നിനക്കുവേണ്ടി പീഡയനുഭവിച്ചു. കേപ്പയാകുന്ന പാറമേൽ നിന്നെ പണിതുയർത്തി. നിന്നെ സംരക്ഷിക്കുവാൻ അജപാലകന്മാരെ നല്കി. തന്നെത്തന്നെ നൽകിക്കൊണ്ടു് ദൈവരാജ്യത്തിന്റെ ഭക്ഷണം നിന്നിൽ സജ്ജീകരിക്കുകയും ചെയ്തു. മാലാഖാമാരോടുകൂടി നമുക്കു കർത്താവിനെ സ്തുതിക്കാം.

ദ്വാത്തേ

സഹായി: സഹോദരരേ, സഭാമാതാവിന്റെ മഹത്വീകരണത്തിൽ നമുക്കു സന്തോഷിക്കാം. നവജീവനിലേയ്ക്കു് നയിക്കുന്ന ഈ ദിവ്യ രഹസ്യങ്ങളിൽ പ്രത്യാശയോടെ നമുക്കു് പങ്കുകൊള്ളുകയും ചെയ്യാം.

10. മാതാവിന്റെ തിരുനാൾ

ഓനീസാദ്ഃറാസേ

പുരോ: ഞാൻ നിനക്കു സ്തുതിയുടെ ബലികളർപ്പിക്കും. (സങ്കീ: 115)

സമൂഹം: കർത്താവായ ദൈവമേ, അങ്ങയെ പ്രീതിപ്പെടുത്തിയ കന്യകാമറിയത്തിനു അങ്ങു നൽകിയ ദാനങ്ങളെ പ്രതി ഞങ്ങളങ്ങേക്കു നന്ദിപറയുകയും കൃതജ്ഞതാ ബലികളർപ്പിക്കുകയും ചെയ്യുന്നു.

ദ്ഃവേമ്മ

സമൂഹം: അത്യുന്നതനാകിരിക്കെ സ്വയംവിനീതനാക്കി കന്യകാമറിയത്തിൽനിന്നു അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു; അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ തന്റെ ശരീരരക്തങ്ങൾ നമുക്കു നൽകുകയും ചെയ്തു. ആകയാൽ സ്വർഗ്ഗീയഗണങ്ങളോടുചേർന്നു നമുക്കും അവിടുത്തെ പാടിപ്പുകഴ്ത്താം.

ദ്ഃവാത്തേ

സഹായി: സഹോദരരേ, വരുവിൻ. കന്യകാമറിയത്തിൽനിന്നു പിറന്ന ദിവ്യകുഞ്ഞാടിന്റെ ശരീരരക്തങ്ങൾ ഭക്ത്യാദരപൂർവ്വം നമുക്കു സ്വീകരിക്കാം.

11. വി. യൗസേപ്പിന്റെ തിരുനാൾ

ഓനീസാദ്ഃറാസേ

പുരോ: നീതിമാന്റെ സ്മരണ എന്നും നിലനിൽക്കും. (സങ്കീ: 112)

സമൂഹം : മിശിഹായുടെ വളർത്തുപിതാവായ വി. യൗസേപ്പിന്റെ സ്മരണ വിശുദ്ധ മദ്ബഹായിൽ ആചരിക്കപ്പെടുന്നു. ശത്രുകരങ്ങളിൽനിന്നും ദിവ്യഉണ്ണിയെ കാത്തുരക്ഷിച്ച ആ വത്സലപിതാവിനെ നമുക്കു പാലകനും മദ്ധ്യസ്ഥനുമായി നല്കിയ കാരുണ്യവാനായ ദൈവത്തെ നമുക്കു പ്രകീർത്തിക്കാം.

ദ്വേമ്മാ

സമൂഹം : ദത്തുപുത്രസ്ഥാനത്തേയ്ക്ക് ഞങ്ങളെ ഉയർത്തി, സ്നേഹപൂർവ്വം സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്തിനു് എന്നേയ്ക്കും സ്തുതി. വിശുദ്ധ രഹസ്യങ്ങളുടെ പക്കലേക്കണയുന്ന ഞങ്ങൾക്കു് വി. യൗസേപ്പിന്റെ തീക്ഷ്ണതയും ജീവിതനൈർമ്മല്യവും മാതൃകയായിരിക്കട്ടെ.

ദ്വാത്തേ

സഹായി: വിശുദ്ധജനമേ, വരുവിൻ. വിശ്വാസികളുടെ ഗണമേ വരുവിൻ. വിശ്വാസത്തോടും പരസ്പര സൗഹാർദ്ദത്തോടുംകൂടി ഈ ദിവ്യരഹസ്യങ്ങളിൽ നമുക്കു പങ്കുകൊള്ളാം.

12. വി. തോമാശ്ലീഹായുടെ ഓർമ്മ

ഓനീസാദ്റാസേ

പ്രോ : നീ ഭാഗ്യവാനാകുന്നു. നീ എന്നും അനുഗ്രഹിക്കപ്പെട്ടവനും ആകുന്നു. (സങ്കീ: 127)

സമൂഹം : കർത്താവേ, അങ്ങേ വത്സലശിഷ്യനും ഞങ്ങളുടെ പിതാവുമായ മാർ തോമ്മാശ്ലീഹാ അങ്ങയുടെ ദൈവതത്വത്തേയും മനുഷ്യതത്വത്തേയും ഏറ്റുപറഞ്ഞുവല്ലൊ.

അനുദിനം ഞങ്ങളുടെ അൾത്താരകളിൽ അർപ്പിക്കപ്പെടുകയും അപ്പത്തിൻറെയും വീഞ്ഞിൻറെയും രൂപത്തിൽ ഞങ്ങളിലേക്കെഴുന്നള്ളിവരികയും ചെയ്യുന്ന അങ്ങയെ ദർശിക്കുവാൻ ഞങ്ങളുടെ ആദ്ധ്യാത്മിക നയനങ്ങൾ തുറക്കണമേ. വി. തോമ്മാശ്ലീഹായോടുകൂടി 'എൻറെ കർത്താവും എൻറെ ദൈവവും' എന്നു ഉദ്ഘോഷിച്ചുകൊണ്ടു ഞങ്ങളും അങ്ങയെ ഏറ്റു പറയുകയും സ്തുതിക്കുകയും ചെയ്യുന്നു.

ദ്യേമ്മാ

സമൂഹം: നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ഓർമ്മ വിശുദ്ധ മദ്ബഹായിൽ ആചരിക്കപ്പെടുന്നു. വി. തോമ്മാശ്ലീഹാവഴി തൻറെ രാജ്യത്തിലേക്കു നമ്മെ ക്ഷണിച്ച ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങളർപ്പിക്കുവാൻ നാം കടപ്പെട്ടവരാകുന്നു.

ദ്വാത്തേ

സഹായി: സഹോദരരേ, ദൈവപുത്രൻറെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു.

13. മരിച്ചവരുടെ ഓർമ്മ

സങ്കീർത്തനം: (129)

പുരോ: കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. കർത്താവേ, എൻറെ ശബ്ദം കേൾക്കണമേ.

സമൂഹം: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
നിൻറെ തിരുനാമത്തിനു സ്തുതി.

പുരോ: എൻറെ പ്രാർത്ഥന ചെവിക്കൊള്ളണമേ.
കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും.

സമൂഹം : എന്തുകൊണ്ടെന്നാൽ, പാപമോചനം നിന്റെ പക്കൽനിന്നാകുന്നുവല്ലോ. കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

പുരോ : എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു. പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

സമൂഹം : പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

പുരോ : എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു. പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.

സമൂഹം : ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽനിന്നെല്ലാം അവൻ രക്ഷിക്കും.

പുരോ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പുരോ : മരിച്ചവരെ ഉയിർപ്പിക്കുന്നവനെ, നിന്റെ തിരുനാമത്തിനു സ്തുതി.

കാറോസൂസ :

സഹായി: നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെനിന്നു 'കർത്താവേ, നിന്നോട്' ഞങ്ങൾ യാചിക്കുന്നു' എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

സഹായി: മാമ്മോദീസാവഴി സ്വർഗ്ഗരാജ്യത്തിനു് അവകാശിയാവുകയും മരണംവഴി ഞങ്ങളിൽനിന്നു വേർപിരിയുകയും ചെയ്ത ഞങ്ങളുടെ സഹോദരൻ – സഹോദരി (പേരു്) യെ നിത്യഭാഗ്യത്തിൽ ചേർക്കണമെന്നു്.

സമൂഹം : കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

സഹായി: ശുദ്ധീകരസ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ നിത്യാശ്വാസമരുളി അനുഗ്രഹിക്കണമെന്നു്

സമൂഹം : കർത്താവേ,.....

സഹായി: മിശിഹായുടെ പീഡാനുഭവങ്ങളെക്കുറിച്ചു്, മരിച്ചവരുടെ കടങ്ങൾ മോചിക്കുവാൻ കരുണയുണ്ടാകണമെന്നു്

സമൂഹം : കർത്താവേ,.....

സഹായി: ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞ ഞങ്ങളുടെ സഹോദരങ്ങളെ മിശിഹായുടെ ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുകാരാക്കണമെന്നു്

സമൂഹം : കർത്താവേ,.....

സഹായി: മിശിഹായുടെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരും മരണനിദ്രപ്രാപിച്ചവരുമായ ഞങ്ങളുടെ സഹോദരങ്ങളെ നിത്യജീവൻ നല്കി അനുഗ്രഹിക്കണമെന്നു്

സമൂഹം : കർത്താവേ,.....

സഹായി: സൂര്യനെ വെല്ലുന്ന ശോഭയോടെ ഞങ്ങളും അവസാന

വിധിദിവസത്തിൽ ഉയിർത്തെഴുന്നേൽക്കുവാൻ വരം തരണമെന്നും

സമൂഹം : കത്താവേ,.....

സഹായി: ലോകാരംഭംമുതൽ നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തിൽ ഞങ്ങളും എത്തിച്ചേരുവാൻ ഇടയാക്കണമെന്നും.

സമൂഹം : കത്താവേ,.....

പുരോ : കർത്താവേ, ബലവാനായ ദൈവമേ, മരിച്ചവരെ നീ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നീ മഹിമയോടുകൂടി ഉയിർപ്പിക്കുകയും ചെയ്യണമേ.

സമൂഹം : ആമ്മേൻ.

ഓനീസാദ്റാസേ

പുരോ : നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ. (സങ്കീ: 86)

സമൂഹം : കാരുണ്യവാനായ കത്താവേ, മരിച്ചവർക്കുവേണ്ടി ഞങ്ങളപ്പിക്കുന്ന ഈ ബലി ദയയോടെ കൈക്കൊള്ളണമേ. അവരുടെ കടങ്ങളും പാപങ്ങളും മോചിച്ചു സ്വർഗ്ഗസൗഭാഗ്യത്തിനവരെ അർഹരാക്കണമേ. അങ്ങേ തിരുശ്ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ട ഇവരുടെ ആത്മാക്കളെ പ്രകാശത്തിന്റെ മണിയറയിലേക്കാനയിക്കുകയും ചെയ്യണമേ.

ദ്വേമ്മാ

സമൂഹം : പാപങ്ങൾ പൊറുക്കുന്ന കാരുണ്യവാനും നീതിമാനുമായ വിധികർത്താവേ, ഞങ്ങളുടെ മരിച്ചവരുടെ പാപങ്ങൾ ക്ഷമിച്ചു് വിധിദിവസത്തിൽ അവരെ അങ്ങേ വലത്തുഭാഗത്തു നിത്തണമേ. അങ്ങിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ വാഗ്ദാനംചെയ്ത കർത്താവേ, ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും ആരാധനയും സമർപ്പിക്കുന്നു.

ദ്വാത്തേ

സഹായി: സഹോദരരേ വരുവിൻ. ദൈവപുത്രന്റെ ശരീരരക്തങ്ങൾ സ്വീകരിച്ചു് നമുക്കു് ആത്മവിശുദ്ധീകരണം പ്രാപിക്കാം.

വിശുദ്ധഗ്രന്ഥ സൂചിക

1.	ലൂക്കാ.	2, 14
2.	,,	,, ,,
3.	മത്തായി	6, 9–13
	ലൂക്കാ.	11, 2–4
4.	സങ്കീ.	15
5.	സങ്കീ.	150
6.	സങ്കീ.	116
7.	ഐസ.	6, 3
8.	യോഹ.	12, 3
9.	ഹീബ്രു.	1, 3
10.	യോഹ.	8, 12
11.	2 കൊറി	1, 3
12.	കൊളോ.	1, 15
13.	ഹീബ്രു.	10, 22
14.	യോഹ.	19, 34
15.	സങ്കീ.	95
16.	സങ്കീ.	106, 48
17.	ജൂഡ്.	2
18.	2 കൊറി.	13, 14
19.	1 ദിന.	29, 18
20.	1 തെസ.	5, 15
21.	ദാനി.	7, 10
	ഹീബ്രു.	12, 22
22.	സങ്കീ.	104, 4
23.	ഐസ.	6, 3
	വെളിപാട്.	4, 8
24.	മത്തായി.	21, 9
25.	ഐസ.	6, 5
26.	സൂഷ്ടി.	28, 17
27.	1 കൊറി	11, 23–25
	മത്താ.	26, 26–28
	മക്കോ.	14, 22–24
	ലൂക്കാ.	22, 19–20
28.	സങ്കീ.	103, 2
29.	യോഹ.	17, 3
30.	സങ്കീ.	46, 9
31.	സങ്കീ.	51, 1
32.	സങ്കീ.	123, 1
33.	യോഹ.	6, 58
34.	കൊളോ.	1, 13
35.	കൊളോ.	3, 15
36.	ലൂക്കാ.	11, 2
	മത്താ.	6, 9–13
37.	വെളിപാട്.	7, 12
38.	2 കൊറി.	9, 15
39.	എഫേ.	1, 3
40.	യോഹ.	6, 53